ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02 ഡിസംബർ 2019 ലക്കം 12

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

- curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490--2342440

# ഉള്ളടക്കം


1. സർക്കുലർ-വത്സലപിതാവ് കുട്ടികളോട് ..... 5
2. ബൈബിൾ ഞായർ 18/2019 ..... 9
3. കച്ചേരിക്കാര്യം ..... 16
4. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ..... 21
5. ഉത്തരമലബാർ കർഷക പ്രക്ഷോഭം ..... 25
6. സെമിനാരി വാർത്തകൾ ..... 30
7. വിശ്വാസപരിശീലനം ..... 31
8. കുടുംബക്കൂട്ടായ്മ ..... 38
9. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ..... 40
10. ചെറുപുഷ്പ മിഷൻ ലീഗ് ..... 42
11. തിരുബാലസഖ്യം ..... 52
12. യുവജനശുശ്രൂഷ ..... 55
13. കുടുംബപ്രേഷിതത്വം ..... 61
14. വിദ്യാഭ്യാസ ഏജൻസി ..... 66
15. സാൻജോസ് അക്കാഡമി ..... 69
16. എ.കെ.സി.സി. വാർത്തകൾ ..... 73
17. വിമൽജ്യോതി വാർത്തകൾ ..... 75
18. നിർമ്മലഗിരി വാർത്തകൾ ..... 78
19. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ..... 79
20. പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം ..... 82
21. ADSU ..... 83
22. കെസിബിസി മദ്യവിരുദ്ധ സമിതി ..... 86
23. സാമൂഹ്യസേവനവേദി ..... 88
24. ADAM ..... 91
25. ധ്യാനകേന്ദ്രങ്ങളിലൂടെ ..... 92
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..... 94
27. Programme of the Archbishop Mar George Njaralakatt ..... 97
28. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ..... 99
29. Programme of the Auxiliary Bishop Mar Joseph Pamplany ..... 102

Prot. No.677/19; സർക്കുലർ നമ്പർ 19/2019

# വത്സലപിതാവ് പിതാവ് കുഞ്ഞുങ്ങളോട്

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട വത്സലമക്കളേ,

ഹൃദയത്തിൽ കുളിർമ്മയും സന്തോഷവും പ്രതീക്ഷയും നിറച്ചു കൊണ്ട് വീണ്ടും ക്രിസ്മസ് വരവായി. സർവ്വജനത്തിനുംവേണ്ടിയുള്ള സന്തോ ഷത്തിന്റെ സദ്വാർത്ത ലോകംമുഴുവനും അറിയിക്കപ്പെട്ടു. സകലർക്കും രക്ഷകനായി ഉണ്ണീയേശു പിറന്നു. നിങ്ങൾക്കെല്ലാവർക്കും ഹൃദയംനിറഞ്ഞ ക്രിസ്മസ് പുതുവത്സര ആശംസകൾ നേരുന്നു. നന്നായി ഒരുങ്ങി ഉണ്ണീശോയുടെ വരവിനായി കാത്തിരിക്കാൻ നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. ഒപ്പം ഒരു നല്ല പഠന-പരീക്ഷാ കാലവും ഞാൻ നിങ്ങൾക്ക് ആശംസിക്കട്ടെ.

കഴിഞ്ഞവർഷം ക്രിസ്മസിനുള്ള ഒരുക്കമായി നക്ഷത്രദൂത് എന്ന പേരിൽ ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ കുട്ടികളായ നിങ്ങൾ തയ്യാറാക്കിയ ക്രിസ്മസ് സന്ദേശങ്ങൾ ഞാൻ ശ്രദ്ധിക്കു കയുണ്ടായി. അത് കണ്ടപ്പോൾ ഒത്തിരി സന്തോഷവും നിങ്ങളെക്കുറിച്ച് അഭിമാനവും തോന്നി. ആധുനിക മാധ്യമങ്ങൾ ഉപയോഗിച്ച് ഉണ്ണീ ശോയ്ക്ക് സാക്ഷ്യം വഹിക്കാൻ നിങ്ങൾ കാണിച്ച ശ്രദ്ധയും താല്പര്യ വും തീർച്ചയായും ദൈവസന്നിധിയിൽ വളരെ വിലയുള്ളതാണ്.

പ്രിയ കുഞ്ഞുങ്ങളെ, കഴിഞ്ഞവർഷം കുട്ടികൾക്കുള്ള ക്രിസ്മസ് സന്ദേശത്തിൽ നിങ്ങളുടെ കുടുംബത്തിനും കുടുംബാം ഗങ്ങൾക്കും പ്രിയപ്പെട്ടവർക്കും നിങ്ങൾ ഒരു അനുഗ്രഹമായി മാറണം എന്നായിരുന്നല്ലോ ഞാൻ സൂചിപ്പിച്ചത്. ഈ വർഷം ക്രിസ്മസിനുള്ള ഒരുക്കങ്ങളിൽ ആട്ടിടയന്മാരെപോലെ ഉണ്ണീശോയെ മഹത്വ പ്പെടുത്തുന്ന സാക്ഷ്യം വഹിക്കുന്ന കുട്ടികളായിത്തീരണം എന്ന് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ആട്ടിടയന്മാർ അതിവേഗം പോയി പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെ കാണുകയും ഈശോയെക്കുറിച്ച് പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അറിയിക്കുകയും ചെയ്തു എന്നാണല്ലോ വചനം പഠിപ്പിക്കുന്നത് (ലൂക്ക 2:16-17,20) പ്രിയ കുഞ്ഞുങ്ങളെ, നമ്മുടെ ആനുകാലിക ജീവിതത്തിൽ നമുക്കെങ്ങനെ യൊക്കെ ഈശോയെ മഹത്വപ്പെടുത്താനും സാക്ഷ്യംവഹിക്കാനും സാധിക്കും എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

1. ഈ ക്രിസ്മസ് കാലത്ത് നിങ്ങളെല്ലാവരും ഓരോ ദൈവവചനം എല്ലാദിവസവും പലതവണ ആവർത്തിക്കുകയും കാണാതെ പഠിക്കുകയും വേണം. ദൈവവചനം ഇരുമുനയുള്ള വാളാണല്ലോ. ദൈവവചനം കൂടെകൂടെ ആവർത്തിച്ച് പറയുന്നത് നമ്മെയും അത് കേൾക്കുന്നവരെയും ശക്തിപ്പെടുത്തും, ധൈര്യംപകരും, പ്രത്യാശയും പ്രതീക്ഷയും പകരും. കേൾക്കുന്നവരെല്ലാം ദൈവസ്നേഹത്തിൽ ആഴപ്പെടുകയും ചെയ്യും. എല്ലാ ദിവസവും കുരിശ് വരച്ച് കഴിഞ്ഞ് കാണാതെ പഠിച്ചവചനം പപ്പയെയും മമ്മിയെയും പറഞ്ഞ്കേൾപ്പിച്ചതിനുശേഷംവേണം അവർക്ക് സ്തുതി കൊടുക്കാൻ. അങ്ങനെ ചെയ്യുന്നതുവഴി നമ്മുടെ കുടുംബത്തിൽ ഈശോയെ മഹത്വപ്പെടുത്താനും ഈശോയ്ക്ക് സാക്ഷ്യം വഹിക്കാനും സാധിക്കും.

2. ഇരുപത്തഞ്ച് ദിവസങ്ങളിലും വി. കുർബ്ബാനയിൽ പങ്കെടുക്കുന്നതും ദിവ്യകാരുണ്യം സ്വീകരിക്കുന്നതും ഈശോയെ മഹത്വപ്പെടുത്താനും സാക്ഷ്യംവഹിക്കാനുമുള്ള ഏറ്റവും സുന്ദരമായ അവസരമാണ്. പുൽക്കൂട്ടിൽ പിറന്നവന് ആട്ടിടയരും പൂജരാജാക്കന്മാരും ക്രിസ്തുമസ്ദിനത്തിൽ കാഴ്ചദ്രവ്യങ്ങൾ സമർപ്പിച്ചല്ലോ. ഈ ഇരുപത്തഞ്ചുദിവസങ്ങളിലും വി. കുർബ്ബാനയിൽ ഈശോയെ കണ്ടെത്തി നമുക്കുള്ളത് സമർപ്പിക്കണം.

3. മൂന്നാമതായി ഹൃദയത്തിൽ ഈശോയ്ക്കൊരു പുൽക്കൂട് ഉണ്ടാക്കാൻ നമ്മൾ ഒരുങ്ങണം എന്നതാണ്. വിശ്വാസപരിശീലന കേന്ദ്രത്തിന്റെയും ചെറുപുഷ്പ മിഷൻലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്ന സുകൃത ഡയറിയിൽ സൂചിപ്പിച്ചിരിക്കുന്നവ ഇരുപത്തഞ്ച് ദിവസവും അനുഷ്ഠിക്കണം. അതോടൊപ്പം നമ്മുടെ ബന്ധുമിത്രാദികൾക്കും സുഹൃത്തുക്കൾക്കും വാട്ട്സ് ആപ്പും ഫെയ്സ് ബുക്കും വഴി അത് അയച്ചു കൊടുക്കണം. അതോടൊപ്പം സ്കൂളിൽ ചെല്ലുമ്പോൾ കത്തോലിക്കരായ കൂട്ടുകാരോടും അധ്യാപകരോടും ഓരോ ദിവസവും ഒരുങ്ങിയോ എന്ന കാര്യം ചോദിക്കണം. അങ്ങനെ കൂട്ടുകാരുടെ മുന്നിൽ ഈശോയെ മഹത്വപ്പെടുത്താനും സാക്ഷ്യപ്പെടുത്താനും സാധിക്കും.

4. ആശംസകളർപ്പിച്ച കാർഡുകൾ ലഭിക്കുന്നത് നമ്മൾക്ക് ഏറ്റവും സന്തോഷകരമായ കാര്യമാണല്ലോ. മറ്റുള്ളവർക്ക് ഈ സന്തോഷം ലഭിക്കാൻ നമുക്ക് ആശംസാകാർഡുകൾ അയച്ചാലോ? വിലകൊടുത്തു വാങ്ങാതെ നിങ്ങൾക്കുതന്നെ സ്വയം കാർഡുകൾ ഉണ്ടാക്കാൻ സാധിക്കും. നമ്മുടെ കുടുംബത്തിലെ ഏറ്റവും പ്രായംകൂടിയവരായ

മൂന്നുപേർക്കും അയൽപക്കങ്ങളിൽ താമസിക്കുന്ന രണ്ടുപേർക്കും കാർഡ് ഉണ്ടാക്കി അയയ്ക്കുകയോ നല്കുകയോ ചെയ്യുകയാണെങ്കിൽ വളരെ ഹൃദ്യമായിരിക്കും. അങ്ങനെ പ്രായമായവരുടെ മുമ്പിൽ ഈശോയെ മഹത്വപ്പെടുത്താൻ നിങ്ങൾക്ക് സാധിക്കും.

5. ഹൃദയത്തിൽ പുൽക്കൂടുകൾ തയ്യാറാക്കുന്നതോടൊപ്പം 25-ാംതീയതി ആകുമ്പോഴേയ്ക്കും നമ്മുടെ വീട്ടിലും ഒരു ചെറിയ, ലളിതമായ പുൽക്കൂട് തയ്യാറാക്കിയാലോ? പപ്പയുടെയും മമ്മിയുടെയും കൂട്ടുകാരുടെയും സഹകരണത്തോടെ ഒരു ചെറിയ പുൽക്കൂട് തയ്യാറാക്കുന്നത് നല്ലതുതന്നെയാണ്. ഈ വർഷം അധികം പടക്കങ്ങളോ ആകർഷകങ്ങളായ മത്താപ്പുകളോ വാങ്ങാനോ ഉപയോഗിക്കാനോ ശ്രദ്ധിക്കുന്നതിനേക്കാൾ ലളിതമായ പുൽക്കൂട് തയ്യാറാക്കാൻ പരിശ്രമിച്ചാൽ അത് വലിയ ദൈവമഹത്വത്തിനും സ്തുതിക്കും കാരണമായി തീരും.

പ്രിയ മക്കളെ, ആത്മീയമായി നന്നായി ഒരുങ്ങണം, പ്രാർത്ഥിക്കണം. രോഗീസന്ദർശനങ്ങൾ നടത്തണം, ഉള്ളവ പങ്കുവയ്ക്കണം, കഴിഞ്ഞവർഷം ക്രിസ്മസ് ദിനങ്ങളിൽ നിങ്ങൾ പങ്കുവച്ചതുവഴി അദിലാബാദ് രൂപതയിലെ സാലിഗാം ഗ്രാമത്തിലെ ബോർഡിംങ്ങിൽ താമസിക്കുന്ന കുട്ടികൾക്ക് കട്ടിൽ വാങ്ങാനായി സഹായിക്കാൻ സാധിച്ചു. അഭിവന്ദ്യ പ്രിൻസ് പിതാവ് എന്നെ വ്യക്തിപരമായി വിളിച്ച് നന്ദി പറഞ്ഞത് ഞാൻ ഓർക്കുന്നു. ആ നന്ദി കുട്ടികളായ നിങ്ങൾക്ക് അവകാശപ്പെട്ടതാണ്. ഈ വർഷം ഒറീസയിലുള്ള സാമ്പൽപൂർ രൂപതയിലെ ഗുദ്രാപാറ ഇടവകയിലെ ബോർഡിംങ്ങിൽ താമസിക്കുന്ന കുട്ടികൾ സഹായം നമ്മളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തീർച്ചയായും നിങ്ങളുടെ സഹായം വേണം. ഉണ്ണീശോയ്ക്ക് അത് ഏറ്റവും പ്രിയപ്പെട്ടതാണ്.

ഏറ്റവും നല്ല കുട്ടികളായി ഈശോയെ മഹത്വപ്പെടുത്തുന്നവരും ഈശോയ്ക്ക് സാക്ഷികളായി ജീവിക്കുന്നവരുമായി നിങ്ങൾ വളർന്നുവരട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അലക്സാണ്ടർ പോപ്പിന്റെ ഈ വാക്യം നിങ്ങൾക്ക് കാണാപാഠമാണെങ്കിലും അർത്ഥവത്തായതിനാൽ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. "ഒരായിരം പുൽക്കൂട്ടിൽ ഉണ്ണിപിറന്നാലും എന്റെ ഹൃദയത്തിൽ ഉണ്ണി പിറന്നില്ലെങ്കിൽ എനിക്ക് എന്ത് പ്രയോജനം." ടിവിയുടെ ഉപയോഗം കഴിയുന്നത്ര കുറച്ച് മാതാപിതാക്കളോടൊപ്പം കൂടുതൽസമയം ചിലവഴിച്ച് വ്യക്തിപരമായി നന്നായി പ്രാർത്ഥിച്ച് ഈ ക്രിസ്തുമസ്

നമുക്ക് അവിസ്മരണീയമാക്കാം. നിങ്ങളുടെ പപ്പയ്ക്കും മമ്മിയ്ക്കും വീട്ടിലുള്ള മറ്റ് എല്ലാവർക്കും എന്റെ അന്വേഷണങ്ങൾ പറയുമല്ലോ. അതോടൊപ്പം സമയം കിട്ടുമ്പോൾ എനിക്ക് കത്തെഴുതാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ. നിങ്ങൾ അയയ്ക്കുന്ന കത്തുകളൊക്കെ ഞാൻ ശ്രദ്ധാപൂർവ്വം വായിച്ച് മറുപടി എഴുതാറുണ്ട്. ഒരിക്കൽക്കൂടി ആഗതമായിരിക്കുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും അശംസകൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്.

സ്നേഹാശംസകളോടെ, നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

25-11-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 ഡിസംബർ മാസം 8-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും കുട്ടികളുടെ വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

Ref: 3231/K-5/KCBC/OL/DS 08.11.2019

# 2019 ഡിസംബർ 29 ബൈബിൾ ഞായർ

### കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പിതാവായ ദൈവം മനുഷ്യരക്ഷയ്ക്കായി ലോകത്തിലേക്കയച്ച സ്വപുത്രൻ മനുഷ്യരൂപമെടുത്ത് നമ്മുടെയിടയിൽ കൂടാരമടിച്ചതിന്റെ ഓർമയാണ് ആരാധനാവത്സരത്തിലെ ആഗമനകാലത്തിലും തിരുപ്പിറവി കാലത്തിലും നിറഞ്ഞുനില്ക്കുന്നത്. യേശുക്രിസ്തുവിനെ കൂടുതലായി അറിയാനും സ്നേഹിക്കാനും നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിക്കാനുമാണ് ഈ ദിനങ്ങളിൽ നാം പ്രത്യേകമായി ശ്രദ്ധിക്കുന്നത്. യേശുവിനെ അറിയാൻ വിശുദ്ധഗ്രന്ഥത്തിലേക്കാണല്ലോ നാം പ്രഥമമായി തിരിയേണ്ടത്. ബൈബിളിന് വ്യക്തിജീവിതത്തിലും സഭാജീവിതത്തിലുമുള്ള പ്രാധാന്യം സഭാമക്കൾ തിരിച്ചറിയാനും അത് ജീവിതത്തിന്റെ അടിത്തറയാക്കാനുമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ആരാധനാവർഷത്തിലെ മൂന്നാം സാധാരണ ഞായർ 'ദൈവവചന ഞായർ' ആയി ആഘോഷിക്കണമെന്ന് '*അപെരൂയിത് ഇല്ലിസ്*' (Aperuit Illis - AI) എന്ന അസ്തോലിക ലേഖനത്തിൽ 2019 സെപ്റ്റംബർ 30-ാം തീയതി പ്രഖ്യാപിക്കുകയുണ്ടായി.

ദൈവവചനത്തിൽ രൂപമെടുക്കുകയും (cf. അപ്പ 2,41-42; റോമാ 10,17) വചനത്താൽ പോഷിതയാകുകയും (cf. Dei Verbum, 21) ചെയ്യുന്ന സഭയുടെ ജീവിതത്തിൽ വചനമാകുന്ന യേശുക്രിസ്തു സന്നിഹിതനായിരിക്കുന്നത് യേശുവിന്റെ പ്രേഷ്ഠശിഷ്യനായ യോഹന്നാനു ലഭിക്കുന്ന മനോഹരമായ ദർശനത്തിലുണ്ട്: "സ്വർണനിർമിതമായ ഏഴു ദീപപീഠങ്ങൾ ഞാൻ കണ്ടു. ദീപപീഠങ്ങൾക്കു മധ്യേ മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ" (വെളി 1,12-13). സഭയാകുന്ന ദീപപീഠങ്ങൾക്കു മധ്യേ നില്ക്കുന്ന ഈ മനുഷ്യപുത്രൻ ആരെന്ന് വെളിപാടിലെ സമാപന ദൃശ്യത്തിൽ വ്യക്തമാക്കുന്നു: "അവൻ വിളിക്കപ്പെടുന്ന നാമം ദൈവവചനം എന്നാണ്" (വെളി 19,13). ദൈവവചനമാകുന്ന യേശുക്രിസ്തുവിനെ അറിയാനും അടുത്തനുകരിക്കാനും വിശുദ്ധഗ്രന്ഥത്തിലേക്കാണ് നാം തിരിയേണ്ടത്. ക്രിസ്തീയജീവിതത്തിൽ വിശുദ്ധഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട്, ദൈവവചനഞായറിന്റെ പ്രധാന

ലക്ഷ്യങ്ങളായി ദൈവവചനത്തിന്റെ പ്രഘോഷണവും പഠനവും വ്യാപനവും ഫ്രാൻസിസ്പാപ്പ എടുത്തുപറയുന്നു (AI, 3).

## ദൈവജനവും ദൈവവചനവായനയും

വിശുദ്ധഗ്രന്ഥത്തിനു കാതുകൊടുക്കുന്നവരാണ് ദൈവജനം. ബാബിലോണിയായിലെ വിപ്രവാസത്തിൽനിന്ന് സ്വദേശത്തു തിരിച്ചെത്തിയ ഇസ്രായേൽജനം ഒറ്റക്കെട്ടായി (നെഹ 8,1) ജറുസലേമിൽ ജലകവാടത്തിനു മുന്നിലെ മൈതാനത്തു നില്ക്കുന്നതും അതിരാവിലേ മുതൽ മധ്യാഹ്നം വരെ എസ്രാ നിയമഗ്രന്ഥം വായിക്കുന്നതു ശ്രദ്ധാപൂർവം ശ്രവിക്കുന്നതും നെഹമിയായുടെ പുസ്തകം വിവരിക്കുന്നു (നെഹ 8,3). വചനം ശ്രവിച്ച അവർ തങ്ങളുടെ ജീവിതത്തിന്റെ പൊരുൾ അതിൽ കണ്ടെത്തുന്നു. ദൈവവചനം വിശ്വാസികളേവരെയും ഒന്നിപ്പിക്കുകയും അവരെ ഒരു ജനമാക്കിത്തീർക്കുകയും ചെയ്യുന്നു (AI, 4). ദൈവവചനമാണ് പുതിയ ദൈവജനമായ വിശ്വാസീസമൂഹത്തെ ഒന്നിപ്പിക്കുന്നത്. വിശുദ്ധഗ്രന്ഥത്തിലൂടെ നമ്മുടെയിടയിൽ സന്നിഹിതനായിരിക്കുന്ന യേശുവിന് ആരാധനാക്രമത്തിന്റെ ആഘോഷത്തിലൂടെയും വ്യക്തിപരമായ പ്രാർഥനയിലൂടെയും കാതുകൊടുക്കുകയെന്നത് വിശ്വാസികളായ നാമേവരുടെയും കടമയാണ്. കൗദാശികമായും ഏറ്റവും ആഘോഷകരമായും ബൈബിൾ വായിക്കപ്പെടുന്നത് വിശുദ്ധകുർബാനമധ്യേയാണല്ലോ. കർത്താവായ യേശു തന്റെ മണവാട്ടിയായ സഭയോടു നിരന്തരം സംസാരിക്കുന്ന സജീവവചനമാണ് ബൈബിൾ (AI, 2) എന്ന ബോധ്യത്തോടെയായിരിക്കണം കുർബാനയിലെ ദൈവവചനവായന. ക്രൈസ്തവജീവിതത്തിൽ ദൈവവചനം ശ്രവിക്കുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് കേരളസഭ ഏതാനും വർഷങ്ങളായി ഡിസംബർമാസം വചനപാരായണമാസമായി ആചരിക്കുന്നത്. മാംസം ധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിയുടെ ആഘോഷത്തിനായുള്ള നല്ലൊരു ഒരുക്കംകൂടിയാണ് വചനപാരായണം.

## ദൈവജനവും വചനപഠനവും

വചനത്തിനു സമർപ്പിക്കപ്പെടുന്ന ദിവസം വർഷത്തിൽ ഒരിക്കൽ മാത്രമുള്ളതല്ല, അത് വർഷംമുഴുവൻ നീണ്ടുനില്ക്കേണ്ടതാണ് എന്ന് ബൈബിൾ ഞായർ പ്രഖ്യാപിച്ച വേളയിൽ പരിശുദ്ധപിതാവ് ഓർമിപ്പിക്കുന്നുണ്ട് (AI, 8). വചനം വായിക്കുകയും ശ്രവിക്കുകയും ചെയ്യുന്ന ശീലം കേരളസഭയിൽ വ്യാപകമായിരിക്കുന്നു എന്നത് ചാരിതാർഥ്യജ

നകമാണ്. ഈ വചനാഭിമുഖ്യം സഭയുടെ വലിയ ശക്തിതന്നെയാണ്. ബൈബിൾ വായിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതോടൊപ്പം ബൈബിൾ എന്താണെന്ന് ആഴത്തിൽ മനസ്സിലാക്കേണ്ടതും ആവശ്യമാണ്. മനുഷ്യചരിത്രത്തിൽ ഇടപെടുന്ന ദൈവം തിന്മയുടെയും മരണത്തിന്റെയും അധീനതയിൽനിന്ന് മനുഷ്യകുലത്തെ രക്ഷിക്കുന്നതിന്റെ വിവരണമാണല്ലോ ബൈബിൾ. വിശുദ്ധലിഖിതം ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷപ്രാപിക്കുന്നതിനെക്കുറിച്ചു പഠിപ്പിക്കുന്നുവെന്ന് പൗലോസ്ശ്ലീഹാ പറയുന്നു (2 തിമോ 3,15). വിശുദ്ധഗ്രന്ഥത്തിൽ ഉള്ളതെല്ലാം രക്ഷയിലേക്കു നയിക്കുന്നതാണ് (DV, 11). രക്ഷയുടെ സന്ദേശം ഉൾക്കൊള്ളുന്ന ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതുവഴിയാണ് മണവാളനായ യേശുവിനോടുള്ള സ്നേഹത്തിലും വിശ്വസ്തതയിലും സഭ വളരുന്നത്.

ബൈബിൾ പഠിക്കുന്നതിനെ രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ *ദൈവാവിഷ്കാരം* എന്ന പ്രമാണരേഖയിലൂടെ ഏറെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ദൈവം തന്റെ സഭയ്ക്കു നല്കിയ വചനം ആഴത്തിൽ ഗ്രഹിക്കാനുള്ള പരിശ്രമം ക്രൈസ്തവജീവിതത്തിന്റെ ഉയർന്ന മാനദണ്ഡം പ്രകടമാക്കുന്നുവെന്ന് *കർത്താവിന്റെ വചനം* എന്ന അപ്പസ്തോലികാഹ്വാനം (VD, 72) പ്രസ്താവിക്കുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക് യേശു വചനം വ്യാഖ്യാനിച്ചുകൊടുത്തപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുവെന്ന (ലൂക്കാ 24,32) വചനം ബൈബിൾ പഠിതാക്കൾക്ക് പ്രോത്സാഹനമാകണം. ദൈവവചനപഠനം ക്രിസ്തീയജീവിതത്തിന് ഉണർവേകുകയും വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്യും.

## ദൈവവചനത്തിന്റെ വ്യാപനം

നമ്മെ രക്ഷയിലേക്കു നയിക്കുന്ന ദൈവവചനം വലിയ ഒരു ഉത്തരവാദിത്വംകൂടി നമ്മെ ഭരമേല്പിക്കുന്നുണ്ട്. യേശുവിലുള്ള രക്ഷയുടെ സന്ദേശം ലോകംമുഴുവൻ വ്യാപിപ്പിക്കാനുള്ള ദൗത്യം യേശു നമുക്കു നല്കിയിരിക്കുന്നു: "നിങ്ങൾ ലോകമെങ്ങും പോയി സർവസൃഷ്ടികളോടും എന്റെ സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ 16,15). പരിശുദ്ധാത്മാവിനാൽ ശാക്തീകരിക്കപ്പെട്ട ശിഷ്യന്മാർ (യോഹ 20,23; അപ്പ 24) യേശുവിന്റെ സുവിശേഷം സധൈര്യം പ്രഘോഷിച്ചു. ദൈവവചനം അവർക്ക് വായിൽ തേൻപോലെ മധുരിക്കുന്നതും ഉദരത്തിൽ കയ്പായി മാറുന്നതുമായിരുന്നു (എസെ 3,3; വെളി 10,10). ദൈവവച

നത്തിലൂടെ നാമോരോരുത്തരും അനുഭവിക്കുന്ന രക്ഷ തേൻപോലെ മധുരിക്കുന്നതാണ്. ദൈവവചനത്തിന്റെ മാധുര്യം നാം കണ്ടുമുട്ടുന്ന വരുമായി അതു പങ്കുവയ്ക്കാനും അതിലടങ്ങിയിരിക്കുന്ന പ്രത്യാശ പ്രഘോഷിക്കാനും (1 പത്രോ 3,15-16) നമ്മെ പ്രചോദിപ്പിക്കുന്നു. വചനത്തിന്റെ പ്രകാശം ലോകമെമ്പാടും എത്തിക്കുകയെന്ന ക്രിസ്തുശിഷ്യന്മാർ തുടങ്ങിവച്ച ദൗത്യം ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കുമുള്ളതാണെന്ന് ഒക്ടോബർ 2019-ലെ അസാധാരണ പ്രേഷിതമാസത്തെക്കുറിച്ചുള്ള മാർഗനിർദേശക രേഖയിൽ ഫ്രാൻസീസ് പാപ്പാ ഓർമിപ്പിക്കുന്നു. ദൈവവചനത്തിനു സാക്ഷ്യംനല്കാൻ അയയ്ക്കപ്പെട്ടവരാണ് ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും.

ദൈവവചനത്തിനു സാക്ഷ്യം നല്കുകയെന്നാൽ പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണ് അർഥമാക്കുന്നത്. കരുണാർദ്രസ്നേഹത്തിന്റെ സമ്പൂർണ പ്രകടനമായിരുന്നു ഒന്നും തനിക്കായി മാറ്റിവയ്ക്കാതെ, എല്ലാവർക്കുമായി സർവതും ദാനം ചെയ്ത യേശുവിന്റെ ജീവിതം. ദൈവവചനം നമ്മെ കരുണയിലേക്കു നയിക്കണമെന്ന് വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ ലാസറിന്റെ ഉപമ നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. ഈ ഉപമയിൽ ഏറെ ശക്തമാണ് അബ്രാഹത്തിന്റെ വാക്കുകൾ: "അവർക്ക് മോശയും പ്രവാചകരും ഉണ്ടല്ലോ. അവരെ കേൾക്കട്ടെ" (ലൂക്കാ 16,29). 'മോശയും പ്രവാചകരും' എന്നതുകൊണ്ട് ഉദ്ദേശിച്ചത് വിശുദ്ധലിഖിതംതന്നെയാണ്. വചനം ശ്രവിക്കുന്നവർ നമ്മുടെ ചുറ്റുമുള്ള ലാസറുമാരെ അവഗണിക്കരുതെന്നു ചുരുക്കം.

ദൈവവചനം ശ്രവിക്കുകയും കരുണ ജീവിതത്തിൽ പ്രാവർത്തികമാക്കുകയുമാണ് നമ്മുടെ മുന്നിലുള്ള വലിയ വെല്ലുവിളി. ദൈവവചനത്തിനു ജീവിതത്തിൽ സാക്ഷ്യംനല്കാനും ദൈവവചന വ്യാപനത്തിനായി ജീവൻ സമർപ്പിക്കാനും മുന്നിട്ടിറങ്ങുന്നവരെ കാത്തിരിക്കുന്നത് എന്താണെന്നതിന്റെ പ്രതീകമാണ് എസെക്കിയേൽ പ്രവാചകൻ മുകളിൽ സൂചിപ്പിച്ച 'ഉദരത്തിൽ അനുഭവപ്പെടുന്ന കയ്പ്'. ദൈവവചനം ജീവിതത്തിൽ സ്ഥിരതയോടെ പിഞ്ചെല്ലുക എത്ര ദുഷ്കരമാണെന്ന തിരിച്ചറിവാണിത്. നമ്മുടെ കണ്ണുകൾ തുറക്കാനും മുരടിപ്പിക്കുന്നതും തരിശുമായ വ്യക്തിവാദത്തിൽനിന്ന് (individualism) പങ്കുവയ്ക്കലിന്റെയും ഐകമത്യത്തിന്റെയും (solidarity) പുതിയ പാതയിലേക്കു നമ്മെ നയിക്കാനും ശക്തമാണ് ദൈവവചനം (AI, 13). ദൈവവചന

ഞായർ ആഘോഷങ്ങൾ ദൈവാനുഭവത്തിൽനിന്ന് പങ്കുവയ്ക്കലും സ്വയംദാനവുമാകുന്ന കാരുണ്യപ്രവൃത്തികളിലേക്കു നമ്മെ നയിക്കണമെന്നാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇവിടെ ഉദ്ബോധിപ്പിക്കുന്നത്.

## ദൈവവചനവും കേരളസഭയും

ഫ്രാൻസീസ് പാപ്പ ആഗോളസഭയ്ക്കായി ബൈബിൾ ഞായർ പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസരത്തിൽ, വർഷങ്ങളായി നാം ബൈബിൾ ഞായറും ബൈബിൾ മാസവും ആഘോഷിച്ചു വരികയാണെന്ന് കേരളസഭയ്ക്ക് അഭിമാനപൂർവം പറയാൻ കഴിയും. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്.

വചനമേഖലയിൽ കേരളസഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹപ്പെരുമഴ വലിയ ഉത്തരവാദിത്വവും നമ്മെ ഭരമേല്പിക്കുന്നുണ്ട്. ബൈബിൾ സാധാരണ ലത്തീൻഭാഷയിൽ (വുൾഗാത്ത) വിവർത്തനംചെയ്ത് ദൈവവചനം എല്ലാവരിലും എത്തിക്കാൻ പരിശ്രമിച്ച വി. ജറോമിന്റെ 1600-ാം മരണവാർഷികത്തോടനുബന്ധിച്ച് ഡിസംബർ 1-മുതൽ 2020 സെപ്റ്റംബർ 30-വരെ കൂടുതൽ ബൈബിൾ അധിഷ്ഠിത പരിപാടികൾ നടത്താൻ അന്തർദേശീയ ബിബ്ലിക്കൽ ഫെഡറേഷൻ പ്രസിഡന്റ് കർദിനാൾ ലൂയിസ് അന്തോണിയോ താഗ്ലേ ആഹ്വാനം ചെയ്യുന്നു. വചനമേഖലയിൽ നാം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കൂടുതൽ ഉത്സാഹത്തോടെ തുടരാൻ ഈ ആരാധനാവർഷം നമുക്ക് ഉത്സാഹിക്കാം. ബൈബിളിനുള്ള പ്രാധാന്യം എടുത്തുകാണിക്കാൻ ബൈബിൾ ഞായറോടനുബന്ധിച്ച് വിശുദ്ധകുർബാനയിൽ ബൈബിൾ ആഘോഷപൂർവം പ്രതിഷ്ഠിക്കുന്നത് ഉചിതമാണെന്ന് ഫ്രാൻസിസ്പാപ്പ വചനഞായറിനെക്കുറിച്ചുള്ള അപ്പസ്തോലികലേഖനത്തിൽ പറയുന്നുണ്ട്. വചനപാരായണമാസമായി ആചരിക്കുന്ന ഡിസംബർ മാസത്തിൽ ഇടവകകൾതോറും പ്രാർഥനാനിർഭരമായ അന്തരീക്ഷത്തിൽ ഒരു ദിവസമെങ്കിലും നീളുന്ന വചനപാരായണം സംഘടിപ്പിക്കേണ്ടതാണ്. 'ദിവ്യവായന' എന്നറിയപ്പെടുന്ന പ്രാർഥനാരീതി വിശ്വാസികളായ എല്ലാവരും പരിശീലിക്കുന്നത് നല്ലതാണ്. ശ്രദ്ധയോടും ഭക്തി

യോടുംകൂടി വിശുദ്ധഗ്രന്ഥം വായിക്കുന്നതാണ് ഇതിലെ ആദ്യ ഘട്ടം. തുടർന്ന് വിചിന്തനത്തിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നത് മനസ്സിലാക്കുന്നു. ദൈവവുമായുള്ള സംഭാഷണത്തിൽ ഏർപ്പെടുന്ന പ്രാർഥനയാണ് അടുത്തത്. അവസാനം നമ്മുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ സാന്നിധ്യാനുഭവത്തിലേക്ക് ഉയർത്തുന്ന പൂർണധ്യാനത്തിൽ നാം എത്തിച്ചേരുന്നു. ഇടവകകളിൽ ദൈവവചനം വായിച്ചു പ്രാർഥിക്കുന്ന കൂട്ടായ്മകൾക്കു രൂപംകൊടുക്കുന്നതുവഴി ഇടവകസമൂഹത്തിന്റെ വിശ്വാസജീവിതം ശക്തിപ്പെടുത്താൻ കഴിയും.

ഈ വർഷവും കേരളം പ്രകൃതിദുരന്തത്തിന് ഇരയായി. കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും ബൈബിൾ നഷ്ടമായവർക്ക് അവ എത്തിച്ചു നല്കാൻ ബൈബിൾ കമ്മീഷനോടൊപ്പം രൂപതാ ബൈബിൾ അപ്പോസ്തലേറ്റും സംഘടനകളും വ്യക്തികളും മുന്നിട്ടിറങ്ങിയെന്നത് സന്തോഷകരമാണ്. ബൈബിൾ ഇല്ലാത്ത കുടുംബങ്ങളിൽ ഇടവക തന്നെ മുൻകൈയെടുത്ത് ബൈബിൾ കൊടുക്കുന്നത് ഇടവകസമൂഹത്തിന്റെ കടമയായി മാറണം. ബൈബിൾ ആഴത്തിൽ ഗ്രഹിക്കാൻ പരിശുദ്ധപിതാവു നല്കുന്ന ആഹ്വാനമനുസരിച്ച്, ബൈബിൾ പഠന വേദികൾ ഒരുക്കുന്നതിന് കുടുതൽ ഇടവകകൾ മുന്നോട്ടു വരുന്നതിനെ അഭിനന്ദിക്കുന്നു.

കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്. കഴിഞ്ഞവർഷം ശ്രവണവൈകല്യമുള്ളവർക്കായി ലോഗോസ് സംഘടിപ്പിച്ചതുവഴി അവരുടെയിടയിൽ വചനസ്നേഹവും വചന പഠനൗത്സുക്യവും വളർത്താനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും നമുക്കു കഴിഞ്ഞു. ശാരീരിക പരാധീനതകളുള്ളവർപോലും വചനത്തോടു കാണിക്കുന്ന ഈ ആവേശം അവരുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ കഴിവുകളുള്ള നാം എത്രമാത്രം വചനത്തിനായി സമയം കണ്ടെത്തണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്.

കേരള കത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 29-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബിൾപ്രേഷിതപ്രവർത്തനങ്ങൾക്കുപകരിക്കും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.

ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ ഹൃദയവാതിലുകൾ തുറന്ന് സ്വീകരിക്കാനും അവിടത്തെ സുവിശേഷം ഏവരിലും എത്തിക്കാനും ഉത്സാഹിക്കണമെന്ന് ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും സ്നേഹപൂർവം നേർന്നുകൊണ്ടും,

**+ ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**+ ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം കൊച്ചി – 682 025

---

NB: 2019 ഡിസംബർ 29-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




## 1. നവ വൈദികർ

ഈ വർഷം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി ആറ് മ്ശംശാനമാർ തിരുപ്പട്ടം സ്വീകരിക്കുന്നു. കുന്നോത്ത്, ആലുവ, കോട്ടയം, സത്ന, റോം എന്നിവിടങ്ങളിലെ മേജർ സെമിനാരികളിൽ വൈദികപരിശീലനം പൂർത്തിയാക്കി തിരുപ്പട്ട സ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. തിരുപ്പട്ട സ്വീകരണങ്ങളുടെ സ്ഥലവും സമയവും താഴെ ചേർക്കുന്നു.

| | പേര് | ഫോൺ | ഇടവക | തീയതി | സമയം |
|---|---|---|---|---|---|
| 1. | വട്ടുകളം ജേക്കബ് | 9400105734 | കൊട്ടോടി | 26-12-19 | 09.00 |
| 2. | പഞ്ഞിക്കുന്നേൽ ജേക്കബ് | 8547457834 | കൊട്ടോടി | 26-12-19 | 09.00 |
| 3. | പടിഞ്ഞാറയിൽ ജേക്കബ് | 8547580106 | പടന്നക്കാട് | 28-12-19 | 09.00 |
| 4. | വെള്ളൂർപുത്തൻപുരയിൽ തോമസ് | 8301824840 | ചായോത്ത് | 28-12-19 | 10.00 |
| 5. | മഞ്ഞക്കുന്നേൽ മൈക്കിൾ | 7561010416 | ചൂരപ്പടവ് | 30-12-19 | 09.00 |
| 6. | വള്ളിയിൽ തോമസ് | 9207645775 | ചെറുപാറ | 31-12-19 | 09.00 |

## 2. മംഗളവാർത്തക്കാലം

നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാളിനൊരുക്കമായുള്ള ഇരുപത്തഞ്ച് നോമ്പ് ആചരിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 24 വരെ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കും. ഇക്കാലയളവിൽ വരുന്ന മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## 3. കൂരിയ, ട്രൈബ്യൂണൽ അവധി

ക്രിസ്തുമസ് പ്രമാണിച്ച് ഡിസംബർ 21 മുതൽ 27 വരെ അതിരൂപതാ കൂരിയയ്ക്കും ട്രൈബ്യൂണലിനും അവധിയായിരിക്കും. ജനങ്ങളെ വിവിധാവശ്യങ്ങൾക്കായി ഈ ദിവസങ്ങളിൽ അതിരൂപതാ കേന്ദ്രത്തിലേക്ക് അയയ്ക്കാതിരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## 4. ബൈബിൾ ഞായർ

ഡിസംബർ 29-ാം തീയതി കേരളസഭയിൽ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. ഈ ലക്കത്തിൽ കൊടുത്തിരിക്കുന്ന സർക്കുലർ പള്ളികളിൽ വായിക്കുകയും ബൈബിൾ ഞായർ യുക്തമായ വിധത്തിൽ ആഘോഷിക്കുകയും ചെയ്യുമല്ലോ. ഡിസംബർ 29-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി സമാഹരിക്കുകയും അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

## 5. പുതിയ സ്ഥാപനങ്ങൾ

**1. ക്രിസ്തുരാജാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസ്:** മാനസികാരോഗ്യരംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്ന തിരുഹൃദയസന്യാസിനികളുടെ തൊക്കിലങ്ങാടിയിലുള്ള ക്രിസ്തുരാജാ ഹോസ്പിറ്റലിന്റെ സഹോദരസ്ഥാപനമായി CIMHANS എന്ന പേരിൽ മാനസികരോഗ ചികിത്സാലയം തൊക്കിലങ്ങാടിയിൽ ആരംഭിച്ചു. അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് 22.11.19ന് അതിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

അഡ്രസ്സ് : CIMHANS
Thokkilangady, Kuthuparamba
Nirmalagiri P.O. 670 701
Ph: 9207342561, 0490- 2361230, 2365636

**2. ഹൃദയാരാം സൈക്കോ എഡ്യൂക്കേഷൻ സെന്റർ:** തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ ഇരിട്ടിയിൽ പ്രവർത്തിച്ചുവരുന്ന ഹൃദയാരം സൈക്കോ എഡ്യൂക്കേഷൻ സെന്റർ തന്തോടുള്ള സ്വന്തം കെട്ടിടത്തിൽ 2019 ഡിസംബർ 3 മുതൽ പ്രവർത്തനം ആരംഭിക്കുന്നു.

അഡ്രസ്സ് : ഹൃദയാരാം സൈക്കോ എഡ്യൂക്കേഷൻ സെന്റർ
ഓഷ്യാനസ് കോമ്പൗണ്ട്, തന്തോട്, ഇരിട്ടി
ഫോൺ : 0490 2 491900, 9495064600

## 5. ആദരാഞ്ജലികൾ

**സി. മേരി പംഗ്രേഷ്യസ് കാപ്പിൽ (82) എസ്.എ.ബി.എസ്.**
കിളിയന്തറ : ദിവ്യകാരുണ്യ ആരാധനസഭയുടെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. മേരി പംഗ്രേഷ്യസ് കാപ്പിൽ (82) 2019 ഒക്ടോബർ 29 ന് നിര്യാതയായി. തലശ്ശേരി ജോസ്ഗിരി ആശുപത്രിയിൽ വിശ്രമജീവിതം നയിച്ചുവരി കയായിരുന്നു. ലോക്കൽ സുപ്പീരിയർ, ആസ്പിരൻസ് ഡിറക്ട്രസ്സ്, സോഷ്യൽ വർക്ക് സെന്ററിന്റെ ആനിമേറ്റർ എന്നീ നിലകളിൽ സേവനം



നിർവ്വഹിച്ചു. പാലാവയൽ, പറോട്ടിപൊയിൽ, കോഴിച്ചാൽ, അരവഞ്ചാൽ, നെല്ലിപ്പാറ, കിളിയന്തറ, തോമാപുരം, കണിച്ചാർ, ചേറ്റംകുന്ന് എന്നീ സ്ഥലങ്ങളിലും താമരശ്ശേരി രൂപതയിൽ വിളക്കാംതോട്, പടത്തുകടവ്, ആനിക്കാംപൊയിൽ, മഞ്ഞുവയൽ എന്നീ സ്ഥലങ്ങളിലും മാനന്തവാടി രൂപതയിൽ പുൽപ്പള്ളി, പെരിയ എന്നീ സ്ഥലങ്ങളിലും സിസ്റ്റർ സേവനം ചെയ്തു. മൃതസംസ്ക്കാര ശുശ്രൂഷകൾ 2019 ഒക്ടോബർ 30 ന് കണിച്ചാർ പള്ളിയിൽ അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പ്രധാനകാർമ്മികത്വത്തിൽ നടന്നു. പരേതയ്ക്ക് നിത്യശാന്തി നേരുന്നു. സിസ്റ്ററിനെ ദൈവം നിത്യമഹത്വത്തിലേക്ക് പ്രവേശിപ്പിക്കുമാറാകട്ടെ.

**സി. ഡോയിൽ തേറാട്ടിൽ എസ്.എച്ച്. (80):** തിരുഹൃദയസന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിലെ അംഗമായ സി.



ഡോയിൽ തേറാട്ടിൽ എസ്.എച്ച്. (80) നവംബർ 18 ന് നിര്യാതയായി. പരേത തൃശൂർ ജില്ലയിൽ ചിറ്റാട്ടുകര തേറാട്ടിൽ പരേതരായ പൗലോസ്- റോസമ്മ ദമ്പതികളുടെ മകളാണ്. പേരാവൂർ സെന്റ് ജോൺസ് യു.പി സ്ക്കൂളിലും സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിലും ദീർഘകാലം അദ്ധ്യാപികയായിരുന്നു. അയ്യന്തോൾ, കരുവഞ്ചാൽ, ഉദയഗിരി, എടത്തൊട്ടി, നിർമലഭവൻ, കരുണാലയം, തൊക്കിലങ്ങാടി എന്നീ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാരം നവംബർ 20 ന് രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ പേരാവൂർ എസ് എച്ച് പ്രൊവി ൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. സിസ്റ്ററിന് നിത്യശാന്തി നേരുന്നു.

**ശ്രീ ഫിലിപ്പ് കാക്കരമറ്റത്തിൽ (91):** ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചന്റെ വത്സല പിതാവ് ശ്രീ ഫിലിപ്പ് കാക്കരമറ്റത്തിൽ 2019 ഒക്ടോബർ 30ന് നിര്യാതനായി. മൃതസംസ്കാരശുശ്രൂഷകൾ ഒക്ടോബർ 31-ാം തീയതി ചെങ്ങോം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ മോൺ. ജോസഫ് ഒറ്റപ്ലാക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. അഭിവന്ദ്യ പിതാക്കന്മാർ ഭവനത്തിലെത്തി പ്രാർത്ഥിച്ചു. പരേതന് നിത്യശാന്തി നേരുകയും ബഹു. അച്ചനെയും കുടുംബാംഗങ്ങളെയും അതിരൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**സി. ഫെർഡിനന്റ് എഫ്.സി.സി.(85):** ബഹു. ജോസഫ് പുതിയകുന്നേലച്ചന്റെ വത്സല സഹോദരി സി. ഫെർഡിനന്റ് എഫ്.സി.സി. 2019 നവംബർ 4-ാം തീയതി വ്യാഴാഴ്ച നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ നവംബർ 7-ാം തീയതി പാലാ പാദുവാ എഫ്.സി.സി. കോൺ വെന്റ് ചാപ്പലിൽ നടന്നു. അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ അറിയിക്കുന്നു.

**സി. ജെയ്ൻ എം.എസ്.ജെ. (87):** ബഹു. കുര്യാക്കോസ് കവളക്കാട്ടച്ചന്റെ വത്സല സഹോദരി സി. ജെയ്ൻ എം.എസ്.ജെ. 2019 നവംബർ 22 ന് നിര്യാതയായി. മൃതസംസ്കാരം നവംബർ 23ന് കോതമംഗലം ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## 6. സ്നേഹസ്മൃതി

1. റവ. ഫാ. അബ്രാഹം കുഴുമുള്ളോരം - 14-12-1982
2. റവ. ഫാ. ജോർജ് തടത്തിൽ - 24-12-1998
3. റവ. ഫാ. അഗസ്റ്റിൻ കീലത്ത് - 24-12-2011
4. റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് - 25-12-1982
5. റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ - 25-12-2001
6. റവ. ഫാ. ജോസഫ് മുക്കാട്ട് - 26-12-1994

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# ഫാ. തോമസ് തൈത്തോട്ടത്തിന് മോൺസിഞ്ഞോർ പദവി

ബഹുമാനപ്പെട്ട തോമസ് തൈത്തോട്ടത്തിലച്ചനെ മോൺസിഞ്ഞോർ സ്ഥാനം നൽകി ഫ്രാൻസീസ് മാർപ്പാപ്പ ആദരിച്ചു. 2019 നവംബർ 12–ാം തിയതി ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളജിൽവച്ച് നടന്ന ചടങ്ങിൽവച്ച് തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് അദ്ദേഹത്തെ സ്ഥാനചിഹ്നങ്ങളണിയിച്ച് മോൺസിഞ്ഞോർ പദവി സമ്മാനിച്ചു.

ഫാ. തൈത്തോട്ടത്തിന്റെ ആത്മീയ, സാമൂഹ്യ, മദ്യവിരുദ്ധ രംഗങ്ങളിലെ സ്തുത്യർഹമായ സേവനങ്ങളെ പരിഗണിച്ച് ചാപ്ലയിൻ ഓഫ് ഹിസ് ഹോളിനസ് എന്ന പദവിയാണ് അദ്ദേഹത്തിനു നൽകിയിരിക്കുന്നത്. ഈ പദവി ലഭിക്കുന്ന വൈദികരെ മോൺസിഞ്ഞോർ എന്നാണ് അഭിസംബോധന ചെയ്യുന്നത്.

ചങ്ങനാശ്ശേരി രൂപതയിലെ ചമ്പക്കുളത്ത് 1939 ജനുവരി 14ന് ഫാ. തോമസ് തൈത്തോട്ടം ജനിച്ചു. ചമ്പക്കുളം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ വിദ്യാഭ്യാസത്തിനു ശേഷം പുതുതായി രൂപം കൊണ്ട തലശ്ശേരി രൂപതക്കുവേണ്ടി വൈദികനാകാൻ ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കിയ ശേഷം 1961 ഡിസംബർ 1–ാം തിയതി ബോംബയിൽ വച്ചു നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിനിടയിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. കൂടരഞ്ഞി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും തേക്കുംകുറ്റി, പുഷ്പഗിരി, പുൽപള്ളി, കുടിയാന്മല, പേരാവൂർ, കിളിയന്തറ, നെല്ലിക്കാംപൊയിൽ, ചെമ്പന്തൊട്ടി എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു.

മദ്യവിപത്തിനെതിരേ 1978 മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ആരംഭിച്ച മദ്യവിരുദ്ധപ്രസ്ഥാനത്തിന്റെ പ്രഥമ ഡയറക്ടറായി ഫാ. തോമസ് തൈത്തോട്ടം നിയമിതനായി. അന്നുമുതൽ കേരളത്തിലങ്ങോളമിങ്ങോളം മദ്യത്തിനെതിരെയുള്ള പോരാട്ടത്തിന് അദ്ദേഹം നേതൃത്വം കൊടുത്തു. അദ്ദേഹം ആരംഭിച്ച പ്രതീക്ഷ മദ്യരോഗചികിത്സാകേന്ദ്രം മദ്യത്തിന് അടിമകളായിരുന്ന ആയിരക്കണക്കിന് ആളുകൾക്ക് മോചനം നല്കി. കെ. സി. ബി. സി. മദ്യവിരുദ്ധസമിതിക്കു പുറമേ കുട്ടികൾക്ക് വേണ്ടി ആന്റി ഡ്രഗ് സ്റ്റുഡന്റ്സ് യൂണിയൻ, മദ്യത്തിനെതിരേയുള്ള സ്ത്രീകളുടെ കൂട്ടായ്മ മുക്തിശ്രീ എന്നീ സംഘടനകൾക്ക് അദ്ദേഹം രൂപം കൊടുത്തു. അച്ചന് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

തലശ്ശേരി അതിരൂപതാ 17-ാമത് പാസ്റ്ററൽ കൗൺസിലിന്റെ നാലാമത്തെ യോഗം 2019 നവംബർ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 4 മണിവരെ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽവച്ച് നടന്നു. എം.എസ്.എം.ഐ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ടെസ്സിൻ ആഡ്രൂസ് നയിച്ച പ്രാർത്ഥനാശുശ്രൂഷയോടെ യോഗം ആരംഭിച്ചു. അതിരൂപതാ സിൻഞ്ചെല്ലൂസ് മോൺ. അലക്സ് താരാമംഗലം സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോർജ്ജ് തയ്യിൽ അവതരിപ്പിച്ച മുൻയോഗ റിപ്പോർട്ട് യോഗം ഏകകണ്ഠമായി പാസ്സാക്കി.

തുടർന്ന് നടന്ന ഉദ്ഘാടന പ്രസംഗത്തിൽ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ വൈസ് ചെയർമാൻ ശ്രീ. ജോർജ് കുര്യന് അതിരൂപതയിലേക്ക് പ്രത്യേകമായി സ്വാഗതം ആശംസിച്ചു. റോമിലേക്ക് ആദ്ലീമിന സന്ദർശനത്തിനായി നടത്തിയ യാത്രയെക്കുറിച്ച് അഭിവന്ദ്യ പിതാവ് വിശദീകരിച്ചു. ഉത്തരമലബാർ കർഷകപ്രക്ഷോഭം ആവേശപൂർവ്വം മുന്നോട്ടുപോകുന്നതിലുള്ള സന്തോഷം രേഖപ്പെടുത്തുകയും അതിന് നേതൃത്വം കൊടുക്കുന്ന എല്ലാവരെയും അനുമോദിക്കുകയും ചെയ്തു. ലൗ ജിഹാദ്, ദൈവവിളിരംഗത്തെ വെല്ലുവിളികൾ, വരാൻപോകുന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പാസ്റ്ററൽ കൗൺസിൽ ഗൗരവമായ ചർച്ചകൾ നടത്തണമെന്ന് അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു.

മുഖ്യാതിഥിയായിരുന്ന ദേശീയ ന്യൂനപക്ഷകമ്മീഷൻ വൈസ് ചെയർമാൻ ശ്രീ ജോർജ്ജ് കുര്യൻ ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ പ്രത്യേകിച്ച് ക്രൈസ്തവരുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ചും ന്യൂനപക്ഷ ഉന്നമനത്തിനുവേണ്ടി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും സംസാരിച്ചു. ക്രൈസ്തവരുടെ ജനസംഖ്യ ആപത്ക്കരമാംവിധം കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസസഹായം, പലിശരഹിത വായ്പകൾ, അടിസ്ഥാന സൗകര്യ വികസന സഹായ പദ്ധതികൾ തുടങ്ങിയവയെ സംബന്ധിച്ച് അദ്ദേഹം വിശദീകരിച്ചു. ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ഇത്തരം സർക്കാർ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തണമെന്നുംവേണ്ട സഹായങ്ങൾ ചെയ്തുതരാൻ സന്നദ്ധനാണെന്നും അദ്ദേഹം പറഞ്ഞു. ശ്രീ. ജോർജ്ജ് കുര്യന് മാർ ജോസഫ് പാംപ്ലാനി നന്ദി അറിയിച്ചു. ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട് അദ്ദേഹത്ത ഷാളണിയിക്കുകയും മെമന്റോ നല്കുകയും ചെയ്തു.

തുടർന്ന വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ച ആരംഭിച്ചു. തലശ്ശേരി അതിരൂപത നേതൃത്വം കൊടുക്കുന്ന ഉത്തരമലബാർ കർഷക പ്രക്ഷോഭത്തെക്കുറിച്ച് മോൺ. ജോസഫ് ഒറ്റപ്ലാക്കൽ സംസാരിച്ചു. ഇതുവരെ ചെയ്ത കാര്യങ്ങളും മുന്നോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടികളും അദ്ദേഹം അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സമരപരിപാടികൾ നന്നായി മുന്നോട്ടു പോകുന്നതിൽ യോഗാംഗങ്ങൾ സംതൃപ്തി പ്രകടിപ്പിച്ചു. കൂടുതൽ മാധ്യമ ശ്രദ്ധനേടാൻ, പ്രത്യേകിച്ച് ടെലിവിഷൻ ചാനലുകളിൽ വാർത്തകൾ വരാൻ നടപടികൾ സ്വീകരിക്കണം, ഡിസംബർ 2-ലെ വൈദികരുടെ ഉപവാസത്തോടൊപ്പം മഠങ്ങളിൽ സിസ്റ്റേഴ്സും ഉപവാസത്തിൽ പങ്കെടുക്കുന്നത് നല്ലതാണ്, ഡിസംബർ 9ലെ കാർഷിക മാർച്ചിന്റെ പ്രോഗ്രാം, പാർക്കിംഗ് ട്രാഫിക്ക് തുടങ്ങിയവ കാര്യക്ഷമമായി പ്ലാൻ ചെയ്യണം തുടങ്ങിയ നിർദ്ദേശങ്ങൾ അംഗങ്ങൾ മുന്നോട്ടുവച്ചു. നടത്തിയ ക്രമീകരണങ്ങളെക്കുറിച്ച് ഫാ. മാത്യു ആശാരിപറമ്പിൽ ഹ്രസ്വമായി വിശദീകരിച്ചു.

ദൈവവിളി പ്രോത്സാഹനത്തെക്കുറിച്ച് തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരി റെക്ടർ റവ. ഡോ. ജോർജ്ജ് കരോട്ട് ആമുഖപ്രഭാഷണം നടത്തി. സി. നമിത ഗ്രേസ് സി.എം.സി. വിഷയാവതരണം നടത്തി.ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചവരെല്ലാം ദൈവവിളിയിൽ പ്രത്യേകിച്ച് പെൺകുട്ടികളുടെ ദൈവവിളിയിൽ ഉണ്ടാകുന്ന കുറവിനെക്കുറിച്ചുള്ള ആശങ്ക രേഖപ്പെടുത്തി. കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നു, മാധ്യമങ്ങൾ കുട്ടികളുടെ ചിന്തയെ നിയന്ത്രിക്കുന്നു, നല്ല മാതൃകകളുടെ അഭാവം,തുടങ്ങിയ കാരണങ്ങൾ ദൈവവിളി കുറയുന്നതിന് ഇടയാക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. കൂടുതൽ കുട്ടികൾ ജനിക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം, വിശ്വാസപരിശീലന രീതികൾ പരിഷ്ക്കരിക്കണം, എം.പി.സി.യിൽ ദൈവവിളി പ്രോത്സാഹനം ഒരു വിഷയമായി അവതരിപ്പിക്കണം, കുടുംബക്കൂട്ടായ്മകളിൽ ദൈവവിളി പ്രോത്സാഹനം ചർച്ചചെയ്യപ്പെടണം തുടങ്ങിയ നിർദ്ദേശങ്ങൾ കൗൺസിൽ അംഗങ്ങൾ മുന്നോട്ടു വച്ചു.

തുടർന്ന് ബഹുമാനപ്പെട്ട തോമസ് തൈത്തോട്ടത്തിലച്ചന് മാർപ്പാപ്പ സമ്മാനിച്ച മോൺസിഞ്ഞോർ പദവി കൈമാറുന്ന ചടങ്ങായിരുന്നു. അതിരൂപതാ ജുഡീഷ്യൽ വികാരി റവ. ഡോ. ജോൺസൺ കോവൂർപുത്തൻപുരയിൽ മാർപ്പാപ്പായുടെ ലത്തീൻ ഭാഷയിലുള്ള ബൂളാ വായിച്ചു. മദ്യവിരുദ്ധരംഗത്തും സാമൂഹ്യരംഗത്തും നല്കിയ നിസ്തുലമായ സേവനങ്ങളെ ആദരിച്ചുകൊണ്ടാണ് പരി. പിതാവ് തൈത്തോട്ടത്തിലച്ചന് മോൺസിഞ്ഞോർ പദവി നല്കിയതെന്ന് ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട്, മോൺസിഞ്ഞോർ പദവി പ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞു. അഭിവന്ദ്യപിതാവ് തൈത്തോട്ടത്തിലച്ചനെ

മോൺസിഞ്ഞോർമാരുടെ സ്ഥാനചിഹ്നമായ വയലറ്റ് അരക്കെട്ട് ധരിപ്പിക്കുകയും മെമന്റോ നല്കി ആദരിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഷാൾ അണിയിച്ചും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് തയ്യിൽ ബൊക്കെ നല്കിയും നവ മോൺസിഞ്ഞോറിന് അഭിനന്ദനങ്ങൾ അറിയിച്ചു. "കുട്ടനാടിന്റെ നഷ്ടവും തലശ്ശേരിയുടെ അഭിമാനവുമാണ്" തൈത്തോട്ടത്തിലച്ചൻ എന്ന് അനുമോദനപ്രസംഗത്തിൽ മാർ ജോസഫ് പാംപ്ലാനി പിതാവ് പറഞ്ഞു. സ്വതസിദ്ധമായ വാഗ്വിലാസത്തോടെ മോൺ. തോമസ് തൈത്തോട്ടം മറുപടി പ്രസംഗം നടത്തി. നാലു പതിറ്റാണ്ടുകാലം മദ്യവിരുദ്ധ രംഗത്ത് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിൽനിന്നും പകർന്നുകിട്ടിയ ഇച്ഛാശക്തിയോടും ബോധ്യങ്ങളോടുംകൂടി പ്രവർത്തിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യം അച്ചൻ പങ്കുവച്ചു.

അന്താരാഷ്ട്ര കത്തോലിക്കാ യുവജനസംഘടനയുടെ ഏഷ്യൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. സിജോ അമ്പാട്ട്, മികച്ച മതാദ്ധ്യാപക അവാർഡു നേടിയ ഏലിക്കുട്ടി എടാട്ട്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സംസ്ഥാന കോഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ബാബു കൊട്ടാരം, പ്രതീക്ഷ അവാർഡുനേടിയ ശ്രീ മാത്യു എം. കണ്ടത്തിൽ എന്നിവരെ ആദരിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം ദൈവവിളിയെക്കുറിച്ചുള്ള ചർച്ച ഉപസംഹരിച്ചു. തുടർന്ന് കപ്പൂച്ചിൻ സഭാംഗമായ ഫാ. വിപിൻ വലിയനിരപ്പിൽ 'ലൗ ജിഹാദി'നെക്കുറിച്ച് സംസാരിച്ചു. ഭക്ഷണ, മാധ്യമ, ഭൂമി ജിഹാദുകളും നാമറിയാതെ നമുക്കു ചുറ്റും നടക്കുന്നുണ്ടെന്നും അത് പ്രധാനമായും നമ്മുടെ പെൺകുട്ടികളെ കെണിയിൽപ്പെടുത്താനുള്ള ചതിക്കുഴികളൊരുക്കിവയ്ക്കുന്നവയാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്നുനടന്ന ചർച്ചയിൽ കുട്ടികൾക്ക് മാതാപിതാക്കളോട് എല്ലാം തുറന്നുപറയാനുള്ള സ്വാതന്ത്ര്യമുണ്ടാകണം, മാതാപിതാക്കൾക്ക് ബോധവത്ക്കരണം നല്കണം, കുടുംബക്കൂട്ടായ്മകളിൽ ചർച്ചചെയ്യാൻ ലഘുലേഖകൾ നല്കണം തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ടായി.

2020ൽ നടക്കാൻ പോകുന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ച് ശ്രീമതി മാർഗ്ഗരറ്റ് ചാമക്കാല സംസാരിച്ചു. കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ക്രൈസ്തവർക്ക് ആനുപാതികമായ പ്രാതിനിധ്യം ജനപ്രതിനിധി സഭകളിൽ ഉണ്ടാകുന്നില്ലെന്നും കാര്യക്ഷമമായ ഒരു ഇടപെടൽ ഈവരുന്ന ഇലക്ഷനിൽ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ശ്രീമതി മാർഗ്ഗരറ്റ് പറഞ്ഞു. സ്ഥാനാർത്ഥികളാകാൻ പറ്റിയ അല്മായ നേതാക്കളെ പ്രത്യേകിച്ച് സ്ത്രീകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം, കുടുംബക്കൂട്ടായ്മകൾ അതിന് സഹായിക്കണം, രാഷ്ട്രീയ കക്ഷികളോട്

ചേർന്നുനിന്ന് വിശ്വാസവും ബോധ്യവുമുള്ളവരെ സ്ഥാനാർത്ഥികളാക്കാനും വിജയിപ്പിക്കാനും ശ്രമിക്കണം തുടങ്ങിയ നിർദ്ദേശങ്ങൾ ചർച്ചയിൽ ഉയർന്നുവന്നു.

അതിരൂപതാ അസംബ്ലിയുടെ തീരുമാനപ്രകാരമുള്ള ദശവർഷ ആഘോഷത്തിന്റെ ഭാഗമായി 2020ൽ ഊന്നൽ കൊടുക്കേണ്ട വിഷയത്തെക്കുറിച്ചുള്ള അവതരണം മാർ ജോസഫ് പാംപ്ലാനി നടത്തി. യോഗം ഏകകണ്ഠമായി 2020 കർഷകവർഷമായി ആചരിക്കണമെന്ന് ആവശ്യപ്പെട്ടു. വൈദിക സമ്മേളനത്തിൽകൂടി ആലോചിച്ചശേഷം തീരുമാനം പ്രഖ്യാപിക്കാമെന്ന് അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് പറഞ്ഞു.

കലാലയ രാഷ്ട്രീയം നിയന്ത്രണങ്ങളില്ലാതെ തിരികെ കൊണ്ടുവരാനുള്ള സർക്കാർ തീരുമാനത്തിൽ പ്രതിഷേധം അറിയിച്ചുകൊണ്ടുള്ള പ്രമേയം ഭേദഗതികളോടെ യോഗം അംഗീകരിച്ചു.

സമാപനസന്ദേശത്തിൽ ആർച്ച്ബിഷപ്പ് ജോർജ് ഞറളക്കാട്ട് എല്ലാവരുടെയും സാന്നിധ്യത്തെയും സജീവമായ പങ്കാളിത്തത്തെയും അഭിനന്ദിച്ചു. കർഷക പ്രക്ഷോഭത്തിന് എല്ലാവരുടെയും ശക്തമായ പിന്തുണയുണ്ടാകണമെന്നും ലൗ ജിഹാദിനെക്കുറിച്ച് കൂടുതൽ പഠിക്കുകയും ബോധവത്ക്കരണം നടത്തുകയും ചെയ്യണമെന്നും ദൈവവിളി പ്രോത്സാഹനം നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനെ ജാഗ്രതയോടെ സമീപിക്കണമെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു.

അജണ്ടാകമ്മിറ്റി അംഗം ശ്രീ ജോയൽ തൊട്ടിയിൽ കൃതജ്ഞത പ്രകാശിപ്പിച്ചു. 4 മണിയോടെ യോഗം സമാപിച്ചു. 133 പേർ യോഗത്തിൽ പങ്കെടുത്തു.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ജനറൽ സെക്രട്ടറി

**ശ്രീ. ജോർജ് തയ്യിൽ**
സെക്രട്ടറി

# ഉത്തരമലബാർ കർഷക പ്രക്ഷോഭം

**1. ഉപവാസസമരം**

**ഡിസംബർ 2 തിങ്കൾ-കണ്ണൂർ കലക്ട്രേറ്റ് പടിക്കൽ**

09.30 am മഹാത്മമന്ദിരത്തിൽ നിന്ന് ജാഥയായി ഉപവാസവേദിയിലേക്ക്

10.00 am ഉദ്ഘാടന സമ്മേളനം

അനുഗ്രഹസന്ദേശം : സ്വാമി അമൃത കൃപാനന്ദ പുരി

ഉദ്ഘാടനം : ശ്രീ. പാണക്കാട് മുനവറലി ശിഹാബ്തങ്ങൾ

ആശംസകൾ

12.00 pm ചിത്രരചന

02.00 pm സമാപന സമ്മേളനം

അഭിവാദന സന്ദേശം : ശ്രീ. ടി. പത്മനാഭൻ

04.00 pm സമാപനം

**2. കർഷക മഹാസംഗമം**

**ഡിസംബർ 9 തിങ്കൾ-കണ്ണൂർ കളക്ട്രേറ്റ് മൈതാനിയിൽ**

**9.00** a.m : പരമാവധി ആളുകൾ ഗ്രൗണ്ടിൽ എത്തുന്നു

**9.30** a.m : മുതൽ കളക്ട്രേറ്റ് മൈതാനത്തിൽ ആശംസ പ്രസംഗങ്ങൾ ആരംഭിക്കുന്നു.

**10.30** a.m : **കർഷക മഹാസംഗമം - പൊതുസമ്മേളനം**

**11.30** a.m : **റാലി ആരംഭിക്കുന്നു** (യോഗവും പ്രസംഗങ്ങളും തുടരുന്നു)

**റൂട്ട് -** പഴയ ബസ് സ്റ്റാന്റ്, പോസ്റ്റ് ഓഫീസ്, പോലീസ് ക്വാർട്ടേഴ്സ് ചുറ്റി കളക്ട്രേറ്റിന് മുൻപിലൂടെ റാലി ആരംഭിച്ച സ്ഥലത്തേക്ക് തന്നെ എത്തുന്നു. (സ്റ്റേഡിയത്തിന് ചുറ്റുമായി അണിനിരക്കുന്നു)

***റാലിയുടെ മുൻഭാഗം***

മുൻപിൽ അനൗൺസ്മെന്റ് വാഹനം, ചെണ്ടമേളം, വലിയ ബാനർ പിറകിൽ പിതാക്കൻമാർ, ഫൊറോന കൺവീനർമാർ , പ്രൊവിൻഷ്യൽമാർ, സംഘടനകളുടെ അതിരൂപത ഭാരവാഹികൾ (പ്രസിഡണ്ട്, സെക്രട്ടറി), കർഷക പ്രക്ഷോഭ അതിരൂപത ഭാരവാഹികൾ (വൈസ് ചെയർമാൻമാർ, കൺവീനർമാർ, സെക്രട്ടറി) 101 പേർ. **കളക്ട്രേറ്റിന് മുൻപിൽ ഈ ഭാഗം നിൽക്കുന്നു.**

***റാലിയുടെ രണ്ടാംഭാഗം***

തൊട്ടുപുറകേ ശിങ്കാരി മേളം, വലിയ ബാനർ,16 ഫൊറോന വികാരിമാർ, 16 ചെയർമാൻമാർ (വൈദികർ), കർഷക സംഘടന പ്രതിനിധികൾ, സംഘടന

അതിരൂപത ഭാരവാഹികൾ (3 പേർ) – ഇവർ റാലി ഇറങ്ങിയ സ്ഥലം വരെ നയിക്കുന്നു.

1. തുടർന്ന് ഫൊറോന അക്ഷരമാലക്രമത്തിൽ ഓരോ പ്രദേശത്തുനിന്നും വന്നവർ ഒന്നിച്ച് അണിനിരക്കുന്നു. പൊതുയോഗസ്ഥലത്ത് ഫൊറോന തിരിച്ച് സ്ഥലം ക്രമീകരിച്ചിരിക്കും.
2. ആളുകൾ പ്ളാക്കാർഡുകൾ, കൊടികൾ ഇവ പിടിക്കുന്നു.
3. കർഷക വേഷത്തിൽ (പാളത്തൊപ്പി, കൈലിമുണ്ട്, ബനിയൻ, തോർത്ത്) വരുന്നത് വളരെ നല്ലതാണ്. (തോർത്ത് ഉണ്ടെങ്കിൽ നിലത്ത് വിരിച്ച് ഇരിക്കാം)
4. ചലിക്കുന്ന മേളങ്ങളും, ദൃശ്യങ്ങളും, പ്രതീകങ്ങളും ഒരുക്കുന്നത് നല്ലതാണ് (ആദിവാസി നൃത്തം, കോൽക്കളി etc.). കർഷക ദുരന്തം, വന്യമൃഗ ശല്യം തുടങ്ങിയവ ദൃശ്യങ്ങളായി അവതരിപ്പിക്കാം. വാഹനത്തിലുള്ള ദൃശ്യങ്ങൾ അസൗകര്യമായതുകൊണ്ട് കൊണ്ടുവരേണ്ടതില്ല.
5. റാലി ആരംഭിച്ച് കളക്ടർ ഓഫീസിന് മുൻപിൽ എത്തുമ്പോൾ അഭിവന്ദ്യ പിതാക്കന്മാർ ഉൾപ്പെടുന്ന മുൻനിര അവിടെ നിൽക്കും. രണ്ടാമത്തെ ബാനറിനു പിന്നിലുള്ള ഭാഗം കളക്ട്രേറ്റിനു മുമ്പിൽ തങ്ങാതെ റാലി ഇറങ്ങിയ ഭാഗത്തേക്ക് നടന്ന് പാർക്കിംഗ് ഗ്രൗണ്ടിൽ എത്തി റാലി അവസാനിപ്പിക്കുന്നു. റാലിയുടെ അവസാനഭാഗവും കടന്നു പോകുന്നതുവരെ അഭിവന്ദ്യ പിതാക്കന്മാർ കളക്ട്രേറ്റിനു മുമ്പിൽ ധർണ്ണ നടത്തുന്നു. അവിടെയും പ്രസംഗങ്ങൾ നടത്തുന്നു.

**പാർക്കിംഗ്**

1. പോലീസ് മൈതാനത്ത് അയ്യായിരം കാറുകൾ പാർക്കു ചെയ്യാനുള്ള സ്ഥലമുണ്ട്
2. ബസുകൾ പോലീസ് മൈതാനത്തിനു സമീപം ആളുകളെ ഇറക്കി സെന്റ് മൈക്കിൾസ് സ്കൂളിന് മുൻവശത്തോ, കന്റോൺമെന്റ് പ്രദേശത്തോ പാർക്കു ചെയ്യേണ്ടതാണ്.
3. കാൽടെക്സിൽ കക്കാട് റോഡിലും സൂര്യ സിൽക്ക്സ് റോഡിലും കാറുകൾക്ക് പാർക്കു ചെയ്യാം.
4. എ.കെ.ജി ആശുപത്രി മുതൽ ഹൃദയാരാം വഴിയുള്ള വൺവേയിലും വാഹനങ്ങൾ പാർക്കു ചെയ്യാം.
5. മേലെ ചൊവ്വ മട്ടന്നൂർ റോഡിൽ വാഹനങ്ങൾ പാർക്കു ചെയ്യാം.
6. താഴെ ചൊവ്വ-സിറ്റി-ഗവ:ആശുപത്രി റോഡിൽ ബസുകൾ പാർക്കു ചെയ്യാം.
7. ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ ഇടതു വശത്തും കടകളുടെ സമീപത്തും കാറുകൾ പാർക്കു ചെയ്യാം.

8. ജയിലിന് മുൻ വശത്തും ദീപികയുടെ സമീപത്തും കൃഷ്ണമേനോൻ കോളേജ് ഗ്രൗണ്ടിലും വാഹനങ്ങൾ പാർക്കു ചെയ്യാം.

## സമ്മേളന വേദിയിലേക്ക് വാഹനം വരുന്ന വഴി

| | |
|---|---|
| 1. പേരാവൂർ, എടൂർ | - താഴെ ചൊവ്വയിൽ നിന്ന് തിരിഞ്ഞ് സിറ്റി വഴി സെന്റ് മൈക്കിൾസ് ഗ്രൗണ്ടിൽ എത്തണം |
| 2. കുന്നോത്ത്, നെല്ലിക്കാംപൊയിൽ | - മേലെ ചൊവ്വയിൽ നിന്ന് നേരെ വന്ന് പൊലീസ് മൈതാനിയിൽ ആളെ ഇറക്കി പാർക്ക് ചെയ്യുന്നു. (മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം വഴി കാൾടെക്സിലും എത്താം- ചെറു വാഹനങ്ങൾക്ക്) |
| 3. പൈസക്കരി, ചെമ്പേരി, ചെമ്പൻതൊട്ടി | - മയ്യിൽ, പുതിയതെരു, പള്ളിക്കുന്ന് വഴി പൊലീസ് മൈതാനിയിൽ ആളെ ഇറക്കുന്നു. |
| 4. ആലക്കോട്, വായാട്ടുപറമ്പ, | - പുതിയതെരു പള്ളിക്കുന്ന് വഴി വഴി നേരെ ഗ്രൗണ്ടിലേക്ക്. |
| മേരിഗിരി, തളിപ്പറമ്പ, ചെറുപുഴ | - പള്ളിക്കുന്ന് വഴി വഴി നേരെ ഗ്രൗണ്ടിലേക്ക്. |
| 5. കാസർഗോഡ് ജില്ലക്കാർ | - വളപട്ടണം പാലം കടന്ന് വലത്തേക്ക് തിരിഞ്ഞ് അലവിൽ വഴി സെന്റ് മൈക്കിൾസ് ഗ്രൗണ്ടിൽ ആളെ ഇറക്കി പാർക്ക് ചെയ്യുന്നു. |

**താമസിച്ച് വരുന്നവർ** മേലെ ചൊവ്വ, പള്ളിക്കുന്ന്, എന്നിവിടങ്ങളിൽ ഇറങ്ങി കാൽനട ജാഥയായി സമ്മേളന നഗരിയിലേക്ക് വരുന്നു

**പൊതു നിർദേശങ്ങൾ**

☞ വളപട്ടണം പാലം മുതൽ താഴെചൊവ്വ വരെ ഗബ്രിയേൽ വോളണ്ടിയഴ്സ് ട്രാഫിക് ക്രമീകരിക്കുവാൻ ഉണ്ടാകും.

☞ തങ്ങളുടെ കൂടെ വരുന്നവരുടെ കാര്യങ്ങൾ ഫൊറോനയിലെ നേതാക്കൾ ശ്രദ്ധിച്ചാൽ മതി.

☞ ആവശ്യത്തിനുള്ള ഭക്ഷണവും വെള്ളവും കരുതിയിരിക്കണം (പൊതിച്ചോറ്, കുപ്പിവെള്ളം)

☞ മിച്ചമുള്ളത് വലിച്ചെറിയരുത്, ഇടുവാനുള്ള പ്രത്യേക പാക്കറ്റുകളിൽ നിക്ഷേപിക്കുക.

☞ ഗ്രൗണ്ടിലും, വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലത്തും ഹെൽപ് ഡെസ്ക് (2 എണ്ണം) ഉണ്ടാകും. ഗ്രൗണ്ടിൽ 2 മെഡിക്കൽ കൗണ്ടറുകളും, ആംബുലൻസും ക്രമീകരിക്കുന്നതാണ്.

- ☞ ജനങ്ങൾക്ക് കഴിയുന്നത്ര ബുദ്ധിമുട്ട് ഉണ്ടാകാതെ നോക്കണം. അസ്വസ്ഥത ഉണ്ടാക്കുന്ന പ്രവർത്തനങ്ങളും വാക്കുകളും ആരുടെയും ഭാഗത്തു നിന്നും ഉണ്ടാകരുത്.
- ☞ വോളണ്ടിയേഴ്സിന്റെ നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും അംഗീകരിക്കണം. പൊലീസ് അധികാരികളെ അനുസരിക്കണം.
- ☞ അംഗീകാരമില്ലാത്ത മുദ്രാവാക്യങ്ങളും പ്ലാക്കാർഡുകളും ഉപയോഗിക്കരുത്.
- ☞ കർഷക പ്രക്ഷോഭത്തിന്റെ ഔദ്യോഗിക കൊടിയാണ് ഉപയോഗിക്കേണ്ടത്.
- ☞ വാഹനങ്ങളിൽ കൊടികൾ കെട്ടിയിരിക്കണം.
- ☞ വാഹനങ്ങളുടെ മുൻപിലും പിറകിലും സ്ഥലവും ലീഡറുടെ ഫോൺ നമ്പറും എഴുതിവയ്ക്കണം.
- ☞ കണ്ണൂരിൽ പ്രക്ഷോഭത്തിന്റെ ഭാഗമായി ഉണ്ടായ മാലിന്യങ്ങൾ പെറുക്കി നഗരത്തെ ശുചീകരിച്ചിട്ടാണ് വോളണ്ടിയേഴ്സും നേതാക്കളും തിരിച്ച് പോവുകയുള്ളു. എല്ലാവരും സഹകരിക്കണം.

| | | |
|---|---|---|
| **മോൺ. ജോസഫ് ഒറ്റപ്ലാക്കൽ** | **ഫാ. മാത്യു ആശാരിപറമ്പിൽ** | **ഫാ. ഫിലിപ്പ് കവിയിൽ** |
| ചെയർമാൻ | കൺവീനർ | സെക്രട്ടറി |

# ഷെക്കെയ്ന ടെലിവിഷൻ

## വാർത്തയിലെ സത്യം അറിയാൻ

വാർത്തകൾ വളച്ചൊടിക്കപ്പെടുകയും സ്ഥാപിത വാണിജ്യ താല്പര്യങ്ങൾ വാർത്തകളെ സ്വാധീനിക്കുകയും ചെയ്യുന്ന ഈ കാലത്ത്, വാർത്തയിലെ സത്യം അറിയാനും സത്യത്തിനു സാക്ഷ്യം നൽകാനുമായി ഒരു ചാനൽ നമുക്കു വേണം എന്ന സഭാമക്കളുടെ ആഗ്രഹത്തിന്റെ പ്രതിഫലനമാണ് സാറ്റലൈറ്റ് വാർത്താ ചാനലായ ഷെക്കെയ്ന ടെലിവിഷൻ. വാർത്തകൾ ക്രൈസ്തവ വീക്ഷണത്തിലൂടെ സംപ്രേഷണം ചെയ്യുന്ന ഭാരതത്തിലെ ആദ്യത്തെ സാറ്റലൈറ്റ് വാർത്താചാനലാണ് ഷെക്കെയ്ന ടെലിവിഷൻ. വാർത്തകളും വാർത്താധിഷ്ഠിത പരിപാടികളും, ആത്മീയതയിൽ അടിയുറച്ച്, ആത്മാവിനു പോഷണം നൽകുന്ന വ്യത്യസ്തതയാർന്ന പ്രോഗ്രാമുകളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സന്തുലിതമായ ഒരു ഘടനയാണ് ഷെക്കെയ്ന ടെലിവിഷൻ സ്വീകരിച്ചിട്ടുള്ളത്. ദൈവത്തിന്റെ മഹത്വമേറിയ സാന്നിധ്യം എന്നാണ് ഷെക്കെയ്ന എന്ന വാക്കിന്റെ അർഥം.

ഷെക്കെയ്ന ടെലിവിഷൻ 2019 ഏപ്രിൽ 28ന് നമ്മുടെ സഭയുടെ പിതാവ് മാർ ജോർജ് ആലഞ്ചേരി, അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ ഒക്ടോബർ 7 മുതലാണ് ചാനൽ മുഴുവൻ സമയ സംപ്രേഷണത്തിലേക്കു കടന്നത്.

ഷെക്കെയ്ന ടെലിവിഷൻ കേരള വിഷൻ കേബിൾ നെറ്റ്‌വർക്കിൽ 512 എന്ന ചാനൽ നമ്പറിൽ ലഭ്യമാണ്. കൂടാതെ യുട്യൂബ് ഫേസ്ബുക്ക് അടക്കമുള്ള വിവിധ ഓൺലൈൻ പ്ലാറ്റ് ഫോമുകളിൽ ഷെക്കെയ്ന ടെലിവിഷൻ എന്ന പേരിൽ തന്നെ ചാനൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളവിഷൻ കേബിൾ കണക്ഷനുള്ളവർക്ക് ഈ ചാനൽ ലഭിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ലോക്കൽ കേബിൾ ഓപ്പറേറ്ററെ ബന്ധപ്പെട്ട് ആവശ്യപ്പെട്ടാൽ ലഭിക്കും. ഉയർന്ന സാമ്പത്തിക ചെലവുകൾ വരുന്നതിനാൽ മറ്റു കേബിൾ/ഡിടിഎച്ച് നെറ്റ് വർക്കുകളിൽ ചാനൽ ഇതുവരെ ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല. തികച്ചും സൗജന്യമായി സംപ്രേഷണം ചെയ്യുന്ന ഈ ചാനൽ ലഭ്യമാക്കണമെന്ന് നിങ്ങളുടെ കേബിൾ ഡിടിഎച്ച് ഓപ്പറേറ്റർമാരോട് ആവശ്യപ്പെടണം.

Address: Shekinah Television, Thalikode,
Pattikkad P.O, Thrissur, Kerala - 680652
For Enquiries: 0487 2966650, hr@shekinahchannel.tv

# സെമിനാരി വാർത്തകൾ

## അഭിനന്ദനങ്ങൾ...കൃതജ്ഞത

ഈ വർഷത്തെ വിഷൻ & മിഷൻ പ്രോഗ്രാം ദൈവാനുഗ്രഹത്താൽ വിജയപ്രദമായി 31 സെന്ററുകളിൽ നടത്തുവാൻ സാധിച്ചു. 2500 ലധികം കുട്ടികൾക്ക് വിവിധ ക്രൈസ്തവ ജീവിതാന്തസുകളെ പരിചയപ്പെടുത്തുവാനും അവരിലെ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുവാനും സാധിച്ചു. ഇതിനുവേണ്ടി അത്യധ്വാനം ചെയ്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബഹു. വികാരിയച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ്, മതാധ്യാപകർ, കൈക്കാരന്മാർ ഇവരെയെല്ലാം കൃതജ്ഞതയോടെ സ്മരിക്കുന്നു. ഒപ്പം ഈ സെമിനാറിൽ ക്ലാസ്സുകൾ എടുത്തത് വൊക്കേഷൻ ബ്യൂറോ ടീമംഗങ്ങളാണ്. വൈദികർ, സമർപ്പിതർ, അല്മായ പ്രേഷിതർ ഇവരുടെ ത്യാഗോജ്ജ്വലമായ ശുശ്രൂഷകളെ നന്ദിയോടെ വിലമതിക്കുന്നു.

## Come & See Programme 2019

ഈ വർഷം തലശ്ശേരി അതിരൂപതയിൽ ചേർന്ന് വൈദികനാകാൻ ആഗ്രഹമുള്ള കുട്ടികൾക്ക് നമ്മുടെ അതിരൂപതയെയും നമ്മുടെ മൈനർ സെമിനാരിയെയും പരിചയപ്പെടുത്തുന്നതിനായി ഡിസംബർ മാസത്തിലെ അവധിക്കാലത്ത് ഒരു ദ്വിദിന ക്യാമ്പ് മൈനർ സെമിനാരിയിൽ ക്രമീകരിച്ചിരിക്കുന്നു. ബഹു. വികാരിയച്ചന്മാർ നമ്മുടെ സെമിനാരിയിൽ ചേരാൻ താല്പര്യമുള്ള കുട്ടികളെ ഈ ക്യാമ്പിലേക്ക് പറഞ്ഞുവിടണമെന്നഭ്യർത്ഥിക്കുന്നു. ഫീസ് ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| **തിയ്യതി** | : | **ഡിസംബർ 28, 29 ശനി, ഞായർ** |
| **സമയക്രമീകരണം** | : | **ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി വരെ** |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547 128 523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304 871 142

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു (യോഹ 1:14). ദൈവത്തിന്റെ സ്നേഹം മനുഷ്യരൂപം പൂണ്ട് നമ്മോടൊപ്പമായിത്തീർന്ന മഹാസംഭവത്തിന്റെ-തിരുപ്പിറവിയുടെ ഓർമ്മകളുണർത്തികൊണ്ട് ഒരിക്കൽകൂടി മംഗളവാർത്തക്കാലം ആഗതമായിരിക്കുന്നു. നക്ഷത്രദീപങ്ങൾ തെളിച്ചും പുൽക്കൂടൊരുക്കിയും ക്രിസ്മസ് ആഘോഷത്തിനായി ബാഹ്യമായി ഒരുങ്ങുന്നതിനുമുമ്പേ സുകൃതങ്ങൾ അനുഷ്ഠിച്ചും കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തും നമ്മുടെ ഹൃദയത്തിൽ ഉണ്ണീശോയ്ക്ക് ഒരു പുൽക്കൂട് ഒരുക്കാം.

## 1. ക്രിസ്മസ് പരീക്ഷ ഡിസംബർ 08

ക്രിസ്മസ് പരീക്ഷ ഡിസംബർ 8-ന് ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. എല്ലാ സൺഡേസ്കൂളുകളിലും വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്ന് നിർദ്ദേശിച്ചിരിക്കുന്ന സമയത്തുതന്നെ പരീക്ഷ നടത്തേണ്ടതാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | ഭാഗം 2:1-5അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

## 2. ജനറൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ വെബ്സൈറ്റിൽ നിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 3. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

a. 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2019-2020 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. **ഇനിയും രജിസ്ട്രേഷൻ പൂർത്തിയാക്കാത്തവർ എത്രയും പെട്ടെന്ന് രജി. പൂർത്തീകരിക്കേണ്ടതാണ്.**

b. ഓഫീസിൽ നിന്നു തരുന്ന ഡിപ്ലോമ രജി. ഫോമിൽ വെബ്സൈറ്റിലെ ഫൈനൽ കോപ്പിയുടെ ക്രമത്തിൽ കുട്ടികളുടെ പേരുവിവരങ്ങൾ എഴുതിയ ഫോമും വെബ്സൈറ്റിലെ ഫൈനൽകോപ്പിയുടെ പ്രിന്റും **ഡിസംബർ 30നകം** ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഫോം ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം തരുന്നതാണ്.

## 4. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2020 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

## 5. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാ

സ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

## 6. വിശ്വാസോത്സവം 2020

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവത്തിന് ആവശ്യമായ വർക്ക്ബുക്കുകളുടെ ഓർഡർഫോം ക്രിസ്മസ് പരീക്ഷാ ചോദ്യ പേപ്പറിനോടൊപ്പം അയക്കുന്നു. കൂടാതെ ഓർഡർ ഫോം വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. കൃത്യമായ എണ്ണം ഓർഡർഫോമിൽ ചേർത്ത് ജനുവരി 10ന് മുമ്പ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.

## 7. മതാധ്യാപകദിനം ... നന്ദി

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായിരുന്നല്ലോ നവംബർ 4. അതിരൂപതാതല ആഘോഷങ്ങൾ പൊന്മല, വിളക്കന്നൂർ എന്നീ ഇടവകകളിൽവച്ച് നടത്തി. കൂടാതെ എല്ലാ ഇടവകകളിലും നവംബർ 3 ഞായർ മതാധ്യാപകദിനമായി ആചരിക്കുകയുണ്ടായി. അന്നേദിവസം വിശ്വാസ പരിശീലകരെ ആദരിക്കാനും സമ്മാനങ്ങൾ വിതരണം ചെയ്യാനും നേതൃത്വം കൊടുത്ത എല്ലാ ബഹു. വികാരിയച്ചന്മാർക്കും പിടിഎ ഭാരവാഹികൾക്കും കുട്ടികൾക്കും ഹൃദയപൂർവ്വം നന്ദി.

## 8. ആസ്പെക്ട് 2019-2020

2019-2020 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **വിശ്വാസവഴിയിലെ സംശയങ്ങൾ** എന്ന പുസ്തകമാണ്. 304 പേജുകളുള്ള ഈ പുസ്തകത്തിന് 100 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. 2020 ഫെബ്രുവരി 16 ഞായറായ്ചയാണ് ആസ്പെക്ട് പരീക്ഷ.

### പഠിക്കേണ്ട പാഠഭാഗങ്ങൾ

ഭാഗം 1, ഭാഗം 4 മുതൽ 10 വരെ (ഭാഗം 2, 3, 11 എന്നിവ ഒഴിവാക്കാവുന്നതാണ്. അതിൽ നിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല).

## 9. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2019-2020 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്.** ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 10. XII -ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള ധ്യാനം

12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം ഇതുവരെയും നടത്താത്ത ഫൊറോനകൾ ഉണ്ടെങ്കിൽ എത്രയും പെട്ടന്നുതന്നെ ധ്യാനം നടത്തേണ്ടതാണ്. ബഹു. ഫൊറോന വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ധ്യാനത്തിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ.

## 11. ബധിരരും മൂകരുമായവരുടെ വിശ്വാസപരിശീലനം

തലശ്ശേരി അതിരൂപതയിൽപ്പെട്ട കേഴ്‌വി, സംസാര ന്യൂനതയുള്ളവരുടെ വിശ്വാസപരിശീലനം ലക്ഷ്യമാക്കി *ADAM* വുമായി സഹകരിച്ച് **ഡിസംബർ 20 മുതൽ 22 വരെയുള്ള തീയ്യതികളിൽ (20 വൈകുന്നേരം 4 മണി മുതൽ 22 ഉച്ചവരെ)** ഒരു സംഗമം നടത്തുന്നുണ്ട്. നമ്മുടെ ഇടവകയിൽ ഇപ്രകാരമുള്ള കുട്ടികൾ വിശ്വാസപരിശീലനം നടത്തുന്നുണ്ടെങ്കിൽ (20 വയസ്സിൽ താഴെ) ബഹു. ഹെഡ്മാസ്റ്റർമാർ കത്തുമുഖേന ഓഫീസിൽ അറിയിക്കുമല്ലോ. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ “മതബോധനം ഇന്ന്” എന്ന ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു: **“ശാരീരികമോ മാനസീകമോ ആയ വൈകല്യമുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും തങ്ങളുടെ പ്രായത്തിലുള്ള മറ്റുള്ളവരെപ്പോലെതന്നെ, വിശ്വാസത്തിന്റെ രഹസ്യം അറിയുവാൻ അവകാശമുണ്ട്”** (CT 41). സംഗമം സംബന്ധിച്ച വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 12. വിഷൻ & മിഷൻ

ദൈവവിളി പ്രോത്സാഹനാർത്ഥം അതിരൂപതാ വൊക്കേഷൻ ബ്യൂറോ നവംബർ 10,17 തീയതികളിൽ അതിരൂപതയിലെ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും അന്നേദിവസം മുഴുവൻ സമയവും കുട്ടികളോടൊപ്പമുണ്ടായിരുന്ന ബഹു. അധ്യാപകർക്കും നന്ദി.

## 13. സീറോ മലബാർ പ്രതിഭാ അവാർഡ്

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് ഡിസംബർ 27, 28, 29 തീയ്യതികളിൽ നടക്കുന്ന സംസ്ഥാനതല പ്രതിഭാസംഗമത്തിൽ പങ്കെടുക്കാൻ തലശ്ശേരി അതിരൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ:

| പേര് വീട്ടുപേര് | ഇടവക | ഫൊറോന |
|---|---|---|
| ഗിൽബർട്ട് എമ്പ്രായിൽ | കുടിയാന്മല | ചെമ്പേരി |
| ഡിലൻ കൂനങ്കിൽ | പൈസക്കരി | പൈസക്കരി |
| ക്രിസ്റ്റി പേഴുംകാട്ടിൽ | പേരട്ട | കുന്നോത്ത് |
| അരുണിമ പല്ലാട്ട് | അരിവിളഞ്ഞപൊയിൽ | ആലക്കോട് |
| മിർസ കന്നുതൊട്ടിയിൽ | എടൂർ | എടൂർ |
| ആഷ്ന കോനാട്ട് | ഉദയഗിരി | ആലക്കോട് |

## 14. വിവിധ കുടിശികകൾ

2019-2020 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ആസ്പെക്ട് പുസ്തകം, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ ഡിസംബർ 30ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 15. ആദരാഞ്ജലികൾ

കുന്നോത്ത് സൺഡേ സ്കൂൾ അദ്ധ്യാപികയായിരുന്ന ശ്രീമതി റോസമ്മ (അമ്മിണി) പുത്തൻപുരയ്ക്കൽ നിത്യസമ്മാനത്തിനായി വിളി ക്കപ്പെട്ടു. ടീച്ചറിന്റെ കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനം അറിയിക്കുന്നു.

## 16. വിശ്വാസപരിശീലക സംഗമം 'ഉണർവ് 2019'

ചെമ്പേരി വി. മദർ തെരേസ ഗ്രൗണ്ടിൽവച്ചു നടത്തിയ വിശ്വാസപരിശീലക സംഗമം 'ഉണർവ് 2019' വിജയമാക്കാൻ സഹായിച്ച, സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി. വിശ്വാസപരിശീലകരുടെ പങ്കാളിത്തം കൊണ്ടും സഹകരണം കൊണ്ടും സംഗമം വലിയ വിജയമായിരുന്നു. സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ പുതിയ ഉണർവും ഉന്മേഷവും ലഭിച്ചു എന്ന് വിശ്വസിക്കുന്നു.

സംഗമം നടത്തുവാൻ പ്രോത്സാഹനവും പ്രചോദനവും നല്കിയ അഭിവന്ദ്യ പിതാക്കന്മാരെയും ബഹു. ജനറാളച്ചൻമാരെയും, ബഹു. ഫൊറോന വികാരിയച്ചന്മാരെയും നന്ദിയോടെ ഓർമ്മിക്കുന്നു. വിശ്വാസപരിശീലകരെ താല്പര്യപൂർവ്വം പറഞ്ഞയച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും നന്ദി. വി. കുർബ്ബാനയിൽ സഹകാർമികരായിരുന്ന ബഹു. വൈദികർ, ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കിയ ഫാ. ജിന്റോ ചാലിൽ & ടീം അംഗങ്ങൾ, ആരാധനയ്ക്ക് നേതൃത്വം നല്കിയ റവ. ഫാ. മാത്യു ആശാരിപറമ്പിൽ, പ്രോഗ്രാം മാനേജരായിരുന്ന റവ. ഫാ. പയസ് പടിഞ്ഞാറേമുറിയിൽ, സ്റ്റേജ് മാസ്റ്ററായിരുന്ന റവ. ഫാ. ജോർജ് കളരിമുറിയിൽ എന്നിവർക്കെല്ലാം നന്ദി.

സമ്മേളനത്തെ ധന്യമാക്കിയ മുൻ വിശ്വാസപരിശീലന ഡയറക്ടർമാർ, ബഹു. വൈദികർ, ആദരണീയ വ്യക്തിത്വങ്ങൾ, ആശംസകൾ അർപ്പിച്ചവർ എന്നിവർക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ സ്നേഹോഷ്മളമായ നന്ദി. പൊതു സമ്മേളനത്തിൽ പ്രോഗ്രാം അവതരണം നടത്തിയ ശ്രീ. ടോമി കുന്നേൽ പറമ്പിൽ, പ്രയർ ഡാൻസിന് നേതൃത്വം നല്കിയ കുടിയാന്മല ഫാത്തിമ മാതാ സൺഡേ സ്കൂൾ കുട്ടികൾ, പാപ്പാഗാനം ആലപിച്ച ആലക്കോട് സൺ ഡേ സ്കൂൾ ടീച്ചേഴ്സ് എന്നിവർക്കെല്ലാം നന്ദി.

സംഗമം വിജയമാക്കുന്നതിനുവേണ്ടി അക്ഷീണം പരിശ്രമിച്ച ചെമ്പേരി ഫൊറോന വികാരി വെരി. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, റവ. ഫാ. പോൾ എടത്തിനകത്ത്, അൾത്താര മനോഹരമായി അലങ്കരിച്ച ചെമ്പേരിയിലെ ബഹു. സിസ്റ്റേഴ്സ്, വിശ്വാസപരിശീലകർ, കോഡിനേറ്റർ, കൈക്കാരൻമാർ, കമ്മിറ്റിക്കാർ, മാതൃവേദി അംഗങ്ങൾ, പ്ലസ്വൺ, പ്ലസ്ടു കുട്ടികൾ, സെന്റ് ജോസഫ് ബാലഭവനിലെ കുട്ടികൾ എന്നിവർക്കെല്ലാം വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി.

എല്ലാ ഒരുക്കങ്ങൾക്കും നേതൃത്വം നല്കിയ ചെമ്പേരി ഫൊറോന പ്രസിഡന്റ് ശ്രീ. ഷീൻ വേലിക്കകത്ത്, ഫൊറോനയിലെ പ്രധാനാധ്യാപകർ, വിവിധ കമ്മിറ്റി അംഗങ്ങൾ എന്നിവർക്കും നന്ദി. കൂടാതെ, എല്ലാ ബഹു. ഫൊറോന പ്രസിഡന്റുമാരെയും പ്രധാനാധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. ഭക്ഷണമൊരുക്കിയ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിലെ ബഹു. വിപിൻ വരമ്പകത്തച്ചനും സ്റ്റാഫംഗങ്ങൾക്കും നന്ദി. മനോഹരമായ പന്തലൊരുക്കിയ കൃപ ലൈറ്റ് & സൗണ്ട്, സ്റ്റേജ് അലങ്കരിച്ച ശ്രീ. ജോൺസൺ പൈമ്പള്ളിൽ, ദൃശ്യങ്ങൾ മനോഹരമായി പകർത്തിയ അച്ചൂസ് വിഷ്വൽ മീഡിയ, ഡിസൈനിംഗ്-പ്രിന്റിംഗ് വർക്കുകൾ നിർവഹിച്ച മക്തബ് ഓഫ്സെറ്റ് പ്രസ്സ്, ഫയലുകൾ സ്പോൺസർ ചെയ്ത തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി, പാർക്കിംഗ് ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കിയ മനോജ് കൊച്ചുപുരയച്ചനും യുവജനങ്ങൾക്കും, പാർക്കിംഗ് സൗകര്യം ഒരുക്കിതന്ന നിർമ്മലാ ഹയർ സെക്കന്ററി സ്കൂൾ, സെന്റ് തോമസ് പബ്ലിക് സ്കൂൾ,

കരുണാലയം-സാന്ത്വനം സ്ഥാപനങ്ങൾ, തലശ്ശേരിയിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് എന്നിവരെയെല്ലാം നന്ദിയോടെ ഓർക്കുന്നു. വിശ്വാസപരിശീലന കേന്ദ്രം ഓഫീസിൽ സേവനം ചെയ്യുന്ന റവ. സി. ടെർസിറ്റ എൻ എസ്, ഷോൺ ഓസ്റ്റിൻ, ശ്രുതി എന്നിവർക്ക് ഹൃദ്യമായ നന്ദി.

## 17. തിരുവചന കളരി

കേരള കത്തോലിക്ക കരിസ്മാറ്റിക്ക് റിന്യൂവൽ ടീം (കെ.സി.സി.ആർ.എസ്.ടി) യുടെ ഭാഗമായ ക്രിസ്റ്റീൻ മിനിസ്ട്രി സംഘടിപ്പിക്കുന്ന ആത്മീയ വിരുന്നാണ് തിരുവചന കളരി. 1 മുതൽ +2 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി മാസത്തിലെ ഒരു ഞായറാഴ്ച്ച മൂന്നര മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ കളരി കുട്ടികൾക്ക് വചനം പഠിക്കാനുള്ള തുടർ പരിശീലന കളരിയാണ്.

### സവിശേഷതകൾ

ഗുരുകുല രീതിയിലുള്ള പഠന ക്ലാസുകൾ; ആത്മീയ ജീവിതത്തിൽ വളരാനുള്ള കർമ്മ പദ്ധതികൾ; പാട്ടുകൾ, കളികൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി കുട്ടികൾക്ക് സ്വീകാര്യമായ രീതിയിലുള്ള ശുശ്രൂഷകൾ; തിരുവചന പഠന ക്ലാസുകൾ, ആന്തരീക സൗഖ്യം നല്കുന്ന ദിവ്യകാരുണ്യ ആരാധനകൾ, ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ദൃശ്യ ധ്യാനങ്ങൾ, പ്രത്യേക പരിശീലനം നേടിയ അധ്യാപകരുടെ ആത്മീയ നേതൃത്വം.......

തിരുവചന കളരി എന്ന ആത്മീയ വിരുന്ന് സൺഡേ സ്കൂളുകളിൽ സംഘടിപ്പിക്കാൻ താത്പ്പര്യമുള്ളവർ ആനിമേറ്ററായ റവ. ഫാ. ജോൺ ബോസ്കോ OFM Cap - ആയി ബന്ധപ്പെടുമല്ലോ.

## 18. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ ചെമ്പേരി, പൊന്മല, ചെങ്ങോം, നീലേശ്വരം എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ വിളക്കന്നൂർ, ജയഗിരി, ആലക്കോട്, ഭീമനടി എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കുടുംബ കൂട്ടായ്മയുടെ ഓഫീസിൽ നിന്നും ആശംസകൾ!**

കുടുംബ കൂട്ടായ്മകൾ തലശ്ശേരി അതിരൂപതയിൽ തുടക്കം കുറിച്ചിട്ട് ഈ ഡിസംബർ മാസത്തിൽ ഒരു വർഷം പിന്നിടുകയാണ്. മുഴുവൻ ദൈവജനത്തെയും പങ്കു ചേർക്കുന്ന ഈ കൂട്ടായ്മ തലശ്ശേരി അതിരൂപതയ്ക്ക് പുതിയ ഉണർവ്വും ദിശാബോധവും നൽകിയിരിക്കുന്നു. ഈ കാലഘട്ടത്തിലെ ദൈവാത്മാവിന്റെ ഈ ഇടപെടലിന് തമ്പുരാന് നന്ദി പറയാം. ദൈവത്തെ സ്തുതിക്കാം.

അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ശക്തമായ താല്പ്പര്യവും നേതൃത്വവുമാണ് ഈ പുതിയ അജപാലന സംവിധാനം അതിരൂപതയിൽ വേരുപിടിക്കാൻ ഇടയാക്കിയത്. തന്റെ ജനത്തെക്കുറിച്ചുള്ള പിതാവിന്റെ ഇടയ സങ്കല്പ്പം വളരെ സുന്ദരമായി രൂപപ്പെട്ടു വരികയാണ്. അഭിവന്ദ്യ പിതാവിനെ ഓർത്ത് നന്ദിയോടെ ദൈവത്തെ മഹത്ത്വപ്പെടുത്താം. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ തീഷ്ണതയേറിയ പ്രഭാഷണങ്ങളും ഇടപെടലുമാണ് ഈ കൂട്ടായ്മയെ ജനത്തിന്റെ ഹൃദയത്തിൽ വേരുപിടിപ്പിക്കുവാൻ ഇടയാക്കിയത്. ജനത്തിന്റെ പരസ്പര ബന്ധങ്ങളിൽ ഐക്യബോധം വളർത്തുവാൻ പിതാവ് കാണിച്ച താല്പ്പര്യത്തിന് പിതാവിനെ നന്ദിയോടെ അനുസ്മരിക്കാം.

ഓരോ ഇടവകയിലും ഈ കൂട്ടായ്മ രൂപപ്പെടുവാൻ ഏറ്റവും താല്പ്പര്യം കാണിച്ചത് ബഹുമാനപ്പെട്ട വികാരിയച്ചന്മാരാണ്. ഇടവകയെ യൂണിറ്റുകളായി തിരിച്ച്, ഭാരവാഹികളെ നിശ്ചയിച്ച് അവർക്ക് പരിശീലനം നൽകി കുടുംബ കൂട്ടായ്മകളിൽ ജനത്തോടൊത്ത് പങ്കെടുത്ത് ഈ സംവിധാനം വളർത്തിയെടുത്ത അച്ചന്മാരെ അഭിനന്ദിക്കുന്നു. കുടുംബ കൂട്ടായ്മകൾ ശക്തമായ സ്ഥലങ്ങളിൽ, ഇടവക വളരെ സജീവമായി മാറിയതിന്റെ അനുഭവം അവർക്ക് പങ്കുവെയ്ക്കുവാൻ കഴിയും. ദൈവജനത്തോടുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ ഭാഗമായി സായാഹ്നങ്ങളിൽ കുടുംബ കൂട്ടായ്മയകളിൽ പങ്കെടുത്ത് നേതൃത്വം നൽകിയ സിസ്റ്റേഴ്സിനെ അഭിനന്ദിക്കുന്നു, നന്ദി പറയുന്നു. യൂണിറ്റിന്റെ അഞ്ച് ഭാരവാഹികളുടെയും കൂട്ടായ നേതൃത്വവും താല്പ്പര്യവുമാണ് കുടുംബ കൂട്ടായ്മയകളെ സജീവമാക്കി നിലനിർത്തുന്നത്. എല്ലാ മാസവും മുടങ്ങാതെ നടത്തുവാൻ പ്രസിഡന്റുമാർ വളരെ ആത്മാർത്ഥമായി നേതൃത്വം കൊടുത്തുവെന്ന് മനസിലാക്കുന്നു. എല്ലാ ഭാരവാഹികളെയും അഭിനന്ദിക്കുന്നു. ഇനിയുള്ള ദിനങ്ങളിൽ കൂടുതൽ താല്പ്പര്യത്തോടെ മുന്നോട്ടു പോകുവാൻ നിങ്ങൾക്ക് സാധിക്കട്ടെ.

അതിരൂപത കുടുംബ കൂട്ടായ്മയായി ആചരിക്കുന്ന ഈ വർഷം ഇനിയുള്ള നാളുകളിൽ ഓരോ കൂട്ടായ്മയും ജനപങ്കാളിത്തം കൊണ്ടും കർമ്മപദ്ധതികൾകൊണ്ടും കൂടുതൽ സജീവമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. ഉത്തര മലബാർ കർഷപ്രക്ഷോഭത്തിന്റെ ജനപങ്കാളിത്തം ഓരോ കുടുംബ കൂട്ടായ്മയകളും സജീവമായി പങ്കുചേരുമ്പോഴാണ് സാധിക്കുന്നത്. ഓരോ

വ്യക്തിയും നിറഞ്ഞ താല്പ്പര്യത്തോടെ ഈ സമ്മേളനത്തിലേക്ക് എത്തുമെന്ന് കരുതുന്നു. നിങ്ങളാണ് സമ്മേളനം വിജയിപ്പിക്കുന്നത്.

2. ഡിസംബർ ഒന്നിന് തന്നെ എല്ലാ ക്രൈസ്തവ ഭവനങ്ങളിലും നക്ഷത്രമുയർത്തി നമ്മുടെ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുവാൻ പരിശ്രമിക്കണം.
3. ഒരു വർഷം പിന്നിടുന്ന കൂട്ടായ്മയകൾ ലളിതമായിട്ടെങ്കിലും വാർഷികം നടത്തുന്നത് നല്ലതാണ്.
4. തിരുനാളുകളും ആഘോഷങ്ങളും കടന്നുവന്നാലും കുടുംബ കൂട്ടായ്മ മുടങ്ങാതെ നടത്തുവാനും പങ്കെടുക്കുവാനും എല്ലാവരും പരിശ്രമിക്കുമല്ലോ.
5. ക്രിസ്തുമസിന് ഒരുക്കമായ നോമ്പ് തീഷ്ണതയോടെ ആചരിച്ച് ഉണ്ണീശോയുടെ പിറവിക്കായി ഒരുങ്ങാം.
6. കൂട്ടായ്മയിലെ കുടുംബങ്ങൾ ക്രിസ്തുമസ് ഫ്രെണ്ട് നിശ്ചയിച്ച് പരസ്പ്പരം സമ്മാനങ്ങളും ആശംസകളും കൈമാറുന്നത് നല്ലതാണ്.
7. നമ്മുടെ കുടുംബ കൂട്ടായ്മയുടെ പരിധിയിലെ മറ്റ് മതസ്ഥർക്ക് ആശംസകളും സമ്മാനങ്ങളും നൽകുകയും ക്രിസ്തുമസ് ദിനത്തിൽ നമ്മുടെ ഭവനത്തിൽ ഭക്ഷണത്തിൽ പങ്കു ചേർക്കുകയും ചെയ്ത് നല്ല ബന്ധങ്ങളിൽ വളരാൻ നമുക്ക് പരിശ്രമിക്കാം.

## പ്രത്യേക ശ്രദ്ധക്ക്

ഒരു വർഷം പിന്നിടുന്ന വേളയിൽ മേഖല തിരിച്ച് യൂണിറ്റ് പ്രസിഡന്റുമാരെ വിളിച്ച് ചേർക്കുവാനും റിപ്പോർട്ടുകൾ തേടുവാനും ആഗ്രഹിക്കുന്നു. ജനുവരി രണ്ടാമത്തെ ആഴ്ചയിൽ അഞ്ച് സ്ഥലങ്ങളിലായി എല്ലാ യൂണിറ്റ് പ്രസിഡന്റുമാരുടെയും സമ്മേളനം വിളിച്ചു ചേർക്കുന്നതാണ്.

| പങ്കെടുക്കേണ്ട ഫൊറോനകൾ | സ്ഥലം |
|---|---|
| കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട് | പടന്നക്കാട് |
| തോമാപുരം, ചെറുപുഴ, മേരിഗിരി | ചെറുപുഴ |
| ആലക്കോട്, വായാട്ടുപറമ്പ്, തളിപ്പറമ്പ് | കരുവൻചാൽ |
| ചെമ്പേരി, പൈസക്കരി, ചെമ്പന്തൊട്ടി | ശ്രീകണ്ഠാപുരം |
| നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ | ഇരിട്ടി |

കൃത്യമായ തിയതിയും സമയവും പിന്നീട് അറിയിക്കുന്നതാണ്.

കൂട്ടായ്മയുടെ പ്രവർത്തനങ്ങൾക്ക് അതിരൂപത തലത്തിൽ നേതൃത്വം നൽകിയ ഫ്രൂട്ട്സ് അതിരൂപത പ്രസിഡന്റ് ഡോ. മാത്യു മണ്ഠപത്തിൽ, വൈസ് പ്രസിഡന്റ് ഡോ. ഡൊമിനിക് പുളിക്കൽ, സെക്രട്ടറി ശ്രീ ജോർജ് തയ്യിൽ, ജോയിന്റ് സെക്രട്ടറി ശ്രീ ജോസ് ദേവസത്തിൽ, ആനിമേറ്റർ സി.മെർലിൻ ജോസ് എസ്.എച്ച് എന്നിവരെ പ്രത്യേകമായി നന്ദിയോടെ ഓർക്കുന്നു. പുത്തൻ നിർദ്ദേശങ്ങളും കർമ്മ പദ്ധതികളുമായി പിന്തുണച്ച ഫ്രൂട്ട്സ് സെൻട്രൽ കമ്മിറ്റിയെയും സ്നേഹപൂർവ്വം അനുസ്മരിക്കുന്നു. കൂടുതൽ പ്രതിബദ്ധതയോടെ നമുക്ക് മുന്നോട്ട് പോകുവാൻ തമ്പുരാനോട് പ്രാർത്ഥിക്കാം – കൈകോർക്കാം ; ഒന്നിച്ച് വളരാം.

*ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും ആശംസകൾ നേരുന്നു.*

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ബൈബിൾ പാരായണമാസം

വചനം മാംസം ധരിച്ച് മനുഷ്യരൂപമെടുത്തതിന്റെ ഓർമ്മ ആചരിക്കുന്ന പിറവിത്തിരുനാളുമായി ബന്ധപ്പെട്ടാണ് കേരളകത്തോലിക്കാസഭ ബൈബിൾ പാരായണമാസം ആചരിക്കുന്നത്. വചനം മാംസം ധരിച്ച യേശുവിൽ വളരാനും വചനതീക്ഷ്ണതയിൽ ജ്വലിക്കുവാനും ബൈബിൾ പാരായണമാസം സമുചിതമായി ആചരിക്കുവാൻ ഇടവകാതലത്തിൽ ഏവരും ശ്രദ്ധിക്കുമല്ലോ. അഖണ്ഡ ബൈബിൾ പാരായണം ഇടവകകളിൽ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ഭാഗികമായോ, തുടർച്ചയായോ, സമ്പൂർണ്ണമായോ നടത്തുന്ന ബൈബിൾ പാരായണ യജ്ഞത്തിലൂടെ വിശ്വാസികളിൽ ബൈബിളുമായുള്ള ബന്ധം ആഴപ്പെടുത്തി, വചനം ഉച്ചത്തിൽ വായിക്കുവാനും, ധ്യാനിക്കുവാനും, വചനശക്തി ജീവിതത്തിലുൾക്കൊണ്ട് ആത്മീയജീവിതം പരിപോഷിപ്പിക്കാനും വിശ്വാസികളെ സഹായിക്കുക എന്നതാണ് ബൈബിൾ പാരായണമാസത്തിന്റെ ലക്ഷ്യം.

## 2. ലോഗോസ് ക്വിസ് - 2019

രൂപതാതലത്തിൽ ഡി വിഭാഗത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കി സംസ്ഥാനതലത്തിൽ സമ്മാനത്തിന് അർഹമായ, **ലിസ് ജോയ് പാറത്താനത്തെ** പ്രത്യേകമായി അഭിനന്ദിക്കുന്നു. നവംബർ 24 ന് പി.ഒ.സിയിൽ വച്ച് സമ്മാനം വിതരണം ചെയ്യുന്നതായിരിക്കും.

## 3. റസിഡൻഷ്യൽ ക്ലാസ്സ് (ഗ്രീക്ക്) ഡിസം. 14,15 തീയ്യതികളിൽ

വി. ഗ്രന്ഥത്തിൽ ഉപരിപഠനം നടത്തുന്ന എം.റ്റി.എച്ച്, ഐ.എം.എ, പി.എച്ച്.ഡി ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ഡിസംബർ 14,15 (ശനി, ഞായർ) ദിവസങ്ങളിൽ ഗ്രീക്ക് ഭാഷയുടെ ക്ലാസ്സുകൾ നല്കപ്പെടുന്നു. ഉപരിപഠനം നടത്തുന്ന എല്ലാ വിദ്യാർത്ഥികളും ഈ ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. 14 ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 15 ഞായറാഴ്ച വൈകുന്നേരം 4 മണിവരെയായിരിക്കും ക്ലാസ്സ് സമയം.

## 4. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകളുടെ സമയക്രമം

| തീയതി | സ്ഥലം | സമയം |
|---|---|---|
| 14.12.2018 | ദ്വാരക | 9.30 - 4.30 |

**BSc നഴ്സിംങ് കഴിഞ്ഞവർക്ക് ജർമ്മനിയിൽ സുവർണ്ണാവസരം**

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജിന്റെ (AIFL) ആഭിമുഖ്യത്തിൽ BSc നഴ്സിംങ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ജർമ്മനിയിൽ ജോലി ചെയ്യുവാൻ അവസരം ഒരുക്കുന്നു. ജർമ്മൻ കൺസൾട്ടിംങ് ഏജൻസിയായ ജവാജി സോഫറ്റ്ടെക് (Javaji Softech) ന്റെ അധികൃതരുമായി നേരിട്ട് കാണുവാൻ അവസരമുണ്ടായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ജർമ്മൻഭാഷ പഠിക്കുവാൻ തലശ്ശേരി സന്ദേശഭവനിൽ AIFL- ക്ലാസ്സുകൾ നല്കുന്നു.

**റജിസ്ട്രേഷൻ ഡേ : 6 ഡിസംബർ 2019**

**സമയം : 10.00 – 4.00 pm**

**സ്ഥലം : ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്, സന്ദേശഭവൻ, തലശ്ശേരി**

**ജവാജി സോഫ്ടെക് അധികൃതരുമായി അഭിമുഖം: 12 ഡിസം.**

**ഫോൺ നമ്പർ : 9496732553**

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകന്റെ ആഗമനം ലോകത്തിന് സദ്വാർത്ത ആയിരുന്നു. ഈ ക്രിസ്മസ് ഏവർക്കും ഒരു സദ്വാർത്തയാകട്ടെ എന്നും പ്രതീക്ഷാനിർഭരമായ ഒരു പുതുവർഷം ഏവർക്കും സംലഭ്യമാകട്ടെ എന്നും പ്രാർത്ഥിക്കുന്നു... ആശംസിക്കുന്നു. എല്ലാവർക്കും പിറവിത്തിരുനാളിന്റെയും പുതുവത്സരത്തിന്റെയും ഒരായിരം മംഗളങ്ങൾ.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ഈശോയുടെ തിരുപ്പിറവി |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. ഫ്രാൻസിസ് സേവ്യർ |
| പ്രാർത്ഥനാനിയോഗം | : മക്കളില്ലാത്ത ദമ്പതികൾ |
| സുകൃതജപം | : കുഞ്ഞുണ്ണീശോയെ കുഞ്ഞുങ്ങളിൽ നിറയണമേ |
| സുകൃതം | : 72 പരിശുദ്ധരാജ്ഞി എന്ന ജപം |
| വചനഭേരി | : ലോഗോസ് 2020 സുവിശേഷഭാഗം മനഃപാഠമാക്കുക |
| ദിയാക്കോണിയ | : വചനോപാസന |

## ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 ഞായർ | : 25 നോമ്പ് ആരംഭം |
| 3 ചൊവ്വ | : വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ |
| 8 ഞായർ | : അമലോത്ഭവമാതാവിന്റെ തിരുനാൾ |
| 14 ശനി | : അതിരൂപതാ മാനേജിംഗ് കമ്മിറ്റി, ഇലക്ഷൻ |
| 22 ഞായർ | : ക്രിസ് കാർഡ് മത്സരം. |
| 23 തിങ്കൾ | : ശാന്തിഭവനിൽ ക്രിസ്മസ് ആഘോഷം (ഗ്ലോറിയ നൈറ്റ്) |
| 25 ബുധൻ | : പിറവിത്തിരുനാൾ |
| 29 ഞായർ | : ബൈബിൾ ഞായർ |
| 31 ചൊവ്വ | : വർഷാവസാനദിനം |

**മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, അതിരൂപതാ ഇലക്ഷൻ-മാനേജിംഗ് കമ്മിറ്റി, ക്രിസ്കാർഡ് മത്സരം റീജണൽ തലങ്ങളിൽ, അൾത്താര ബാലന്മാരുടെ സെമിനാർ, ടീം ക്വിസ്, കരോൾഗാന മത്സരം, അഗതിമന്ദിര സന്ദർശനം, തിരുബാലസഖ്യ കലോത്സവം.

## അതിരൂപത ഇലക്ഷൻ, മാനേജിങ് കമ്മിറ്റി

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2020-22 വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള അതിരൂപത

ഇലക്ഷൻ മാനേജിംഗ് കമ്മിറ്റി 2019 ഡിസംബർ 14 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ തളിപ്പറമ്പ് സെന്റ് മേരിസ് പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നതായിരിക്കും. മേഖലാ ഡയറക്ടറച്ചന്മാർ, വൈസ് ഡയറക്ടർ സിസ്റ്റേഴ്സ് മറ്റ് മേഖലാ ഭാരവാഹികൾ എല്ലാവരും മാനേജിംഗ് കമ്മിറ്റിയിലും ഇലക്ഷനിലും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## ക്രിസ്കാർഡ് നിർമ്മാണ മത്സരം

ക്രിസ്മസ് ആഘോഷ ഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്മസ് കാർഡ് നിർമ്മാണ മത്സരം കഴിഞ്ഞ വർഷത്തേതിൽ നിന്നും വ്യത്യസ്തമായിട്ടാണ് ഈ വർഷം നടത്തപ്പെടുന്നത്. ഡിസംബർ 14 ാം തീയതി ശാഖകളിൽ മത്സരം നടത്തി ശാഖകളിൽനിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്ന വർ ഇരുപത്തിരണ്ടാം തീയതി അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. മത്സരസ്ഥലങ്ങളും സമയവും വാട്ട്സ് ആപ്പ് വഴി ഡിസംബർ 10 ാം തീയതിക്കുമുമ്പ് അറിയിക്കുന്നതാണ്. മത്സരനിബന്ധനകൾക്ക് നവംബർ മാസത്തെ ഗിരിദീപം പേജ് 44 കാണുക.

## ജീവകാരുണ്യ കൂപ്പൺ

ജീവകാരുണ്യ സംഭാവന കൂപ്പൺ അതിരൂപതയിൽ തിരിച്ചു നൽകേണ്ട അവസാന തീയതി ഡിസംബർ 30 ആയിരിക്കും. ജനുവരി 10ന് നറുക്കെടുപ്പ് നടക്കും. മേഖലകളുടെ ഉത്തരവാദിത്വത്തിലായിരിക്കണം കൂപ്പണിന്റെ കുറ്റിയും തുകയും അതിരൂപത എത്തിക്കേണ്ടത്. (കൂടുതൽ വിവരങ്ങൾക്ക് ഒക്ടോബർ മാസത്തെ ഗിരിദീപം പേജ് 32-33 കാണുക.

## ടീം ക്വിസ് മത്സരം

ഈ വർഷത്തെ ടീം ക്വിസ് അതിരൂപതാമത്സരം 2020 ജനുവരി 25-ാം തീയതി ശനിയാഴ്ച ചെമ്പേരിയിൽ വച്ച് നടക്കുന്നതായിരിക്കും. അതിരൂപതാ മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ഒന്നാംസ്ഥാനം കിട്ടുന്ന ടീമാണ് അതിരൂപതയിൽ മത്സരിക്കേണ്ടത്. പഠനഭാഗം-നവംബർ മാസത്തെ ഗിരിദീപം പേജ് 42 കാണുക. നിബന്ധനകൾക്ക് മാർഗ്ഗരേഖ പേജ് 49 കാണുക.

## കൈയ്യെഴുത്ത് മാസിക

മേഖലാ തലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കയ്യെഴുത്തുമാസികകൾ ജനുവരി 25 ാം തീയതിക്കുള്ളിൽ അതിരൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

## ദിയാക്കോണിയ

ഡിസംബർ-ജനുവരി മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

1 ബൈബിൾ പകർത്തിയെഴുതൽ: ഇടവകാതലത്തിൽ ബൈബിൾ പകർത്തിയെഴുതൽ മത്സരം നടത്തുക.

2 വചനമരം: വചനം പഠിച്ച് ആകർഷകമായി എഴുതി ഇടവകാതലത്തിൽ നിശ്ചയിച്ചിരിക്കുന്ന മരത്തിൽ പ്രദർശിപ്പിക്കുക.

3. മുടങ്ങാതെ എല്ലാദിവസവും ഒരു അധ്യായം വചനം വായിക്കുക
4. ബൈബിൾ ക്ലാസ്സുകൾ-സെമിനാറുകൾ സംഘടിപ്പിക്കുക.

## അതിരൂപതാതല ക്രിസ്മസ് ആഘോഷം

അതിരൂപതാതല ക്രിസ്മസ് ആഘോഷം വായാട്ടുപറമ്പ-ആലക്കോട് മേഖലകളുടെ സഹകരണത്തോടെ കരുവഞ്ചാൽ ശാന്തിഭവനിൽ വച്ച് ഡിസംബർ 23ന് വൈകുന്നേരം നടത്തുന്നതായിരിക്കും.

## മിഷൻ പച്ചക്കറിതോട്ടം

മിഷൻ പച്ചക്കറിതോട്ടം രണ്ടാംഘട്ട സന്ദർശനത്തിനായി എക്സിക്യൂട്ടീവ് അംഗങ്ങൾ ഈ മാസം വരുന്നതാണ്.

## ബൈബിൾ ഞായർ

ഡിസംബർ 29-ാം തീയതി ബൈബിൾ ഞായറിനോടനുബന്ധിച്ച് എല്ലാ ശാഖകളിലും ബൈബിൾ ദിനാചരണം നടത്തുമല്ലോ. ഇടവകകളിലെ സാഹചര്യം അനുസരിച്ച് അന്നേദിവസം ബൈബിൾ പ്രതിഷ്ഠ, റാലി, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം എന്നിവ നടത്തുമല്ലോ. അതിരൂപതാതല ബൈബിൾ ഞായർ ആചരണം കാഞ്ഞങ്ങാട് മേഖലയിലെ ഉദയപുരം ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് ശാഖാവൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ജനുവരി 25-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് വി. കുർബ്ബാനയോടുകൂടി ചെമ്പേരി ലൂർദ്മാതാ ഫൊറോന ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതായിരിക്കും. എല്ലാ ശാഖാ-മേഖലാ വൈസ് ഡയറക്ടേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കുമല്ലോ. അന്നേദിവസം ജീവകാരുണ്യ കൂപ്പൺ സമ്മാന വിതരണം അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് നിർവ്വഹിക്കുന്നതാണ്.

## അഭിവന്ദ്യപിതാക്കന്മാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്ക ന്മാർക്കും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും മിഷൻ ഗ്രാമങ്ങൾക്കും ക്രിസ്മസ്-പുതുവത്സരാശംസാ കാർഡുകൾ അയക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മി പ്പിക്കുമല്ലോ.

## ശാഖാസന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസം തോമാപുരം, (ഡിസംബർ 1) വെള്ളരിക്കുണ്ട്, (ഡിസംബർ 15) പനത്തടി, (ഡിസംബർ 22) കാഞ്ഞങ്ങാട്, (ഡിസംബർ 29) എന്നീ മേഖലകൾ സന്ദർശിക്കുന്നതാണ്. അന്നേദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖയിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യണേ. അതോടൊപ്പം ഡയറക്ടർ അച്ചനെയും ശാഖ പ്രസിഡന്റിനെയും ഇക്കാര്യം അറിയിക്കുകയും ചെയ്യുമല്ലോ.

## പ്രത്യേക അറിയിപ്പ്

ജനുവരിമാസത്തിൽ പേരാവൂർ, കുന്നോത്ത്, തളിപ്പറമ്പ് മേഖലകൾ അതിരൂപതാ ടീം സന്ദർശിക്കുന്നതായിരിക്കും.

## മതാധ്യാപകദിനം - അതിരൂപതാതല ആഘോഷം

നവംബർ 3-ാം തീയതി ഞായറാഴ്ച വിളക്കന്നൂർ ശാഖയിൽവച്ച് അതിരൂപതാതല മതാധ്യാപക ദിനാഘോഷം നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം പൊതുസമ്മേളനത്തിൽ മതാധ്യാപകരെ ആദരിച്ചു. ശാഖാ ഡയറക്ടർ റവ.ഫാ. മാത്യു വേങ്ങക്കുന്നേൽ, ഹെഡ്മാസ്റ്റർ ടോമി കണിവേലിൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

## അതിരൂപതാ കലോത്സവം - ചെമ്പേരി മേഖല ജേതാക്കൾ

ഒക്ടോബർ 7-ാം തീയതി ചെമ്പേരിയിൽവച്ച് നടത്തപ്പെട്ട അതിരൂപതാ കലോത്സവത്തിൽ ചെമ്പേരി മേഖല, നെല്ലിക്കാംപൊയിൽ മേഖല, ചെറുപുഴ മേഖല യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ. അതിരൂപതാകലോ ത്സവത്തിന് വേണ്ട ക്രമീകരണങ്ങൾ ഏറ്റവും ഭംഗിയായി ഒരുക്കിയ ചെമ്പേരി ഫൊറോന വികാരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് അച്ചനും, ഷീൻ വേലിക്കകത്ത് സാറിന്റെ നേതൃത്വത്തിലുള്ള വിശ്വാസപരിശീലകർക്കും, മിഷൻലീഗ് ശാഖാ ഭാരവാഹികൾക്കും അംഗങ്ങൾക്കും യുവജനങ്ങൾക്കും ഇടവകാംഗങ്ങൾക്കും മേഖലാ ഡയറക്ടർ ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ അച്ചനും, ചെമ്പേരി മേഖലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദി.

## സംസ്ഥാന-അതിരൂപതാതല മിഷൻ ഞായർ ആഘോഷവും അസാധാരണ മിഷൻമാസ സമാപനവും

സംസ്ഥാന-അതിരൂപതാതല മിഷൻ ഞായർ ആഘോഷം ഒക്ടോബർ 27 ന് ഞായറാഴ്ച ചെമ്പന്തൊട്ടി ശാഖയിൽ വച്ച് നടന്നു. സംസ്ഥാന പ്രസിഡണ്ട് ബിനു മാങ്കൂട്ടം പതാക ഉയർത്തി. അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ദിവ്യബലിയർപ്പിച്ചു. ബിനു മാങ്കൂട്ടത്തിന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് ശ്രീ. ബേബി പ്ലാശ്ശേരി, ഫൊറോന വികാരി ഫാ. ജോസ് മാണിക്കത്താഴെ, ടോമി കണിവേലിൽ, ശാഖാ പ്രതിനിധി ഷൈനി തേക്കുംകാട്ടിൽ, ലയ മരിയ പാമ്പാടിയിൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. കാതറിൻ പുളിക്കൽ, ആൻമരിയ & ടീം, ജോസ്മി പെരുമ്പള്ളിൽ & ടീം, എലിസബത്ത് പുളിക്കൽ, ഇമ്മാനുവേൽ തണ്ടേൽ, ഫാബിയോ കടുപ്പിൽ, ആൻറണി പുത്തൻപുരയ്ക്കൽ & ടീം തുടങ്ങിയ കുട്ടികളുടെ വ്യത്യസ്തങ്ങളായ കലാപരിപാടികൾ സമ്മേളനത്തെ ആകർഷകമാക്കി. ചെമ്മഞ്ഞ കൊടികളും കൈകളിലേന്തി മുദ്രാവാക്യങ്ങളും

മുഴക്കിക്കൊണ്ട് പ്രേക്ഷിത തീക്ഷ്ണതയോടെ കുട്ടികൾ നടത്തിയ വിശ്വാസ പ്രഘോഷണ റാലിയിൽ ശാഖയിലെ മുഴുവൻ കുട്ടികളും പങ്കെടുത്തു. അതോടെ അസാധാരണ മിഷൻമാസ സമാപനത്തോടനുബന്ധിച്ച് മിഷൻ എക്സിബിഷനും നടത്തി. ഫാ. ജോസഫ് വേങ്ങക്കുന്നേൽ സ്വാഗതവും സംസ്ഥാന സെക്രട്ടറി ശ്രീ. ഷിനോ മോളത്ത് നന്ദിയും പറഞ്ഞു. ഹൃദ്യമായി പ്രോഗ്രാമുകൾ ക്രമീകരിച്ച ശാഖാ ഡയറക്ടർ ഫാ. ജോസ് മണിക്കത്താഴെ, അച്ചനും വൈസ് ഡയറക്ടർ സി. ജിൻസി എഫ്.സി.സിയ്ക്കും ജോസ് ചുക്കനാനി സാറിന്റെ നേതൃത്വത്തിലുള്ള വിശ്വാസപരിശീലകർക്കും ഇടവകാംഗങ്ങൾക്കും ശാഖാ-മേഖലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദി.

## മേഖലാ കൗൺസിൽ വാർഷികങ്ങൾ

23.11.2019ന് ചെമ്പേരി മേഖലാ കൗൺസിൽ വാർഷികവും 24.112019 ന് തോമാപുരം മേഖലാ കൗൺസിൽവാർഷികവും നടത്തപ്പെട്ടു.

## ആദരാഞ്ജലികൾ

സംസ്ഥാന പ്രസിഡന്റ് ബിനു മാങ്കൂട്ടത്തിന്റെ പിതാവ് ചാക്കോ മാങ്കൂട്ടത്തിൽ, അതിരൂപതാ പ്രസിഡന്റ് ബേബി പ്ലാശ്ശേരിയുടെ മരുമകൻ ജെഫിൻ പള്ളൂരത്തിൽ, കാഞ്ഞങ്ങാട് മേഖല ജൂണിയർ വൈസ്പ്രസിഡന്റ് ജോത്സന മാങ്കോട്ടയിലിന്റെ വല്യമ്മച്ചി കത്രീന എന്നിവരുടെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

## രാജത്വത്തിരുനാൾ ആഘോഷം ഭീമനടി ശാഖയിൽ

നവംബർ 24-ാം തീയതി ഞയറാഴ്ച ഭീമനടി ശാഖയിൽവെച്ച് അതിരൂപതാ തല രാജത്വത്തിരുനാൾ ആഘോഷം നടന്നു.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ

കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണീശോയുടെ മുഖം പാവപ്പെട്ടവരിൽ ദർശിക്കുവാനും അവരെ സഹായിക്കുവാനും ഈ ക്രിസ്മസ് നാളിൽ നമ്മുടെ കൊച്ചു ത്യാഗങ്ങളുടെ തുക മാറ്റിവയ്ക്കാം. ഒറീസയിലെ സാമ്പൽപൂർ രൂപതയിലെ ഗുദ്രാപാറ ഇടവക ബോർഡിങ്ങിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് കിടക്കുവാൻ ആവശ്യമായ കട്ടിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കുവാൻ സാമ്പൽപൂർ രൂപതാധ്യക്ഷൻ സഹായം അപേക്ഷിച്ചിട്ടുണ്ട്. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണഫണ്ട് ഈ വർഷം ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 5000 രൂപയാണ് വില. ഡബിൾ ഡക്കർ ഇരുമ്പ് കട്ടിലാണ് പണിയുന്നത്.

## ഉണർവ്വ് : എം.ടി.സി. ക്യാമ്പ്

ഈ വർഷത്തെ ഉണർവ്വ് എം.ടി.സി. ക്യാമ്പ് ഡിസംബർ 27, 28, തീയതിക

ളിൽ മേരിഗിരി മേഖലയിലെ റയറോം ശാഖയിൽ വച്ച് നടത്തുന്നതായിരിക്കും. 2016-17, 2017-18, 2018-19 വർഷങ്ങളിൽ അതിരൂപതാതലത്തിൽ സാംഗ്ലീ, വിജയവാഡ, അദിലാബാദ് എന്നീ സ്ഥലങ്ങളിൽ എം.ടി.സി. ക്യാമ്പിനായി പോയ കുട്ടികളാണ് പങ്കെടുക്കേണ്ടത്. ബഹു. വൈസ് ഡയറക്ടർമാർ കുട്ടികളെ ഇക്കാര്യം ഓർമ്മിപ്പിക്കുമല്ലോ. ക്യാമ്പ് 27ന് വൈകുന്നേരം 4.30ന് ആരംഭിച്ച് 28ന് ഉച്ചകഴിഞ്ഞ് 3മണിക്ക് അവസാനിക്കും9496900845, 8281255847 എന്നീ നമ്പറുകളിൽ കുട്ടികളോട് അതിരൂപതാ ഓഫീസിലേക്ക് ഫോൺ വിളിക്കാൻ പറയുമല്ലോ.

## സംസ്ഥാന കലോത്സവം-തലശ്ശേരി അതിരൂപത രണ്ടാം സ്ഥാനത്ത്

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2019-20 വർഷത്തെ സംസ്ഥാനമിഷൻ കലോത്സവത്തിൽ രണ്ടാംസ്ഥാനവും, സാഹിത്യമത്സരത്തിൽ 3-ാം സ്ഥാനവും, ഓവറോളിൽ 3-ാം സ്ഥാനവും, ജൂണിയർ ആൺ-പെൺ വിഭാഗത്തിൽ ഒന്നാംസ്ഥാനവും കരസ്ഥമാക്കി. രാമപുരം സെന്റ് അഗസ്തീനോസ് കോളേജിൽ വച്ച് നടന്ന കലോത്സവത്തിൽ അതിരൂപതയിൽനിന്നും 90 കലാപ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ വിജയികളായവർക്കും പങ്കെടുത്തവർക്കും അവരെ ഒരുക്കിയ ഡയറക്ടറച്ചന്മാർക്കും വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനും മാതാപിതാക്കൾക്കും ചെറുപുഷ്പ മിഷൻലീഗ് ശാഖാ-മേഖലാ-രൂപത ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

## സംസ്ഥാന സാഹിത്യ മത്സര വിജയികൾ

| സ്ഥാനം | പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|---|
| **ചെറുകഥ ജൂണിയർ ബോയ്സ്** | | | |
| B | ജോസഫ് അന്തിക്കാട്ട് | കള്ളാർ | പനത്തടി |
| C | ജോർജ് പ്ലാക്കൂട്ടത്തിൽ | ജോസ്മൗണ്ട് | പൈസക്കരി |
| **ചെറുകഥ ജൂണിയർ ഗേൾസ്** | | | |
| II A | തെരേസ പൈകയിൽ | പടന്നക്കാട് | കാഞ്ഞങ്ങാട് |
| A | ആൻ സ്കറിയ | പുള്ളിക്കാട്ടിൽ | മുളപ്ര ചെറുപുഴ |
| **ചെറുകഥ സീനിയർ ബോയ്സ്** | | | |
| A | ജോർജ് കല്ലുകുളങ്ങര | ബളാൽ | വെള്ളരിക്കുണ്ട് |
| A | തദേവൂസ് പാറേക്കാട്ടിൽ | കരിക്കോട്ടക്കരി | എടൂർ |
| **ചെറുകഥ സീനിയർ ഗേൾസ്** | | | |
| A | ആൻസ് മുപ്രപ്പള്ളി | മേലെചൊവ്വ | തളിപ്പറമ്പ് |
| A | തെരേസ ഉതിനാപറമ്പിൽ | പൊയ്നാച്ചി | കാഞ്ഞങ്ങാട് |
| **ചെറുകഥ സൂപ്പർ സീനിയർ ബോയ്സ്** | | | |
| II A | സോബി കായലപറമ്പിൽ | കടുമേനി | തോമാപുരം |
| III A | സേവ്യർ വലിയകാലായിൽ | ചായ്യോത്ത് | കാഞ്ഞങ്ങാട് |
| **ചെറുകഥ സൂപ്പർ സീനിയർ ഗേൾസ്** | | | |

| | | | |
|---|---|---|---|
| A | എലിസബത്ത് കുടക്കച്ചിറ | ചെടിക്കുളം | എടൂർ |
| A | അൽഫോൻസാ തയ്യിൽ | ചെറുപുഴ | ചെറുപുഴ |

**കവിത ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| B | ആൽബിൻ വെട്ടർതോട്ടം | കാസർഗോഡ് | കാഞ്ഞങ്ങാട് |
| B | സെബാസ്റ്റ്യൻ മറ്റത്തിൽ | മാട്ടറ | നെല്ലിക്കാംപോയിൽ |

**കവിത ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| C | ആഞ്ചല അഴകുംപറമ്പിൽ | വിജയഗിരി | ആലക്കോട് |
| C | ഹെലേന ചേരിയിൽ | ചെങ്ങോം | പേരാവൂർ |

**കവിത സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| B | ജോർജ് കണ്ണാംകുളം | കരിക്കോട്ടക്കരി | എടൂർ |
| C | ഫിലിപ്പ് പകലോമറ്റം | എടത്തൊട്ടി | പേരാവൂർ |

**കവിത സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| III B | അന്നമ്മ പകലോമറ്റം | എടത്തൊട്ടി | പേരാവൂർ |
| B | ആൻസ് മുപ്രപ്പള്ളി | മേലെചൊവ്വ | തളിപ്പറമ്പ് |

**കവിത സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | മാത്യു മണക്കാട്ട് | ഭീമനടി | വെള്ളരിക്കുണ്ട് |
| B | ജോസഫ് നെല്ലംകുഴി | കുടിയാൻമല | ചെമ്പേരി |

**കവിത സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| B | റോസ്മേരി കല്ലുപുരപ്പറമ്പിൽ | കരിക്കോട്ടക്കരി | എടൂർ |
| B | മേരി തേക്കുംകാട്ടിൽ | നിർമ്മലഗിരി | പേരാവൂർ |

**ഉപന്യാസം ജൂനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ലൂക്ക് നെല്ലിക്കാട്ടിൽ | കുളിനീർ | തോമാപുരം |
| A | ജേക്കബ് കുളത്തിനപ്രായിൽ | കുന്നോത്ത് | കുന്നോത്ത് |

**ഉപന്യാസം ജൂനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | അലീന പള്ളിച്ചിറ | പൈസക്കരി | പൈസക്കരി |
| A | റോസ്മേരി പാത്രപാങ്കൽ | തിരുമേനി | ചെറുപുഴ |

**ഉപന്യാസം സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| A | ക്രിസ്റ്റഫർ തകിടിയേൽ | നെടുവാലൂർ | ചെമ്പന്തൊട്ടി |
| A | മാത്യു കുന്നിന് | ആനറ | നെല്ലിക്കാംപോയിൽ |

**ഉപന്യാസം സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| A | എലിസബത്ത് പുളിങ്കാലായിൽ | ചുള്ളി | വെള്ളരിക്കുണ്ട് |
| A | മേരി പേക്കാടൻകുഴിയിൽ | ഉളിക്കൽ | നെല്ലിക്കാംപോയിൽ |

**ഉപന്യാസം സൂപ്പർസീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| A | മാത്യു വണ്ടാകുന്നേൽ | പൈസക്കരി | പൈസക്കരി |
| A | ജോസ് കാനാട്ട് | പുറവയൽ | നെല്ലിക്കാംപോയിൽ |

**ഉപന്യാസം സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| A | മേരി ഊഴിയാമന്നത്ത് | മണിക്കടവ് | നെല്ലിക്കാംപോയിൽ |
| A | അന്നമ്മ വിലങ്ങുപാറ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |

**സബ് ജൂണിയർ- ജലഛായം**

| | | | |
|---|---|---|---|
| B | അൽഫോൻസ പനമറ്റത്തിൽ | പൊട്ടംപ്ലാവ് | ചെമ്പേരി |
| C | ആൻറോസ് ആലുങ്കൽതാഴെ | മണക്കടവ് | ആലക്കോട് |

**ജൂണിയർ -ചിത്രരചന**

| | | | |
|---|---|---|---|
| A | തെരേസ അയ്യങ്കനാൽ | ചെമ്പേരി | ചെമ്പേരി |
| A | ആൻമരിയ മരങ്ങാട്ട്മാലിൽ | നെല്ലിക്കാംപോയിൽ | നെല്ലിക്കാംപോയിൽ |

**സീനിയർ-ചിത്രരചന**

| | | | |
|---|---|---|---|
| B | എലിസബത്ത് കുമ്പളാനിക്കൽ | കടുമേനി | തോമാപുരം |
| B | ജോസഫ് പനമറ്റത്തിൽ | പരപ്പ | ആലക്കോട് |

## സംസ്ഥാന കലാമത്സര വിജയികൾ -2019

**സ്ഥാനം പേര് വീട്ടുപേര് ഇടവക മേഖല**

**സബ് ജൂനിയർപ്രസംഗം ബോയ്സ്**

| | | | |
|---|---|---|---|
| II A | വർഗ്ഗീസ് പുത്തൻപുരയ്ക്കൽ | ഭീമനടി | വെള്ളരിക്കുണ്ട് |
| III A | തോമസ് തടിക്കൽ | കരുവൻഞ്ചാൽ | വായാട്ടുപറമ്പ് |

**സബ് ജൂനിയർപ്രസംഗം ഗേൾസ്**

| | | | |
|---|---|---|---|
| I A | ദിയ എലിസബത്ത് കുളത്തിനാൽ | ഉദയഗിരി | ആലക്കോട് |
| II A | എലിസബത്ത് പാറമുണ്ടയിൽ | കണ്ണിവയൽ | തോമാപുരം |

**സബ് ജൂനിയർ സംഗീതം ബോയ്സ്**

| | | | |
|---|---|---|---|
| I A | തോമസ് പുത്തൻപുരയ്ക്കൽ | കരിക്കോട്ടക്കരി | എടൂർ |
| B | ജെഫിൻ വള്ളോംക്കൊട്ട് | നെല്ലിക്കുറ്റി | ചെമ്പേരി |

**സബ് ജൂനിയർ സംഗീതം ഗേൾസ്**

| | | | |
|---|---|---|---|
| A | സാനിയ നടുവിലെമുറി | നെല്ലിക്കാംപോയിൽ | നെല്ലിക്കാംപോയിൽ |
| A | മരിയ പാലുകൊഴുപ്പിൽ | എടൂർ | എടൂർ |

**സബ് ജൂനിയർ ബൈബിൾവായന ബോയ്സ്**

| | | | |
|---|---|---|---|
| A | ജോർജിൻ തുരുത്തിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| A | വർഗ്ഗീസ് തച്ചനാലിൽ | നെല്ലിക്കാംപോയിൽ | നെല്ലിക്കാംപോയിൽ |

**സബ് ജൂനിയർ ബൈബിൾവായന ഗേൾസ്**

| | | | |
|---|---|---|---|
| A | ത്രേസ്യാമ്മ പൂവന്നിൽകുന്നതിൽ | ഉദയപുരം | കാഞ്ഞങ്ങാട് |
| A | റോസ്മരിയ മണ്ണൂർ | നെല്ലിപ്പാറ | ആലക്കോട് |

**സബ് ജൂനിയർ നാടോടിനൃത്തം ഗേൾസ്**

| | | | |
|---|---|---|---|
| IA | തെരേസ് ചിറപുറത്ത് | ആലക്കോട് | ആലക്കോട് |
| III A | ആഗ്നസ് വെട്ടുകുഴിയിൽ | മണിക്കടവ് | നെല്ലിക്കാംപോയിൽ |

**സബ് ജൂനിയർ കഥാപ്രസംഗം**

| | | | |
|---|---|---|---|
| II A | അന്നമ്മ പുതുപ്പറമ്പിൽ | ആയന്നൂർ | തോമാപുരം |

**ജൂനിയർപ്രസംഗം ബോയ്സ്**

| | | | |
|---|---|---|---|
| III A | തോമസ് ഞാമത്തോലിൽ | വെളിമാനം | എടൂർ |
| A | ഡിജിൽ പാലമലയിൽ | പേരാവൂർ | പേരാവൂർ |

**ജൂനിയർപ്രസംഗം ഗേൾസ്**

| | | | |
|---|---|---|---|
| A | റോസ്മരിയ പറയേരുപറമ്പിൽ | നെല്ലിപ്പാറ | ആലക്കോട് |
| A | ബ്രിജീത്ത വട്ടപ്പാറയ്ക്കൽ | തേർമല | നെല്ലിക്കാംപോയിൽ |

**ജൂനിയർസംഗീതം ഗേൾസ്**

| | | | |
|---|---|---|---|
| IA | ജോൺ പുതിയപറമ്പിൽ | കൊളക്കാട് | പേരാവൂർ |
| A | മനസ് മാവുങ്കൽ | നെല്ലിക്കുറ്റി | ചെമ്പേരി |

**ജൂനിയർസംഗീതം ഗേൾസ്**

| | | | |
|---|---|---|---|
| IA | ടെസ്‌ലിൻ ഷാജി | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| IIA | മെറിൻ മേലുകുന്നേൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |

**ജൂനിയർക്വിസ് ബോയ്സ്**

| | | | |
|---|---|---|---|
| IA | ജോസഫിൻ കളരിക്കൽ | ഉളിക്കൽ | നെല്ലിക്കാംപോയിൽ |
| IIA | ജേക്കബ്ബ് കുളത്തിനപ്രായിൽ | കുന്നോത്ത് | കുന്നോത്ത് |

**ജൂനിയർക്വിസ് ഗേൾസ്**

| | | | |
|---|---|---|---|
| IA | റോസ് തോട്ടത്തിൽ | രണ്ടാംകടവ് | കുന്നോത്ത് |
| A | അൽഫോൻസ കാരന്താനം | തളിപ്പറമ്പ് | തളിപ്പറമ്പ് |

**ജൂനിയർ നാടോടിനൃത്തം ഗേൾസ്**

| | | | |
|---|---|---|---|
| IA | മൃദുല തെങ്ങുംപള്ളി | കടുമേനി | തോമാപുരം |
| IIA | ആൻമരിയ ഐക്കരക്കുന്നേൽ | നെല്ലിക്കാംപോയിൽ | നെല്ലിക്കാംപോയിൽ |

**ജൂനിയർ കഥാപ്രസംഗം**

| | | | |
|---|---|---|---|
| B | ആൻമരിയ മണലുംകുഴി | ചെമ്പേരി | ചെമ്പേരി |

**സീനിയർപ്രസംഗം ബോയ്സ്**

| | | | |
|---|---|---|---|
| A | ക്രിസ്റ്റി പേഴുംകാട്ടിൽ | പേരട്ട | കുന്നോത്ത് |
| A | ജോമോൻ ജോയി നൂറൻമാക്കൽ | പുളിങ്ങോം | ചെറുപുഴ |

**സീനിയർപ്രസംഗം ഗേൾസ്**

| | | | |
|---|---|---|---|
| A | മരിയ പുതിയേടത്ത് | ചന്ദനക്കാംപാറ | പൈസക്കരി |
| A | അന്ന മുത്തുമാംക്കുഴി | തളിപ്പറമ്പ് | തളിപ്പറമ്പ് |

**സീനിയർസംഗീതം ബോയ്സ്**

| | | | |
|---|---|---|---|
| A | ജോർജ് കൈതയ്ക്കൽ | കരുവൻഞ്ചാൽ | വായാട്ടുപറമ്പ് |
| A | ടോം തൈപാടത്ത് | ഉളിക്കൽ | നെല്ലിക്കാംപോയിൽ |

**സീനിയർസംഗീതം ഗേൾസ്**

| | | | |
|---|---|---|---|
| A | അബിഗേയിൽ ഏർത്തയിൽ | പൈസക്കരി | പൈസക്കരി |
| B | അന്ന വള്ളോക്കോട്ട് | നെല്ലിക്കുറ്റി | ചെമ്പേരി |

**സീനിയർക്വിസ് ബോയ്സ്**

| | | | |
|---|---|---|---|
| A | ജോസഫ് കുന്നത്താലായിൽ | കള്ളാർ | പനത്തടി |
| C | കുര്യൻ കുളിരണി | ചെമ്പേരി | ചെമ്പേരി |

**സീനിയർക്വിസ് ഗേൾസ്**

| | | | |
|---|---|---|---|
| A | ആൻമരിയ കച്ചിറയിൽ | മാമ്പോയിൽ | ആലക്കോട് |
| B | മേരി മാമ്പുഴയ്ക്കൽ | രാജഗിരി | ചെറുപുഴ |

**സീനിയർ കഥാപ്രസംഗം**

| | | | |
|---|---|---|---|
| A | റോസ്മരിയ കാഞ്ഞമല | കടുമേനി | തോമാപുരം |

**സൂപ്പർ സീനിയർപ്രസംഗം ബോയ്സ്**

| | | | |
|---|---|---|---|
| B | ഷൈബി കുഴിവേലിപ്പുറത്ത് | ചെമ്പേരി | ചെമ്പേരി |
| B | ഫിലിപ്പ് പാറേക്കാട്ടിൽ | തിരുമേനി | ചെറുപുഴ |

**സൂപ്പർ സീനിയർപ്രസംഗം ഗേൾസ്**

| | | | |
|---|---|---|---|
| A | മേരി ഊഴിയാമന്നത്ത് | മണിക്കടവ് | നെല്ലിക്കാംപോയിൽ |

**സൂപ്പർ സീനിയർസംഗീതം ബോയ്സ്**

| | | | |
|---|---|---|---|
| A | അബിഷേക് ജോസഫ് | നീലേശ്വരം | കാഞ്ഞങ്ങാട് |
| A | ജോസഫ് ഉണ്ണിയാപ്പള്ളി | കാഞ്ഞിരക്കൊല്ലി | നെല്ലിക്കാംപോയിൽ |

**സൂപ്പർ സീനിയർസംഗീതം ഗേൾസ്**

| | | | |
|---|---|---|---|
| A | എലിസബത്ത് കുഴിമണ്ണിൽ | കുന്നോത്ത് | കുന്നോത്ത് |
| A | ഏലിക്കുട്ടി വേങ്ങത്താനം | എടൂർ | എടൂർ |

**സൂപ്പർ സീനിയർക്വിസ് ബോയ്സ്**

| | | | |
|---|---|---|---|
| I A | സെബാസ്റ്റ്യൻ ചിറ്റംവേലിൽ | ചെടിക്കുളം | എടൂർ |

**സൂപ്പർ സീനിയർക്വിസ് ഗേൾസ്**

| | | | |
|---|---|---|---|
| I A | ജെസ്ന മണിമല | പാടാംകവല | പൈസക്കരി |
| A | ആൻസമ്മ പുതുപ്പള്ളിൽ | കോടോപ്പള്ളി | മേരിഗിരി |

**പരിചമുട്ട് ബോയ്സ്**

| | | | |
|---|---|---|---|
| A | മാത്യു പുളിക്കൽ & ടീം | ചെറുപുഴ | ചെറുപുഴ |

**മാർഗ്ഗംകളി ഗേൾസ്**

| | | | |
|---|---|---|---|
| III A | ഡോണ താഴത്തറക്കൽ & ടീം | മുണ്ടാനൂർ | നെല്ലിക്കാംപോയിൽ |

**സമൂഹഗാനം**

| | | | |
|---|---|---|---|
| II A | മാത്യു മഞ്ഞക്കാട്ടിൽ & ടീം | നെല്ലിക്കുറ്റി | ചെമ്പേരി |

**മിഷൻ ആന്തം**

| | | | |
|---|---|---|---|
| A | അലീന പാട്ടശ്ശേരി & ടീം | ചെറുപുഴ | ചെറുപുഴ |

**ബൈബിൾ ദൃശ്യാവതരണം**

| | | | |
|---|---|---|---|
| III A | ഐസക്ക് തെക്കേവലയിൽ & ടീം | ചെറുപാറ | മേരിഗിരി |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

വീണ്ടുമൊരു ക്രിസ്തുമസ്സ് നാളിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കൊച്ചുകൊച്ചു സുകൃതങ്ങളും ത്യാഗങ്ങളും നന്മപ്രവൃത്തികളും കോർത്തിണക്കി നമ്മുടെ കൊച്ചുഹൃദയങ്ങളിൽ ഉണ്ണീശോയ്ക്ക് പിറക്കാൻ മനോഹരമായ പുൽക്കൂടു നിർമ്മിക്കാം. ഉണ്ണീശോയുടെ എല്ലാ കൊച്ചുകൂട്ടുകാർക്കും ഒരായിരം ക്രിസ്മസ് മംഗളങ്ങൾ...

## 'നിറം കൊടുക്കാമോ' നവംബർ മാസത്തെ വിജയികൾ

| | | |
|---|---|---|
| I | തോമസ് അരുമന | - ബദിയഡുക്ക |
| II | ബെല്ലറോസ് കല്ലാനിക്കവയലിൽ | - നെടുംപുറംചാൽ |
| III | റിസമരിയ സ്രാകത്ത് | - നെല്ലിക്കുറ്റി |

## 'നിങ്ങൾക്കറിയാമോ'? വിജയികൾ

| | | |
|---|---|---|
| I | ക്രിസ്റ്റ മരിയ അരീപറമ്പിൽ | - കണ്ണിവയൽ |
| II | ആൻസില | - കോടോപ്പള്ളി |
| III | അൽഫോൻസ അറയ്ക്കപ്പറമ്പിൽ | - വെള്ളരിക്കുണ്ട്. |

## മദർതെരേസ ഫാൻസിഡ്രസ്സ് വിജയികൾ

| | | |
|---|---|---|
| I | അപർണ്ണ തോമസ് | - പുളിങ്ങോം |
| II | ഈവ എത്സ മണ്ണൂർ | - മുത്താറിക്കുളം |
| III | ബെൻലിറ്റ് | - കുട്ടാപറമ്പ് |

## പ്രോത്സാഹന സമ്മാനങ്ങൾക്ക് അർഹരായവർ

അൽഫോൻസ് മരിയ (പുളിങ്ങോം), അൽഫോൻസ് വേട്ടർമുറിയിൽ (ആലക്കോട്), അമല തോമസ് (പുളിങ്ങോം), ആൻഡ്രിയ അടിച്ചിലുമാക്കൽ (രാജമുടി), എയ്ഞ്ചൽ കൊട്ടാരം (കണിച്ചാർ), അക്ഷയ എലിസബത്ത് (വായാട്ടുപറമ്പ്), ഇവലിൻ മേച്ചേരി കുളങ്ങര (പാലാവയൽ), ഫ്ളോറ പേണ്ടാനത്ത് (തയ്യേനി), തെരേസ (പൈസക്കരി) എമിൽ അൽഫോൻസ വടക്കേൽ (കുന്നോത്ത്)

## ഈശോയെപ്പോലെ പഠിക്കാം...

കുഞ്ഞുകൂട്ടുകാരേ, ഈ മാസം ഈശോയെപ്പോലെ പഠിക്കാം എന്ന ആറാം അധ്യായം പഠിക്കാം. കുഞ്ഞുമക്കളേ, ഈശോ മാതാപിതാക്കൾക്ക് വിധേയനായി ജീവിക്കുകയും നന്മചെയ്ത് നാടുതോറും ചുറ്റിസഞ്ചരിക്കുകയും ചെയ്തു.

എന്തുകൊണ്ടാണ് ഈശോയ്ക്ക് ഇങ്ങനെ വളരാൻ സാധിച്ചത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?. ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നതുകൊണ്ടും നന്നായി പഠിച്ചിരുന്നതുകൊണ്ടുമാണ്. ദൈവവചനത്തെക്കുറിച്ചും കുടുംബത്തിലെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും ഈശോ നന്നായി മനസ്സിലാക്കിയിരുന്നു. കുഞ്ഞുമക്കളേ, നിങ്ങളും ഈശോയെപ്പോലെ നന്നായി പഠിക്കുകയും, മാതാപിതാക്കൾക്ക് വിധേയരായി ജീവിക്കുകയും വേണം കേട്ടോ... ഈശോ കൂട്ടുകാരെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു...

## പ്രത്യേക ശ്രദ്ധയ്ക്ക്

തിരുബാലസഖ്യം വർക്ക് ബുക്കിലെ നിങ്ങൾക്കറിയാമോ? ചിത്രം എന്നിവ അതിരൂപതയിലേയ്ക്ക് അയച്ചുതരുമ്പോൾ കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി എഴുതുവാൻ ശ്രദ്ധിക്കുമല്ലോ.

## തിരുബാലസഖ്യ കലോത്സവം

തിരുബാലസഖ്യം അതിരൂപതാതല കലോത്സവം (എയ്ഞ്ചൽസ്ഫെസ്റ്റ്) ജനുവരി 11-ാം തീയതി ശനിയാഴ്ച ചെമ്പേരി നിർമ്മല സ്കൂളിൽവച്ച് നടത്തുന്നതാണ്. അതിനുമുമ്പ് മേഖലകളിൽ മത്സരം നടത്തി ഡിസംബർ 30 ന് മുമ്പ് ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. തിരുബാലസഖ്യമത്സരങ്ങളെക്കുറിച്ചുള്ള നിബന്ധനകൾ തിരുബാലസഖ്യവർക്ക് ബുക്ക് പേജ് 43-44ൽ കൊടുത്തിട്ടുണ്ട്. എന്തെങ്കിലും സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

## ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് ജനുവരി 25-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് വി. കുർബ്ബാനയോടുകൂടി ചെമ്പേരി ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽവച്ച് നടക്കുന്നു എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. എല്ലാ വൈസ്ഡയറക്ടേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കുമല്ലോ.

## അഭിവന്ദ്യ പിതാക്കന്മാർക്ക് കത്ത്

ക്രിസ്തുമസ്സിനോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാർക്ക് ക്രിസ്മസ് ആശംസകളറിയിക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ക്രിസ്മസ് സന്ദേശമത്സരം

ക്രിസ്മസിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്കായി ക്രിസ്മസ് സന്ദേശമത്സരം നടത്തപ്പെടുന്നു. ശാഖയിൽനിന്ന് ആൺപെൺ വ്യത്യാസമില്ലാതെ 2 കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. ക്രിസ്മസ് സന്ദേശം വീഡിയോ ആയി ഡിസംബർ 31ന് മുമ്പ് അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം അയ

യ്ക്കുമല്ലോ. തിരുബാലസഖ്യം ഈമെയിലിലാണ് അയയ്ക്കേണ്ടത്. Email - holychildhoodtly01@gmail.com. ഈ-മെയിലിൽ അയയ്ക്കാൻ സാധിക്കാതെ വന്നെങ്കിൽമാത്രം 9496900845 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയയ്ക്കാവുന്നതാണ്. അയയ്ക്കുമ്പോൾ കുട്ടിയുടെ പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ, അംഗത്വകാർഡ് നമ്പർ എന്നിവ പ്രത്യേകം എഴുതേണ്ടതാണ്.

സമയം: 4 മിനിറ്റ്. ഭാഷാശൈലി, സ്ഫുടത, ഭാവം, സന്ദേശത്തിന്റെ ആനുകാലിക പ്രസക്തി വിഷയാവതരണം മുതലായവ വിലയിരുത്തപ്പെടും.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ

ഒറീസയിലെ സാമ്പൽപൂർ രൂപതയിലെ ഗുദ്രാപാറ ഇടവക ബോർഡിങ്ങിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് കിടക്കുവാൻ ആവശ്യമായ കട്ടിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കുവാൻ സാമ്പൽപൂർ രൂപതാധ്യക്ഷൻ കുട്ടികളായ നമ്മളുടെ സഹായം അപേക്ഷിച്ചിട്ടുണ്ട്. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവച്ചാലോ. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണഫണ്ട് ഈ വർഷം ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 5000 രൂപയാണ് വില. ഡബിൾ ഡക്കർ ഇരുമ്പ് കട്ടിലാണ് പണിയുന്നത്.

## സെമിനാറുകൾ - ക്യാമ്പുകൾ

- 3-11-2019 ന് മണ്ടളം ശാഖയിലെ തിരുബാലസഖ്യം കുട്ടികൾക്ക് സി. റോഷ്നി ക്ലാസ്സ് എടുത്തു.
- 10-11-2019 ന് ജയ്ഗിരി ശാഖയിലെ കുട്ടികൾക്ക് ഫാ. ജോസഫ് വേങ്ങക്കുന്നേൽ ക്ലാസ്സ് എടുത്തു.
- 10-11-2019 ന് കാർത്തികപുരം ശാഖയിലെ കുട്ടികൾക്ക് സി. റോഷ്നി ക്ലാസ്സ് എടുത്തു.

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ




**" Go MAD " - Make A Difference**

നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല.
നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ് (ക്രിസ്തൂസ് വിവിദ് 5:178).

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

## കർഷക പ്രക്ഷോഭം വാഹന പ്രചരണ ജാഥ (നവംബർ 29.30)

ഉത്തര മലബാർ കർഷക പ്രക്ഷോഭത്തിന്റെ വിളംബരത്തിനായി കാസർഗോഡ് മുതൽ തലശ്ശേരി വരെ വാഹന പ്രചരണ ജാഥ നടത്തുന്നു. കെ സി വൈ എം, എസ് എം വൈ എം ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിളബര ജാഥയിൽ യുവജനങ്ങൾ പ്രധാനപ്പെട്ട പട്ടണങ്ങളിൽ സംസാരിക്കുന്നു. കാസർഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം, പയ്യന്നൂർ, ചെർക്കള, പൊയ്നാച്ചി, പെരിയ, മാവുങ്കാൽ, ചെറുവത്തൂർ, പിലാത്തറ, പഴയങ്ങാടി, പരിയാരം, തളിപ്പറമ്പ്, കണ്ണൂർ എന്നീ നഗരങ്ങളിലൂടെ (നവംബർ 29,30 വെള്ളി, ശനി) ദിവസങ്ങളിലാണ് വാഹന പ്രചരണ ജാഥ.

## കാവൽ

ലവ് ജിഹാദുമായി ബന്ധപ്പെട്ട് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്ത് വന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ലവ് ജിഹാദിന്റെ ഊരാക്കുടുക്കിൽ വീഴാതെ, സഹോദരിമാർക്ക് **'കാവൽ'** നില്ക്കുക എന്ന ലക്ഷ്യത്തോടെ **'കാവൽ'** എന്ന പേരിൽ ഒരു ബോധവല്ക്കരണ ക്യാമ്പൈൻ തലശ്ശേരി രൂപതയിലെ കെ സി വൈ എം, എസ് എം വൈ എം ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. 'കാവൽ'കൗമാരക്കാർക്കും അവരുടെ മാതാപിതാക്കൾക്കുംവേണ്ടിയാണ് നടത്തപ്പെടുന്നത്. കാവൽ നടത്താൻ ആഗ്രഹിക്കുന്നവർ ദയവായി ഓഫീസുമായി ബന്ധപ്പെടുക.

## 28-ാമത് അതിരൂപതാ അർദ്ധവാർഷിക സെനറ്റ്

തലശ്ശേരി അതിരൂപത കെ സി വൈ എം, എസ് എം വൈ എം 28-ാമത് അർദ്ധവാർഷിക സെനറ്റ് നവംബർ 3 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് തളിപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് സിജോ കണ്ണേഴത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സെനറ്റ് തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. അബ്രാഹം പോണാട്ട് ഉദ്ഘാടനം ചെയ്തു. 16 ഫൊറോനകളിൽ നിന്നുമായി 95 സെനറ്റ് അംഗങ്ങൾ പങ്കെടുത്തു. എല്ലാ ഫൊറോനകളും തങ്ങളുടെ പ്രവർത്തന

റിപ്പോർട്ടുകൾ സെനറ്റിനു മുമ്പിൽ അവതരിപ്പിച്ചു. തലശ്ശേരി രൂപതയുടെ ഒക്ടോബർ 31 വരെയുള്ള റിപ്പോർട്ട് ജനറൽ സെക്രട്ടറി വിപിൻ മാറുകാട്ടുകുന്നേലും, കണക്ക് ബോണി ജോണും സെനറ്റിൽ അവതരിപ്പിച്ച് പാസാക്കി. അതിരൂപത ജോയിൻ സെക്രട്ടറി സ്ഥാനത്തേക്ക് ഇലക്ഷൻ നടത്തി. തോമാപുരം ഫൊറോനയിലെ കൗൺസിലർ ആനി ചാക്കോ കാവുകാട്ട് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. സെനറ്റ് ഭംഗിയായി നടത്താൻ അദ്ധ്വാനിച്ച ഫൊറോന ഡയറക്ടർ വിപിൻ വലിയനിരപ്പിൽ അച്ചനും, പ്രസിഡന്റ് ശ്രി. അമൽ ജോയിക്കും ടീം അംഗങ്ങൾക്കും, യൂണിറ്റ് ഭാരവാഹികൾക്കും, സ്ഥലസൗകര്യങ്ങൾ ഒരുക്കി തന്ന് സഹകരിച്ച ഫൊറോന വികാരി അബ്രാഹം പോണാട്ട് അച്ചനും, കൊച്ചച്ചനും, സെനറ്റിൽ പങ്കെടുത്ത ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, വിവിധ ഫൊറോനക ളിൽ നിന്നും വന്ന സെനറ്റ് അംഗങ്ങൾ എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

# റൂട്ട്സ് 2K19

വേരുകളിലേക്ക് മടങ്ങുക എന്ന ഫ്രാൻസീസ്സ് മാർപാപ്പായുടെ ആഹ്വാന പ്രകാരം  കെ സി വൈ എം, എസ് എം വൈ എം  തലശ്ശേരി അതിരൂപത വേരുകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ  നല്കിയ ROOTS 2K19 പേരിനെ സൂചിപ്പിക്കുന്നതത് പോലെ തന്നെ ഓരോ ഫൊറോനയും ഏറ്റെടുക്കുകയും റൂട്ട്സ് പ്രോഗ്രാം സംഘടിപ്പിക്കുകയും ചെയ്തു. ആഘോഷമായ പ്രയർ സെഷൻസ് പഠന ശിബിരം, മോട്ടിവേഷൻ ക്ലാസ്സുകൾ, ഗെയിംസ് സെഷൻ, ക്യാമ്പ് ഫയർ തുടങ്ങിയവ ഓരോ ഫൊറോനയും വളരെ മികച്ച രീതിയിൽ തന്നെ ക്രമീകരിച്ചു. കാലഘട്ടത്തിന് അനുസരിച്ച് ഫ്രാൻസീസ്സ് മാർപാപ്പ വിഭാവനം ചെയ്ത പോലെ യുവജനങ്ങൾ ഒരുമിച്ച് കൂടുവാൻ അവസരം ഒരുക്കി, പള്ളി മുറ്റം യുവജനങ്ങളുടെ സാനിധ്യം കൊണ്ടും, സന്തോഷം കൊണ്ടും ആഘോഷമാക്കി മാറ്റുവാൻ സഹകരിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

## ROOTS 2K19 – നടന്ന ഫൊറോനകൾ – പങ്കെടുത്ത യൂണിറ്റുകൾ

## ആലക്കോട്

ROOTS 2K19 – **കാർത്തികപുരം** യൂണിറ്റിൽ വച്ച് ഉദയഗിരി, മണക്കടവ്, ജയഗിരി, മാംമ്പൊയിൽ, അരിവിളഞ്ഞ പൊയിൽ, ചീക്കാട് തുടങ്ങിയ യൂണിറ്റുകൾ ചേർന്ന് നവംബർ 10 –ാം തിയ്യതി നടന്ന റൂട്ട്സ് കെ സി വൈ എം പ്രസിഡന്റ് ശ്രീ. സിജോ കണ്ണേഴത്ത് ഉദ്ഘാടനം ചെയ്തു. 140 യുവജനങ്ങൾ പങ്കെടുത്തു. ശ്രീ. സിജോ കണ്ണേഴത്ത് ക്ലാസ്സിന് നേതൃത്വം നല്കി. 5.30 ന് ആരംഭിച്ച് 9.30 അവസാനിച്ചു.

ROOTS 2K19 – **കുട്ടാപറമ്പ്**  യൂണിറ്റിൽ വച്ച് 24.11.19 ന് നടന്ന റൂട്ട്സ് കെ.സി. വൈ.എം. അതിരൂപതാ ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരി ഉദ്ഘാടനം ചെയ്തു. പങ്കെടുത്ത യൂണിറ്റുകൾ നെല്ലിപ്പാറ, പരപ്പ, ആലക്കോട്, ഒറ്റത്തൈ, കാപ്പിമല, കുട്ടാപറമ്പ് 200 യുവജനങ്ങൾ പങ്കെടുത്തു. 5 മണിക്ക്

ആരംഭിച്ച് 9.20 ന് അവസാനിച്ച പ്രോഗ്രാമിൽ അതിരൂപതാ ഡയറക്ടർ ക്ലാസ്സ് നയിച്ചു. ആനിമേറ്റർ സി. പ്രീതി മരിയ സന്നിഹിതയായിരുന്നു.

## ചെമ്പന്തൊട്ടി

ROOTS 2K19 - **വെണ്ണക്കല്ല്** യൂണിറ്റിൽ നടന്ന റൂട്ട്സ് നെടുവാലൂർ, നെല്ലിക്കുന്ന്, യൂണിറ്റുകൾ ചെർന്ന് ഒക്ടോബർ 13 -ാം തിയ്യതി നടത്തി. ഉദ്ഘാടനകർമ്മം റവ. ഫാ. സോണി വടശ്ശേരി നിർവ്വഹിക്കുകയും ക്ലാസ്സിന് നേതൃത്വം നൽകുകയും ചെയ്തു, 65 യുവജനങ്ങൾ ഉണ്ടായിരുന്നു. അതിരൂപതാ പ്രസിഡന്റ് സിജോ കണ്ണേഴത്ത് പങ്കെടുത്തു.

ROOTS 2K19 - **കരയത്തുംചാൽ** യൂണിറ്റിൽ വച്ച് ചെമ്പന്തൊട്ടി, ചേപ്പറമ്പ്, തുടങ്ങിയ യൂണിറ്റുകൾ ചേർന്ന് ഒക്ടോബർ 20 ന് നടത്തിയ റൂട്ട്സ് റവ. ഫാ. ജോർജ് ചേലമരം ഉദ്ഘാടനം ചെയ്തു. ക്ലാസ്സിന് റവ. ഫാ. സോണി വടശ്ശേരി നേതൃത്വം നല്കി. അതിരൂപതാ ആനിമേറ്റർ സി. പ്രതി മരിയ സി.എം.സി. യും അതിരൂപതാ ഭാരവാഹികളും 62 യുവജനങ്ങളും പങ്കെടുത്തു.

ROOTS 2K19 - **മണ്ടളം** യൂണിറ്റിൽ വച്ച് നടുവിൽ, വെളക്കന്നൂർ തുടങ്ങിയ യൂണിറ്റുകൾ ചേർന്ന് നവംബർ 3-ാം തിയ്യതി നടത്തിയ റൂട്ട്സിൽ 87 യുവജനങ്ങൾ പങ്കെടുത്തു. ജോമോൻ കരിനാട്ട്, അതിരൂപത ജനറൽ സെക്രട്ടറി വിപിൻ മാറുകാട്ടുകുന്നേൽ എന്നിവർ ക്ലാസ്സിന് നേതൃത്വം നല്കി. അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

ROOTS 2K19 - **കോട്ടൂർ** യൂണിറ്റിൽ വച്ച് ശ്രീകണ്ഠാപുരം, കോട്ടൂർവയൽ തുടങ്ങിയ യൂണിറ്റുകൾ ചേർന്ന് നവംബർ 17 -ാം തിയ്യതി നടത്തിയ റൂട്ട്സ് റവ. ഫാ. ജോർജ്ജ് ചേലമരം ഉദ്ഘാടനം ചെയ്തു. 49 യുവജനങ്ങൾ പങ്കെടുത്തു. ഡോ. സുജൻ തോമസ്സ് ക്ലാസ്സിന് നേതൃത്വം നൽകി.

**ചെറുപുഴ** : ROOTS 2K19 - **തിരുമേനി** യൂണിറ്റിൽ വച്ച് താബോർ, മുളപ്ര തുടങ്ങിയ യൂണിറ്റുകൾ ചേർന്ന് നവംബർ 16-ാം തിയ്യതി നടത്തിയ റൂട്ട്സ് റവ. ഫാ ജോർജ്ജ് വണ്ടർകുന്നേൽ ഉദ്ഘാടനം ചെയ്തു.150 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാമിൽ റവ. ഫാ. സോണി വടശ്ശേരി ക്ലാസ്സ് നയിച്ചു. അതിരൂപതാ ആനിമേറ്റർ സി. പ്രീതി മരിയ സി.എം.സി. യും അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു.

**ചെമ്പേരി** : ROOTS 2K19 - **കുടിയാന്മല** യൂണിറ്റിൽ വച്ച് ഒക്ടോബർ - 20 -ാം തിയ്യതി പൊട്ടംപ്ലാവ്, കനകക്കുന്ന്, ദീപഗിരി, എന്നീ നാല് യൂണിറ്റുകൾ ചേർന്ന് നടത്തിയ റൂട്ട്സ് റവ. ഫാ. ലാസർ വരമ്പകത്ത് ഉദ്ഘാടനം ചെയ്തു. 100 യുവജനങ്ങൾ പങ്കെടുത്തു. 5.30 ന് ആരംഭിച്ച് 9.30 ഓടെ അവസാനിച്ച റൂട്ട്സ് പരിപാടിയിൽ ശ്രീ. സിജോ അമ്പാട്ട് ക്ലാസ്സ് നയിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരിയും ആനിമേറ്റർ സി. പ്രീതി മരിയ സി.എം.സി. യും അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു.

ROOTS 2K19 - **പുലിക്കുരുമ്പ** യൂണിറ്റിൽ വച്ച് പൊൻമല, ചെമ്പേരി, ലിസിഗിരി, തുടങ്ങിയ നാല് യൂണിറ്റുകൾ ചേർന്ന് നംബർ 9 –ാം തിയ്യതി നടന്ന റൂട്ട്സ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. 200 യുവജന ങ്ങൾ പങ്കെടുത്ത പരിപാടിയിൽ കെ സി വൈ എം ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരി ക്ലാസ്സ് നയിച്ചു. അതിരൂപതാ ആനിമേറ്റർ സി. പ്രീതി മരിയ യും അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു.

ROOTS 2K19 - **നെല്ലിക്കുറ്റി** യൂണിറ്റിൽ വച്ച് രത്നഗിരി, പൂപ്പറമ്പ്, അരീക്ക മല നാല് യൂണിറ്റുകൾ ചേർന്ന് നവംബർ 10 –ാം തിയ്യതി നടത്തിയ റൂട്ട്സ് റവ. ഫാ. മനോജ് കൊച്ചുപുര ഉദ്ഘാടനം ചെയ്തു. 185 യുവജനങ്ങൾ പങ്കെടുത്ത പരിപാടിയിൽ ശ്രീ. സിജോ അമ്പാട്ട് ക്ലാസ്സിന് നേതൃത്വം നൽകി. 5.30 ന് ആരം ഭിച്ച് 9.30 ന് അവസാനിച്ച റൂട്ട്സിൽ അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു.

**എടൂർ** : ROOTS 2K19 - **കരിക്കോട്ടക്കരി** യൂണിറ്റിൽ വച്ച് മാങ്ങോട്, കീഴ്പ്പള്ളി, വെളിമാനം, ചെടിക്കുളം, എടൂർ, വട്ടിയറ, ഉരുപ്പുംകുറ്റി, എടപ്പുഴ തുടങ്ങിയ യൂണിറ്റുകൾ ചേർന്ന് നവംബർ 10 –ാം തിയ്യതി നടത്തിയ റൂട്ട്സ് റവ. ഫാ. ആന്റണി പുന്നൂർ ഉദ്ഘാടനം ചെയ്തു. 280 കുട്ടികൾ പങ്കെടുത്തു. റവ. ഫാ. നോമ്പിൾ പാറക്കൽ ക്ലാസ്സ് നയിച്ചു. 5.30 ന് ആരംഭിച്ച് 9.30 ന് അവ സാനിച്ച റൂട്ട്സിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**കാഞ്ഞങ്ങാട്** : ROOTS 2K19 - **മുള്ളേരിയ** യൂണിറ്റിൽ വച്ച് നവംബർ 9 –ാം തിയ്യതി നടത്തിയ റൂട്ട്സ് പ്രോഗ്രാമിൽ പങ്കുചേർന്ന മറ്റ് യൂണിറ്റുകൾ ഹൊസങ്കിടി, ബെദിയടുക്ക, കാസറഗോഡ്, കുമ്പള 70 യുവജനങ്ങൾ പങ്കെ ടുത്ത പ്രോഗ്രാം റവ. ഫാ. തോമസ്സ് പുള്ളോലിക്കൽ ഉദ്ഘാടനം ചെയ്തു. ശ്രീ. സിജോ അമ്പാട്ട് ക്ലാസ്സ് നയിച്ചു. 5.30 ന് ആരംഭിച്ച് 9.30 ന് അവസാനിച്ച റൂട്ട്സിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**കുന്നോത്ത്** : ROOTS 2K19 - **കുന്നോത്ത്** ഫൊറോനയിൽ വച്ച് നവം ബർ 17 –ാം തിയ്യതി നടന്ന റൂട്ട്സ് പ്രോഗ്രാമിൽ പങ്ക് ചേർന്ന യൂണിറ്റുകൾ എട ക്കാനം, മാടത്തിൽ, പെരിങ്കരി, കിളിയന്തറ, കുന്നോത്ത് . 105 യുവജനങ്ങൾ പങ്കെടുത്തു. ശ്രീ. ഷിജിത്ത് തോമസ്സ് കുഴുവേലിൽ ക്ലാസ്സ് നയിച്ചു. 5.30 ന് ആരംഭിച്ച് 9.30 ന് അവസാനിച്ച റൂട്ട്സിൽ അതിരൂപതാ ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരി, ആനിമേറ്റർ സി. പ്രീതി മരിയ എന്നിവർ പങ്കെടുത്തു.

**നെല്ലിക്കാംപൊയിൽ** : ROOTS 2K19 - **മണിക്കടവ്** ഫൊറോനയിൽ വച്ച് ഒക്ടോബർ 20 –ാം തിയ്യതി നടത്തിയ റൂട്ട്സ് പ്രോഗ്രാമിൽ പങ്ക് ചേർന്ന യൂണിറ്റുകൾ ശാന്തിനഗർ, ആനറ, കാഞ്ഞിരക്കൊല്ലി. യുവജനങ്ങളുടെ പങ്കാ ളിത്തം 197. ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത് റവ. ഫാ. ഷിനു കൊഴുപ്പതടത്തിൽ CSJBP. റവ. ഫാ. പ്രിൻസ്സ് ആനാനിക്കൽ ക്ലാസ്സ് നയിച്ചു. അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

ROOTS 2K19 - **പുറവയൽ** യൂണിറ്റിൽ വച്ച് മാട്ടറ, കാലാങ്കി, അറബി, എന്നീ യൂണിറ്റുകൾ ചേർന്ന് നവംബർ 10 ന് നടത്തിയ റൂട്ട്സ് റവ. ഫാ. ജോൺസൻ അന്ത്യാകുളം ഉദ്ഘാടനം ചെയ്തു. 5.30 ആരംഭിച്ച് 9.30 അവസാ

നിച്ച പ്രോഗ്രാമിൽ 220 യുവജനങ്ങളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. റവ. ഫാ. പ്രിൻസ് ആനാനിക്കൽ ക്ലാസ്സ് നയിച്ചു. അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

ROOTS 2K19 -**ഉളിക്കൽ** യൂണിറ്റിൽ വച്ച് നടന്ന റൂട്ട്സ് പ്രോഗ്രാമിൽ പങ്കെടുത്ത യൂണിറ്റുകൾ. തേർമല, മുണ്ടാനൂർ, മണിപ്പാറ, നാല് മണിക്ക് ആരംഭിച്ച് 9 മണിക്ക് അവസാനിച്ച റൂട്ട്സ് ഉളിക്കൽ ഉണ്ണിമിശിഹാ പള്ളി വികാരി റവ. ഫാ. തോമസ് പയ്യംമ്പള്ളി ഉദ്ഘാടനം ചെയ്തു. 270 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാമിൽ ഫാ. സോണി വടശ്ശേരി ക്ലാസ്സ് നയിച്ചു. ആനിമേറ്റർ സി. പ്രീതി മരിയ സി.എം.സി. യും അതിരൂപതാ സമിതിയംഗങ്ങളും സന്നിഹിതരായിരുന്നു.

**പേരാവൂർ :** ROOTS 2K19 -വേരുകളിലേക്ക് മടങ്ങുക എന്ന ഫ്രാൻസീസ്സ് മാർപാപ്പായുടെ ഉദ്ബോധന പ്രകാരം എല്ലാ ഫൊറോനകളിലും നടത്തപ്പെടുന്ന റൂട്ട്സ് പ്രോഗ്രാമിന്റെ അതിരൂപത തല ഉദ്ഘാടനം കെ സി വൈ എം പേരാവൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ ആഗസ്റ്റ് 18 -ാം തിയ്യതി **ചെങ്ങോം** യൂണിറ്റിൽ വച്ച് നടന്നു. തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. 120 യുവജനങ്ങളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരി, ആനിമേറ്റർ സി. പ്രീതി മരിയ, അതിരൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**തളിപ്പറമ്പ് :** ROOTS 2K19 - **തളിപ്പറമ്പ്** ഫൊറോനയിലെ 7 യൂണിറ്റുകൾ ചേർന്ന് നവംബർ 10-ാം തീയതി തളിപ്പറമ്പ് ഇടവകയിൽ വച്ച് റൂട്ട്സ് പ്രഗ്രാം നടത്തി. റവ. ഫാ. സിറിൽ കുറ്റിക്കൽ ക്ലാസ്സ് നയിച്ചു. 3.30 ന് ആരംഭിച്ച് 8 മണിക്ക് അവസാനിച്ച പ്രോഗ്രാമിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**തോമാപുരം :** ROOTS 2K19 - **പാലാവയൽ** യൂണിറ്റിൽ വച്ച് ചാവറഗിരി, തയ്യേനി, കണ്ണിവയൽ, എന്നീ യൂണിറ്റുകൾ ചേർന്ന് നവംബർ 16 -ാം തിയ്യതി നടത്തിയ റൂട്ട്സ് റവ. ഫാ. തോമസ്സ് ചിറ്റിലപ്പള്ളി ഉദ്ഘാടനം ചെയ്തു. 200 യുവജനങ്ങൾ പങ്കെടുത്ത പരിപാടിയിൽ കെ സി വൈ എം ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരി ക്ലാസ്സ് നയിച്ചു. 5.30 ആരംഭിച്ച് 9 മണിയോടെ അവസാനിച്ച പ്രോഗ്രാമിൽ അതിരൂപതാ ആനിമേറ്ററും സന്നിഹിതയായിരുന്നു.

**വെള്ളരിക്കുണ്ട് :** ROOTS 2K19 - **വെള്ളരിക്കുണ്ട്** ഫൊറോനയിൽ വച്ച് നടന്ന റൂട്ട്സ് ബളാൽ, ഭീമനടി, കനകപ്പള്ളി, പുന്നക്കുന്ന്, ആനമഞ്ഞൾ, തുടങ്ങിയ യൂണിറ്റുകൾ ചേർന്ന് ഒക്ടോബർ 6 -ാം തിയ്യതി നടത്തി. 230 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം റവ. ഫാ. ആന്റണി തെക്കേമുറി ഉദ്ഘാടനം ചെയുതു. റവ. ഫാ. സോണി വടശ്ശേരി ക്ലാസ്സ് നയിച്ചു. 5.30 ആരംഭിച്ച് 9.30 അവസാനിച്ചു. അതിരൂപതാ ആനിമേറ്റർ സി. പ്രീതി മരിയയും സന്നിഹിതയായിരുന്നു.

ROOTS 2K19 - **മാലോം** യൂണിറ്റിൽ വച്ച് പുഞ്ച, കൊന്നക്കാട്, പറമ്പ, ചുള്ളി, നാട്ടക്കല്ല്, തുടങ്ങിയ യൂണിറ്റുകൾ ചേർന്ന് നടത്തിയ റൂട്ട്സ് റവ.ഫാ. ആന്റണി മഞ്ഞളാംകുന്നേൽ ഉദ്ഘാടനം ചെയ്തു. 260 കുട്ടികൾ പങ്കെടുത്ത പ്രോഗ്രാമിൽ റവ. ഫാ. സോണി വടശ്ശേരി ക്ലാസ്സെടുത്തു. ഒക്ടോബർ 12-ാം

തിയ്യതി 5.30 ആരംഭിച്ച് 9.30 ഓടെ അവസാനിച്ചു. അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

## ദിയാകോണിയ - പൊതുകർമ്മ പദ്ധതി (ഡിസംബർ - ജനുവരി)

* സമാധാന പ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ
* ജീവിതമാണ് ലഹരി, ഐ ലൗ മി തുടങ്ങിയ ഓൺലൈൻ ലഹരി വിരുദ്ധ ക്യാമ്പെയ്ൻ
* അതിരൂപതയുടെ സമാധാന ശ്രമങ്ങളുമായി സഹകരിക്കുന്നു.

## "ചിൽഡ്രൻസ് ഡേ ഔട്ട്"

ശിശുദിനാഘോഷത്തിന്റെ ഭാഗമായി 'ചിൽഡ്രൻസ് ഡേ ഔട്ട്' കുട്ടികളോടൊപ്പമുള്ള ഔട്ടിംഗ് നവംബർ 23ന് ചെമ്പേരി വിമൽ ജ്യോതി കോളേജ്, പാലക്കയംതട്ട് എന്നിവിടങ്ങളിൽ നടത്തപ്പെട്ടു. ചെമ്പേരി സെന്റ് ജോസഫ്സ് ഭവനിലെ കുട്ടികൾക്ക് യുവസുഹൃത്തുക്കൾ വിമൽ ജ്യോതി കേളേജിലെ വിവിധ ഡിപ്പാർട്ടുമെന്റുകളെ പരിചയപ്പെടുത്തി. സ്നേഹവിരുന്നിനും സിനിമാ പ്രദർശനത്തിനുംശേഷം ടൂറിസ്റ്റ് കേന്ദ്രമായ പാലക്കയംതട്ട് സന്ദർശിച്ചു. കളിയും ചിരിയുമായി കുട്ടികളോടൊപ്പം ചിലവഴിച്ച ദിനത്തിന്റെ ഒടുവിൽ കുട്ടികൾക്ക് സമ്മാനങ്ങളും കൈമാറി. ഈ യോഗം വിജയകരമാക്കിതീർക്കാൻ സഹായിച്ച സെന്റ് ജോസഫ് ഭവനിലെ ബഹു. സി. ഗ്രേസി എഫ്.സി.സി. യ്ക്കും മറ്റ് സിസ്റ്റേഴ്സിനും വിമൽജ്യോതിയിലെ ബഹു. വൈദികർക്കും അതിരൂപതാ സമിതി അംഗങ്ങൾക്കും യുവജനസുഹൃത്തുക്കൾക്കും നന്ദി.

## ജോൺസൺ ജെ ഓടയ്ക്കൽ അനുസ്മരണം (12.11.2019)

കെ സി വൈ എം തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് ജോൺസൺ ജെ. ഓടയ്ക്കൽ അനുസ്മരണവും പുഷ്പാർച്ചനയും ചുണ്ടപ്പറമ്പ് സെന്റ് ആന്റണീസ് ദൈവാലയത്തിൽ നടത്തപ്പെട്ടു. അതിരൂപതാ ഭാരവാഹികളായി പ്രസിഡന്റ് സിജോ കണ്ണേഴത്ത് , സെക്രട്ടറി ജോയൽ ജോസഫ് തൊട്ടിയിൽ യുവജന സുഹൃത്തുക്കൾ എന്നിവർ പങ്കെടുത്ത് പ്രാർത്ഥിച്ച് ഭവനാംഗങ്ങളെ സന്ദർശിച്ചു.

**കാവ :** ലവ് ജിഹാദുമായി ബന്ധപ്പെട്ട് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്ത് വന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ലവ് ജിഹാദിന്റെ ഊരാക്കുടുക്കിൽ വീഴാതെ, സഭയ്ക്കും സമൂഹത്തിനും സഹോദരങ്ങൾക്കും **കാവൽ** നില്ക്കുക എന്ന ലക്ഷ്യത്തോടെ **കാവൽ** എന്ന പേരിൽ ഒരു ബോധവല്ക്കരണ ക്യാമ്പെയ്ൻ തലശ്ശേരി രൂപതയിലെ കെ സി വൈ എം, എസ് എം വൈ എം ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

859, 860, 861 എം.പി.സി കോഴ്സ് ഒക്ടോബർ 29 – 31, നവംബർ 5 – 7, 12 – 14 എന്നീ തീയ്യതികളിൽ പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, തലശ്ശേരി സന്ദേശഭവൻ എന്നീ സെന്ററുകളിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 115 ആൺകുട്ടികളും, 148 പെൺകുട്ടികളും ഉൾപ്പെടെ 263 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 500 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

| **MPC - 2019**<br>**MONTH** | **SANDESABHAVAN** | **PADANNAKKAD** | **PERAVOOR** |
|---|---|---|---|
| DECEMBER | 10 - 12 | 17-19 | Nil |
| **MPC - 2020** | | | |
| **MONTH** | **SANDESABHAVAN** | **PADANNAKKAD** | **PERAVOOR** |
| JANUARY | 7 – 9 | Nil | 21- 23 |
| FEBRUARY | 4 - 6 | 11-13 | Nil |
| MARCH | 3 – 5 | 17 – 19 | 24 - 26 |
| APRIL | 14 – 16 | 28 – 30 | Nil |
| MAY | 5 – 7, 22 - 24 | Nil | Nil |
| JUNE | 16 – 18 | 2 – 4 | Nil |
| JULY | 21 – 23 | Nil | 7 – 9 |
| AUGUST | 11 – 13 | 25 – 27 | Nil |
| SEPTEMBER | 15 – 17 | 29 – oct 1 | Nil |
| OCTOBER | 27 – 29 | Nil | 13 – 15 |
| NOVEMBER | 10 – 12 | 24 – 26 | Nil |
| DECEMBER | 1 – 3 | 29 – 31 | 15 - 17 |

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ : - www.anugrahamarry.com

## III. മാതൃവേദി

### 1. തൂവാനീസ : - നിയോഗം

ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് അബോർഷൻ വഴി മരിക്കുന്ന കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** - ഏലീശ്വാ സന്ദർശനം നടത്തുക, ഹരിതം, പൂവനിക എന്നിവയുടെ മേഖലാ തല ഇവാലുവേഷൻ നടത്തുക

### 3. ദിയാക്കോണിയ പ്രവർത്തനം - ഡിസംബർ, ജനുവരി

**സമാധാനം സമൂഹത്തിലും കുടുംബത്തിലും** - പ്രോലൈഫ് മെസ്സേജ് ഇടവകാതലത്തിൽ നൽകുക. മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരായി നൃത്ത സംഗീത ശില്പം അവതരിപ്പിച്ച് കുട്ടികൾക്കും മുതിർന്നവർക്കും അവബോധം നൽകുക. കാരുണ്യ പ്രവർത്തകരെ ആദരിക്കുക, വയോജനസംഗമങ്ങൾ നടത്തുക, എല്ലാ യൂണിറ്റിലും സമാധാന പ്രാർത്ഥന നടത്തുക.

### 4. സംസ്ഥാന മരിയൻ ക്വിസ്

അന്തർദേശീയ മാതൃവേദി സംഘടിപ്പിച്ച സംസ്ഥാന മരിയൻ ക്വിസ് മത്സരത്തിൽ തലശ്ശേരി അതിരൂപതാ ടീം രണ്ടാംസ്ഥാനം കരസ്ഥമാക്കി. ത്രേസ്യാമ്മ ജോസ് നരിമറ്റം (മണിക്കടവ്), ജോളി ബേബി കോട്ടത്തുവീട്ടിൽ (കാലാങ്കി), ജോസ്ലിൻ മാത്യു കടക്കുഴ (തടിക്കടവ്) എന്നിവരായിരുന്നു ടീം അംഗങ്ങൾ. ഏവർക്കും ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദയ പൂർവ്വകമായ അഭിനന്ദനങ്ങൾ.

### 5. അതിരൂപതാ ഇലക്ഷനും ജനറൽബോഡി മീറ്റിംഗും

ഡിസംബർ 14-ാം തീയ്യതി 10.15 ന് തലശ്ശേരി സന്ദേശഭവനിൽ വച്ച് 2020-21 വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടക്കുന്നതാണ്. മേഖലാ ആനിമേറ്റർമാർ, ഭാരവാഹികൾ, മേഖലാ സെനറ്റു മെമ്പർമാരിൽ ഒരാൾ എന്നിവരാണ് ഈ ജനറൽബോഡി മീറ്റിംഗിൽ പങ്കെടുക്കേണ്ടത്. മേഖലാതലത്തിൽ നിർദ്ദേശിച്ച അതിരൂപതാ ഭാരവാഹികളുടെ സ്ഥാനാർത്ഥികളിൽ നിന്നാണ് 5 ഭാരവാഹികളെ അതിരൂപതാതലത്തിൽ തെരഞ്ഞെടുക്കുന്നതാണ്. **നിലവിലുള്ള രൂപതാ ഭാരവാഹികൾ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട മേഖലാഭാരവാഹികൾ മേഖലാ സെനറ്റുമെമ്പർമാരിൽ ഒരാൾ എന്നിവർക്കാണ്തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ളത്. മാതൃവേദിയുടെ അംഗത്വകാർഡ് ഉള്ളവർക്കുമാത്രമേ വോട്ടു ചെയ്യാൻ സാധിക്കുകയുള്ളൂ.** രണ്ട് പ്രാവശ്യത്തിലധികം ഒരേ തസ്തികയിലേക്ക് ഒരാൾതന്നെ തെരഞ്ഞെടുക്കപ്പെടാനും പാടില്ല. ഓരോ മേഖലയിൽ നിന്നും ജനറൽബോഡിയിൽ പങ്കെടുക്കുന്നവരുടെ എണ്ണം മേഖലാ പ്രസിഡണ്ടുമാർ ഓഫീസിൽ നേരത്തെ അറിയിക്കേണ്ടതാണ്. മാതൃവേദിയുടെ യൂണിഫോം എല്ലാവരും ധരിക്കേണ്ടതാണ്.

യൂണിറ്റ്, മേഖലാ തലത്തിൽ ഇലക്ഷൻ മനോഹരമായി നടത്തിയ മേഖലാ,യൂണിറ്റ് സമിതിക്ക് പ്രത്യേകം നന്ദി.

**6. മാതൃവേദി പ്രവർത്തന വർഷം**

മാതൃവേദിയുടെ പ്രവർത്തനവർഷം അതിരൂപതയിലെ മറ്റ് സംഘടനകളുടെ രീതിയിൽ ജൂൺ മുതൽ മെയ് വരെ എന്ന ക്രമത്തിലാക്കാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചിരിക്കുന്നു. അതിനാൽ തുടർന്നുവരുന്ന 2020 ജനുവരി – മെയ് വരെ ഒരു അർദ്ധവാർഷിക പ്രവർത്തന വർഷമായിരിക്കും. 2010 ജൂൺ – 2021 മാർച്ച് വരെയായിരിക്കും ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് പദ്ധതി തയ്യാറാക്കുന്നത്. അതിനാൽ ഫെബ്രുവരി മാസത്തിൽ നടക്കുന്ന ജനറൽബോഡി യോഗത്തിൽ അർദ്ധവാർഷിക പ്രവർത്തന മാർഗ്ഗരേഖ നൽകുന്നതും, തുടർന്നുവരുന്ന ഒന്നരവർഷത്തെ പ്രവർത്തനങ്ങൾ ഒരുമിച്ച് വിലയിരുത്തുന്നതുമാണ്. മേഖലാ യൂണിറ്റ് തലങ്ങളിലും അപ്രകാരം പ്രവർത്തന മാർഗ്ഗരേഖകൾ ക്രമീകരിക്കണമെന്നോർമ്മിപ്പിക്കുന്നു. യൂണിറ്റ്, മേഖലാ ഭാരവാഹികളായി പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർ 2020 ജനുവരി 5 ന് മുമ്പായി ചാർജ്ജെടുക്കേണ്ടതാണ്. 2 വർഷത്തേക്കാണ് പുതിയ ഭാരവാഹികളുടെ കാലാവധി.

**7. വാർഷിക പ്രവർത്തന റിപ്പോർട്ട്**: യൂണിറ്റുകളുടെയും മേഖലകളുടെയും ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രത്യേക റിപ്പോർട്ട് ഫോറത്തിൽ രേഖപ്പെടുത്തി 2021 ജനുവരി 5 ന് മുമ്പായി അതിരൂപതാ ഓഫീസിൽ എത്തിക്കുക. റിപ്പോർട്ട് ഫോറത്തോട് ചേർത്ത് മറ്റു പ്രവർത്തനങ്ങൾ രേഖപ്പെടുത്തി നൽകാവുന്നതാണ്. മേഖലാസമിതി ഓരോ യൂണിറ്റിലെയും റിപ്പോർട്ടുകൾ ശേഖരിച്ച് എത്തിക്കേണ്ടതാണ്. മേഖലാതലത്തിൽ ഏറ്റവും നല്ല ശാഖകൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ റിസൽട്ടും മേഖലാ റിപ്പോർട്ടിനൊപ്പം നൽകേണ്ടതാണ്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് അതിരൂപതയിലെ ഏറ്റവും നല്ല മേഖല, യൂണിറ്റ് എന്നിവയ്ക്കുള്ള ട്രോഫികൾ നൽകുന്നത്.

**8. ഹരിതം, പൂവനിക**: മേഖലാതലത്തിൽ വിലയിരുത്തൽ നടത്തി ഏറ്റവും നല്ല ഒരു യൂണിറ്റിനെ തിരഞ്ഞെടുത്ത് അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. ഡിസംബർ 30 ന് മുമ്പ് പേര് വിവരങ്ങൾ അറിയിക്കുന്നവർക്കു മാത്രമേ സമ്മാനങ്ങൾ നൽകുകയുള്ളൂ. ഹരിതം ഫസ്റ്റ്, പൂവനിക ഫസ്റ്റ് എന്നിങ്ങനെ രണ്ട് സമ്മാനങ്ങളാണ് അതിരൂപതയിൽ നിന്ന് മേഖലയ്ക്ക് ലഭിക്കുന്നത്.

**9. ജ്വാല – തളിപ്പറമ്പ് :** 2019 ഒക്ടോബർ 26–ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ തളിപ്പറമ്പ് മേഖലയുടെ ജ്വാല പ്രോഗ്രാം തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ വച്ച് നടന്നു.

**10. ജ്വാല – കാഞ്ഞങ്ങാട്**: 2019 നവംബർ 2–ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ കാഞ്ഞങ്ങാട് മേഖലയുടെ ജ്വാല പ്രോഗ്രാം പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ദേവാലയത്തിൽ വച്ച് നടന്നു.

**11. ജ്വാല - പേരാവൂർ, പൈസക്കരി**

2019 പ്രവർത്തന വർഷത്തെ ജ്വാല പരിപാടി ഡിസംബർ 7 ന് പേരാവൂർ മേഖലയ്ക്കുവേണ്ടിയും, ഡിസംബർ 28 ന് പൈസക്കരി മേഖലയ്ക്കു വേണ്ടിയും നടത്തപ്പെടുന്നു. കൊടിയേറ്റ്, പൊതുസമ്മേളനം, ക്ലാസ്, കലാപരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന ജ്വാലയുടെ ക്രമീകരണത്തെക്കുറിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. റെക്കോർഡ്സ്, യൂണിറ്റ് രജിസ്ട്രേഷൻ ഫോം, മിനിട്ട്സ് ബുക്ക്, അക്കൗണ്ട് ബുക്ക്, എന്നിവ കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഭാരവാഹികളും കൂടാതെ 5 പേരിൽ കുറയാതെ മറ്റ് മാതൃവേദി അംഗങ്ങളും പങ്കെടുക്കണം. യൂണിഫോം ധരിച്ച് ഭാരവാഹികൾ എത്തേണ്ടതാണ്.

**12. മാതൃവേദി കലണ്ടർ :** 2020 വർഷത്തെ കലണ്ടറിന്റെ വില മേഖാലതലത്തിൽ ഒരുമിച്ച് ശേഖരിച്ച് ഡിസംബർ 14 ന് കൊണ്ടുവരേണ്ടതാണ്.

**13. ഉത്തരമേഖലാ കർഷക പ്രക്ഷോഭം**: രൂപതാ തലത്തിൽ നടക്കുന്ന കർഷകപ്രക്ഷോഭ പരിപാടികളിൽ പങ്കെടുത്ത് വിവിധ മേഖലകളിൽ സജീവമായ സാന്നിധ്യം അറിയിച്ച മാതൃവേദി അംഗങ്ങളെ അഭിനന്ദിക്കുന്നു. **ഡിസംബർ 9-ാം തീയ്യതി കണ്ണൂരിൽ നടക്കുന്ന കർഷകറാലി വൻ വിജയമാക്കാൻ എല്ലാ യൂണിറ്റുകളിൽ നിന്നും മുഴുവൻ മാതൃവേദി അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.** മറ്റുള്ള അമ്മമാരെയും പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മാതൃവേദി ചെയ്തുകൊടുക്കുകയും വോളണ്ടിയേഴ്സ് ആയി പ്രവർത്തിക്കാൻ താൽപര്യമുള്ളവരെ കണ്ടെത്തി പേര് വിവരങ്ങൾ ഓഫീസിൽ അറിയിക്കുകയും വേണം.

**IV. 1) അമല പ്രോലൈഫ് മീറ്റ് :** ഒക്ടോബർ 27-ാം തീയ്യതി ഞായറാഴ്ച തളിപ്പറമ്പ് ഫൊറോനാ പള്ളിയിൽ വച്ച് അമലാ പ്രോലൈഫ് മൂവ്മെന്റിന്റെ അതിരൂപതാ മീറ്റിംഗ് നടന്നു. നിലവിലുള്ള നേതൃത്വനിരയെ നിലനിർത്തിക്കൊണ്ട് പുതിയ അംഗങ്ങളെ സെൻട്രൽ ടീമിലേക്ക് തിരഞ്ഞെടുത്തു.

**2) അമലാ പ്രോലൈഫ് സെൻട്രൽ ടീം**

| | | |
|---|---|---|
| ഡയറക്ടർ | : | റവ.ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ |
| ആനിമേറ്റർ | : | സി.സ്റ്റെല്ല അരീപ്പറമ്പിൽ എം.എസ്.എം.ഐ |
| പ്രസിഡണ്ട് | : | സിജി പുതുപ്പറമ്പിൽ |
| വൈസ് പ്രസിഡണ്ട് | : | റ്റോമി ഓലിക്കൽ |
| സെക്രട്ടറി | : | ലോറൻസ് കട്ടിക്കാട്ട് |
| ജോ.സെക്രട്ടറി | : | റൈനി കടവൻകുന്നേൽ |
| ട്രഷറർ | : | റോബിൻ സെബാസ്റ്റ്യൻ വടക്കുംതല & എബി ചക്കാലയ്ക്കൽ |

**3) പ്രോഗ്രാം കോ ഓർഡിനേറ്റേഴ്സ്** : സണ്ണി കാര്യാടിയിൽ - പ്രോലൈഫ് മലബാർ റീജിയണൽ സമിതി, സെലസ്റ്റിൻ വടക്കേൽ ,ജോയ് മഠത്തിൽ കുളത്തിൽ

**4) പ്രോലൈഫ് സെൻട്രൽ ടീം മീറ്റിംഗ്**: നവംബർ 17-ാം തീയ്യതി തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് നടന്ന സെൻട്രൽ ടീം മീറ്റിംഗിൽ റവ.ഫാ.ജേക്കബ് സി.എം.ഐ ക്ലാസിന് നേതൃത്വം നൽകി. തുടർന്ന് സമ്മേ

ളനത്തിൽ മേഖലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. ദിവ്യ കാരുണ്യ ആരാധനയ്ക്കും ചർച്ചയ്ക്കും ആനിമേറ്റർ സി.സ്റ്റെല്ല അരീപ്പറമ്പിൽ എം.എസ്.എം.ഐ നേതൃത്വം നൽകി.

**5) പ്രോലൈഫ് പ്രയർ സെൽ**: മനുഷ്യ ജീവൻ വിലമതിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നതിനു വേണ്ടി ഇടവകകളിൽ പ്രോലൈഫ് പ്രയർസെൽ രൂപീകരിക്കുവാൻ ആഗ്രഹിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ എല്ലാ സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

**6) ജീവോത്സവം 2019**: വലിയ കുടുംബങ്ങളെ ആദരിക്കുകയും ജീവന്റെ സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പരിപാടിയാണ് ജീവോത്സവം. ഇതിൽ പങ്കെടുക്കാനുള്ള കുടുംബങ്ങളെ കണ്ടെത്താനും അയക്കാനും മാതൃവേദി അംഗങ്ങൾ മുൻകൈ എടുക്കുക. 2017 നു ശേഷം അവസാനത്തെ കുട്ടി ജനിച്ചവരെയാണ് ഈ വർഷത്തെ ജീവോത്സവത്തിനു പങ്കെടുപ്പിക്കേണ്ടത്. പേരുകൾ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വികാരിയച്ചന്മാർ വഴിയോ, മാതൃവേദി അംഗങ്ങൾ വഴിയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയ്യതി ഡിസംബർ 14

**സ്ഥലം : സന്ദേശഭവൻ, തീയ്യതി : 2019 ഡിസംബർ 21**
**സമയം : രാവിലെ 10 മണി മുതൽ 1 മണി വരെ**

**7) വിവാഹാർത്ഥികളുടെ സംഗമം:** കോഴിക്കോടുവച്ച് നടന്ന വിവാഹാർത്ഥികളുടെ സംഗമത്തിൽ രജിസ്ട്രേഷൻ നടത്തിയ എല്ലാവരെയും prolifemarry.com എന്ന മാര്യേജ് ബ്യൂറോയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്. 2019 ഡിസംബർ 31 വരെ അവർക്ക് സൗജന്യമായി ബ്യൂറോയിൽ സെർച്ച് നടത്താവുന്നതാണ്. വിശദവിവരങ്ങൾ അറിയുവാൻ വിളിക്കേണ്ട നമ്പർ : 6235445544 (ഇനിയും ഈ ബ്യൂറോയിൽ മെമ്പർഷിപ്പ് ലഭ്യമാണ്)

**V. യാത്രാമംഗളങ്ങൾ**: കഴിഞ്ഞ 6 മാസക്കാലം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ റീജന്റ് ബ്രദറായി ആത്മാർത്ഥമായി സേവനമനുഷ്ഠിച്ച് കുന്നോത്ത് ബോയ്സ് ടൗണിലേക്ക് സ്ഥലംമാറി പോകുന്ന ബ്രദർ ജിസ്സ് മാത്യുവിന് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും പ്രാർത്ഥനാശംസകളും.

**VI. സ്വാഗതം**: അതിരൂപതാ ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ പുതിയ റീജന്റ് ബ്രദറായി കടന്നുവന്നിരിക്കുന്ന ബ്രദർ ജിൻസ് ചൊള്ളംപുഴയ്ക്ക് ഫാമിലി അപ്പസ്റ്റൊലേറ്റ് അംഗങ്ങളുടെ ഹൃദയപൂർവ്വകമായ സ്വാഗതം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## ഫാ. തോമസ് തൈത്തോട്ടത്തിന് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പുരസ്കാരം സമ്മാനിച്ചു

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി മൂന്നു വർഷത്തിലൊരിക്കൽ സാമൂഹ്യസേവന രംഗത്തെ മികച്ച സേവനത്തിന് നൽകുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി അവാർഡിന് അർഹനായ ഫാ. തോമസ് തൈത്തോട്ടത്തിന് 29.10.2019 ന് തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ച് ശ്രീ.വി.എം സുധീരൻ പുരസ്കാരം സമർപ്പിച്ചു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് അധ്യക്ഷപദം അലങ്കരിച്ചു. വികാരി ജനറാൾ മോൺ ജോസഫ് ഒറ്റപ്ലാക്കൽ, വിമൽ ജ്യോതി എൻജിനിയറിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ ഫാ. ജെയിംസ് ചെല്ലങ്കോട്ട്, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി അതിരൂപതാ ജനറൽ സെക്രട്ടറി ആന്റണി മേൽവെട്ടം, മണിക്കടവ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ വി.വി തോമസ്, എ.ഡി.എസ്.യു സെക്രട്ടറി മരിയ ജോമോൻ, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് അതിരൂപത പ്രസിഡന്റ് സജീവ് സി.ഡി എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് തൈത്തോട്ടം മറുപടി പ്രസംഗം നടത്തി. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ സ്വാഗതവും ടീച്ചേഴ്സ് ഗിൽഡ് അതിരൂപത സെക്രട്ടറി ജോബി ജോൺ നന്ദിയും പറഞ്ഞു.

## മാർ ജോർജ് വലിയമറ്റം വിദ്യാഭ്യാസ സ്കോളർഷിപ്പ് (കാരുണ്യനിധി)

വിദ്യാഭ്യാസ മേഖലയിൽ വലിയ പ്രേഷിത ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്ന തലശ്ശേരി അതിരൂപത വിദ്യാലയങ്ങൾ ആരംഭിച്ച് അനേകായിരങ്ങൾക്ക് വിദ്യയുടെ വെളിച്ചം പകരുന്നതോടൊപ്പം തന്നെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായുള്ള പഠനസഹായങ്ങൾ കാലാകാലങ്ങളിൽ ചെയ്തിരുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഉണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ മേഖല എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കുന്നില്ല എന്നത് ഒരു സത്യമാണ്. സാമ്പത്തിക പ്രതിസന്ധി കൊണ്ട് മികച്ച കോളേജുകളിലേക്കും കോഴ്സുകളിലേക്കും എത്താനോ പഠനം തുടരാനോ പലപ്പോഴും കുറേ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സാധിക്കുന്നില്ല. ഇപ്രകാരമുള്ള ഒരു പ്രതിസന്ധി ഘട്ടത്തിൽ നൂറുകണക്കിന് വിദ്യാർഥികളെ സഹായിക്കാൻ തലശ്ശേരി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓരോ കാലഘട്ടങ്ങളിലും നേതൃത്വം നൽകിയിട്ടുണ്ട്. സ്റ്റുഡൻസ് ലോൺ സ്കോളർഷിപ്പ്, സ്റ്റുഡൻസ് വെൽഫെയർ ഫണ്ട്, കാരുണ്യ നിധി തുടങ്ങിയ വിവിധ സംരംഭങ്ങളിലൂടെ ഓരോ കാലഘട്ടങ്ങളിലും

പ്രധാനാധ്യാപകരും അധ്യാപക അനധ്യാപക സഹോദരങ്ങളും സഹകരിച്ച് ചെറുതെങ്കിലും  വിദ്യാർത്ഥികൾക്ക് പഠനസഹായം നല്കികൊണ്ടിരിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിൽ ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കുന്ന, മുൻ വർഷങ്ങളിൽ കൂറെയേറെ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം സ്കോളർഷിപ്പായി നൽകാൻ സാധിച്ചത് മാർ ജോർജ് വലിയമറ്റം സ്കോളർഷിപ്പിലൂടെയാണ്. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സമാഹരിക്കുന്ന കാരുണ്യ നിധിയും അധ്യാപകരും അനധ്യാപകരും രക്ഷിതാക്കളും സഹകരിച്ച് സമാഹരിക്കുന്ന മാർ ജോർജ് വലിയമറ്റം സ്കോളർഷിപ്പും സമന്വയിപ്പിച്ചാണ് ഈ വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നത്. എല്ലാ വർഷവും ഡിസംബർ മാസത്തിലാണ് ഈ വലിയ ജീവകാരുണ്യ സംരംഭത്തിന് നാം ഒരുമിച്ചിറങ്ങുന്നത്. ഈ വർഷവും ഡിസംബർ 1 മുതൽ 31 വരെയുള്ള കാല ഘട്ടം വിദ്യാഭ്യാസ സ്കോളർഷിപ്പ് സമാഹരിക്കാൻ നമ്മളെല്ലാവരും കൈകോർക്കണം.  ചില വിദ്യാലയങ്ങൾ ഇത് വേണ്ടത്ര ശ്രദ്ധിക്കാറില്ല. ഇത് നമ്മുടെ വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി തന്നെ കണ്ട് നമ്മുടെ കൂടെ യുള്ള അർഹരായ കുട്ടികളെ സഹായിക്കാനുള്ള ഒരു പൊതു ഫണ്ട് സമാഹരി ക്കാനുള്ള വലിയ യജ്ഞത്തിൽ പൂർണ മനസ്സോടെ സഹകരിക്കണം.

ആരേയും നിർബന്ധിച്ച് ഈ പദ്ധതിയിലേക്ക് സഹകരിപ്പിക്കേണ്ടതില്ല. നമ്മുടെ ലക്ഷ്യത്തെ കൂറിച്ച് കൃത്യമായി അറിയിക്കുക. പരമാവധി പങ്കാളിത്തം ഉറപ്പുവരുത്താൻ പരിശ്രമിക്കുകയും ചെയ്താൽ മാത്രം മതി. എല്ലാ പ്രധാനാ ധ്യാപകരും ഈ മഹത്തായ സംരഭത്തിന് നേതൃത്വം നൽകണമെന്ന് സ്നേഹ പൂർവ്വം ഓർമ്മിപ്പിക്കുന്നു. സമാഹരിച്ച തുകകൾ  ജനുവരി 15-ാം തീയ്യതിക്ക് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

## മികവ് പൊതുവിജ്ഞാന പഠന പദ്ധതി 2019-2020

മികവിന്റെ പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്തല്ലോ. 2020 ജനുവരി 25 ന് നടക്കുന്ന കോർപ്പറേറ്റ് തല പരീക്ഷയ്ക്കായി കുട്ടികളെ ഒരുക്കാൻ മികവ് കോർഡിനേറ്ററും അധ്യാപകരും ശ്രദ്ധിക്കണം. പരീക്ഷയ്ക്ക് 90 മാർക്കിന്റെ ചോദ്യങ്ങൾക്ക് മികവ് പുസ്തകത്തിൽ നിന്നും 10 മാർക്കിന്റെ ചോദ്യങ്ങൾക്ക് 2019 ജൂൺ മുതൽ ഡിസംബർ വരെയുള്ള പത്രവാർത്തകളെ അടിസ്ഥാനമാക്കിയുമായിരിക്കും. വിശദമായ സർക്കുലർ സ്കൂളിലേക്ക് അയയ്ക്കുന്നതാണ്.

## IV, VII ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പൊതുപരീക്ഷ

IV, VII ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ നിലവാരം അറിയുവാനും LSS, USS പരീക്ഷകൾക്ക് ഒരു മോഡൽ പരീക്ഷ എന്ന നിലയിലും ഒരു പൊതുപരീക്ഷ 2020 ഫെബ്രുവരി 11 നു നടത്തുന്നു. എല്ലാ കുട്ടികളും പരീക്ഷ

എഴുതേണ്ടതാണ്. ഇംഗ്ലീഷ് മീഡിയം കുട്ടികൾ ഇംഗ്ലീഷിലും മലയാളം മീഡിയം കുട്ടികൾ മലയാളത്തിലുമാണ് പരീക്ഷ എഴുതേണ്ടത്. വിജയശത മാനമനുസരിച്ച് സ്കൂളുകൾക്ക് ഗ്രേഡ് നൽകുന്നതാണ്. മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും പുരസ്കാരങ്ങൾ നൽകുന്നതാണ്.

## സ്കോളർഷിപ്പ് പരീക്ഷകൾ

സന്മാർഗശാസ്ത്രം, വേദപാഠം, അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷകൾ 2020 ഫെബ്രുവരി മാസത്തിൽ നടത്തുന്നതാണ്. തീയതി പിന്നീട് അറിയിക്കുന്നതാണ്. 1,2 ക്ലാസുകളിൽ നിന്നും 5 കുട്ടികൾ വീതവും മറ്റു ക്ലാസുകളിൽ നിന്ന് 2 കുട്ടികൾ വീതവുമാണ് ഓരോ പരീക്ഷയിലും പങ്കെടുക്കേണ്ടത്.

## കെ.സി.ബി.സി അവാർഡുകൾ

അധ്യാപന രംഗത്ത് മാതൃകയും മികച്ച സേവനവും കാഴ്ച്ചവെച്ച എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്. വിഭാഗങ്ങളിലെ അധ്യാപകർക്ക് കെ.സി.ബി.സി അവാർഡ് നൽകുന്നു. അവാർഡിന് പരിഗണിക്കുവാൻ യോഗ്യരായ അധ്യാപകരുണ്ടെങ്കിൽ സ്റ്റാഫ് അവരുടെ സേവനചരിത്രം നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയ ഒരു റിപ്പോർട്ട് തയ്യാറാക്കി 2019 ഡിസംബർ 23 ന് കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുക.

## LSS, USS പരീക്ഷ പരിശീലനം

ചില വിദ്യാലയങ്ങൾ LSS, USS പരിശീലനത്തിൽ ശ്രദ്ധിക്കുന്നില്ലെന്ന് കഴിഞ്ഞ വർഷത്തെ റിസൾട്ട് പരിശോധിച്ചപ്പോൾ വ്യക്തമായി. ഈ വർഷം മികച്ച വിജയത്തിനായി ക്ലാസുകൾ മോഡൽ പരീക്ഷകൾ എന്നിവ നടത്തുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ: 8281750777, 8281730777
E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

**സാൻജോസ് അക്കാഡമിയിൽ നിന്നും ക്രിസ്തുമസ് - പുതുവത്സര ആശംസകൾ.......**

മധ്യവേനൽ അവധിക്കാലങ്ങളിൽ നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട സമയമാണ് നവംബർ – ഡിസംബർ മാസങ്ങൾ. K.A.S / L.D.C തുടങ്ങിയ ഗവൺമെന്റ് തൊഴിൽസംബന്ധമായ പരീക്ഷാവിജ്ഞാപനങ്ങളും പ്ലസ് ടു കഴിയുന്ന കുട്ടികൾക്ക് ഉപരിപഠനത്തിനാവശ്യമായ നിരവധി പരീക്ഷാവിജ്ഞാപനങ്ങളും ഇപ്പോൾത്തന്നെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇടവകകളിലുമുള്ള കുട്ടികളെയും യുവജനങ്ങളെയും ഇത്തരം പരീക്ഷകളെഴുതാൻ പ്രേരിപ്പിക്കുകയും ഇതിനുവേണ്ടിയുള്ള പരിശീലനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഡിസംബർ മാസത്തെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## I. K.A.S / L.D.C Exam Coaching

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

കേരള സിവിൽ സർവീസെന്നു വിശേഷിപ്പിക്കവുന്ന കെ.എ.എസ്. പരീക്ഷയുടെ വിജ്ഞാപനം (204/2019 )പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞു. ബിരുദധാരികളായ 21 നും 32 നും ഇടയിൽ പ്രായമുള്ള വ്യക്തികൾക്ക് ഈ പരീക്ഷ എഴുതാനാവും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതി ഡിസംബർ 4 ആണ്. ഐ.എ.എസിനു തൊട്ടുതാഴെയുള്ള ഗവൺമെന്റ് പദവിയാണിത്. 120 ഓളം സീറ്റുകളിൽ ഒഴിവുണ്ടാകും. സിവിൽ സർവ്വീസ് പരീക്ഷാ പാറ്റേണിലുള്ള പരീക്ഷാ തന്നെയാണിത്. നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്ക് ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ആവശ്യമായ ഓറിയന്റേഷൻ നൽകുമല്ലോ.

സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ **2020 ജനുവരി 5 മുതൽ 25 വരെ** നീണ്ടുനിൽക്കുന്ന ക്രാഷ്കോഴ്സ് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ പ്രഗത്ഭരായ അധ്യാപകർ നേതൃത്വം നൽകുന്ന റസിഡൻഷ്യൽ ക്യാമ്പായിരിക്കും ഇത്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് അവസരം ലഭിക്കുക. താൽപര്യം ഉള്ളവർ ഡിസംബർ 10നു മുൻപായി **8281 750 777, 8281 730 777** എന്നീ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾക്ക്: www.keralapsc.gov.in

## ലോവർ ഡിവിഷൻ ക്ലാർക്ക്

കേരള ഗവൺമെന്റിന്റെ നൂറിലേറെ വരുന്ന വകുപ്പുകളിലേക്കും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുമുള്ള പരീക്ഷാ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. യുവജനങ്ങൾക്ക് ജോലി സംബന്ധമായ വലിയ സാധ്യത തെളിഞ്ഞു വരുകയാണിതിലൂടെ. നമ്മുടെ ഇടവകയിലെ യുവജനങ്ങളെ ഡിസംബർ 18 നു മുമ്പ് എക്സാം രജിസ്ട്രേഷനു പ്രേരിപ്പിക്കുകയും ഇടവക കേന്ദ്രീകരിച്ചുള്ള പരിശീലനങ്ങൾ ക്രമപ്പെടുത്തി, പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കയും വേണം. നമ്മുടെ ഇടവകയിലെ സർക്കാർ സർവ്വീസിൽ ഉള്ളവരോ, സർക്കാർ സർവ്വീസിൽ നിന്നു വിരമിച്ചവരോ ആയ വ്യക്തികളെ ഒരുമിപ്പിച്ചുകൊണ്ട് ഇടവകയുടെ നേതൃത്വത്തിൽ പരിശീലനം നൽകാൻ ശ്രദ്ധിക്കുമല്ലോ. 18നും 35നും ഇടയിൽ പ്രായമുള്ള 10–ാം ക്ലാസും ഉപരിവിദ്യാഭ്യാസ യോഗ്യതയുമുള്ള വ്യക്തികൾക്ക് വിവിധ വകുപ്പുകളിലേക്ക് ക്ഷണിക്കപ്പെടുന്ന പരീക്ഷാ വിജ്ഞാപനങ്ങളോട് പ്രതികരിക്കാവുന്നതാണ്.

## II. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET അഞ്ചാം ബാച്ചിന്റെ പരിശീലനം വിജയകരമായി പൂർത്തിയായി. അടുത്ത ബാച്ച് ജനുവരിയോടുകൂടി ആരംഭിക്കുന്നതാണ്. ഈ ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് **8281 750 777, 8281 730 777** എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്. ഇരിട്ടി – സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയം, തളിപ്പറമ്പ് – സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയം, പടന്നക്കാട് – ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിൽവച്ച് പുതിയ ബാച്ചുകൾ ആരംഭിക്കുന്നതാണ്.

## III. Bridge +1

2019 – 2020 അധ്യയന വർഷത്തിൽ S.S.L.C പരീക്ഷ എഴുതി സയൻസ് വിഷയങ്ങൾ എടുത്ത് Plus One ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന Integrated Tuition + Entrance Coaching നൽകുന്ന വിദ്യാഭ്യാസ പദ്ധതിയായ Bridge +1 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ അടുത്ത വർഷവും വിജയകരമായി നടത്തന്നതാണ്. കുന്നോത്ത് ഹയർസെക്കണ്ടറി സ്ക്കൂൾ, മേരിമാത കോളേജ് ആലക്കോട് എന്നിവയാണ് പരിശീലന കേന്ദ്രങ്ങൾ. ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പരിശീലന പദ്ധതിയാണിത്. Plus One വിദ്യാർത്ഥികൾക്ക് ഏപ്രിൽ ആദ്യവാരമാണ് ക്ലാസ്സുകൾ ആരംഭിക്കുക. ഓരോ സെന്ററുകളിലും 50 വീതം കുട്ടികൾക്കാണ് അഡ്മിഷൻ ലഭിക്കുക. സയൻസ് വിഷയങ്ങൾ എടുക്കുമെന്ന് പ്രതീക്ഷിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് സാൻജോസ് അക്കാഡമിയിൽ നേരത്തെത്തന്നെ പേര് രജിസ്റ്റർചെയ്യാവുന്നതാണ്.

## IV. Bridge +2

2020–2021 അധ്യായന വർഷത്തിൽ Plus Two ക്ലാസ്സുകളിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് 2021 ലെ Entrance പരീക്ഷകൾ ലക്ഷ്യമാക്കി കാര്യക്ഷമമായ പരിശീലനങ്ങൾ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയാണ്. കുന്നോത്ത് ഹയർസെക്കണ്ടറി സ്ക്കൂളും, മേരിമാതാ കോളേജ് ആലക്കോടും കേന്ദ്രമാക്കി രണ്ടു സ്ഥലങ്ങളിലായി ഒരു വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഈ പരിശീലന പദ്ധതി ഏപ്രിൽ ആദ്യവാരംതന്നെ ആരംഭിക്കും. ആദ്യം അഡ്മിഷൻ എടുക്കുന്ന 50 കുട്ടികൾക്ക് മാത്രമേ ഈ പരിശീലന പരിപാടിയിൽ അവസരം ലഭിക്കുകയുള്ളു. അതോടൊപ്പം 2021 ഏപ്രിൽ മാസത്തോടെ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ Entrance Crash Coaching കളും ലഭ്യമാക്കുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് മാതാപിതാക്കളോടൊപ്പം സാൻജോസ് അക്കാഡമിയുടെ ഓഫിസുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## V. NEET / JEE / KEAM

2020 ഏപ്രിൽ–മെയ് മാസങ്ങളിൽ നടക്കുന്ന മെഡിക്കൽ – എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളായ NEET / JEE / KEAM എൻട്രൻസ് പരീക്ഷകൾക്ക് വേണ്ടിയുള്ള ഒരു മാസം നീണ്ടുനിൽക്കുന്ന ക്രാഷ് കോച്ചിംഗ് 2020 മാർച്ച് 28 മുതൽ ആരംഭിക്കുകയാണ്. ബഹു. അച്ചൻമാർ ഇടവകയിലെ സമർത്ഥരായ കുട്ടികളെ ക്രാഷ് കോഴ്സുകളിലേക്ക് പറഞ്ഞുവിടുമല്ലോ.

## VI. Higher Studies Help Desk

കേരളത്തിനകത്തും പുറത്തും വിദേശത്തും വിവിധ കലാലയങ്ങളിലേക്ക് വിവിധ കോഴ്സുകൾ പഠിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായസഹകരണവും സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ചെയ്തുകൊടുക്കുന്നതാണ്. സഹായം ആവശ്യമുള്ളവർ സാൻജോസ് അക്കാഡമിയിൽ നേരിട്ട് വന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സാൻജോസ് അക്കാഡമിയുടെ പേരിൽ മറ്റ് അപരൻമാർ മുതലെടുപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സാൻജോസ് അക്കാഡമിയുടെ ഫോൺ നമ്പറിൽ വിളിച്ച് നേരിട്ട് കാര്യങ്ങൾ അന്വേഷിക്കേണ്ടതാണ്.

**VII. PSC Coaching** : കേന്ദ്ര – സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C, U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷഘടനയാണ് ഇതിനുള്ളത്. പുതിയ ബാച്ച് ജൂലൈ മാസത്തിൽ പൈസക്കരി ദേവമാതാ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. അഡ്മിഷൻ ആവശ്യമുള്ളവർ കോളേജ് ഓഫീസിലോ, 8281 750 777, 8281 730 777 എന്നീ നമ്പരുകളിലോ ബന്ധപ്പെടേണ്ടതാണ്.

## VIII. NET Exam Crash Coaching

കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള ബാച്ചിന്റെ

പരിശീലനം വിജയകരമായി പൂർത്തിയാക്കി. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അടുത്ത ബാച്ച് മെയ് മാസത്തിൽ ആരംഭിക്കുന്നതാണ്. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പൂർത്തിയാക്കിയവർക്കും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. ഈ ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

**IX. IELTS പരിശീലനം** : ഇംഗ്ലീഷ് ഭാഷ ലോക ഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കുവാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് ആരംഭിച്ചിരിക്കുന്ന IELTS പരിശീലനം വളരെ വിജയകരമായി മുന്നോട്ടുപോകുന്നു. നാളിതുവരെ നിരവധി വിദ്യാർത്ഥികൾക്ക് അവരവർക്കാവശ്യമായ സ്കോർ നേടിയെടുത്ത് ഭാവി കാര്യങ്ങൾ ക്രമപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 12000 രൂപയും + ഹോസ്റ്റൽ ഫീസും ഒരു മാസത്തേക്ക് 8000 രൂപയും ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് U Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. ഏത് ദിവസവും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. കേരളത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

## സെമിനാറുകൾ - ക്ലാസ്സുകൾ

03.11.2019 ന് മാലോം ഇടവകയിൽ ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ മാതാപിതാക്കൾക്ക് സംഘടിപ്പിച്ച സെമിനാറിൽ ക്ലാസ്സുകൾ നയിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

17.11.2019 ന് തടിക്കടവ് ഇടവകയിൽ ബഹു. ഡയറക്ടർ അച്ചൻ സൺഡേ സ്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്ക് സംഘടിപ്പിച്ച സെമിനാറിൽ ക്ലാസ്സുകൾ നയിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരികരിക്കുകയും ചെയ്തു. .

24.11.2019 ന് ഡയറക്ടർ അച്ചൻ ബദിയടുക്ക ഇടവകയിൽ മാതാപിതാക്കൾക്ക് സംഘടിപ്പിച്ച സെമിനാറിൽ ക്ലാസ്സുകൾ നയിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

ഇത്തരത്തിൽ വേദി ഒരുക്കിതന്ന ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റേഴ്സിനും പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

*25 നോമ്പിന്റെയും ഈശോയുടെ പിറവിത്തിരുനാളിന്റെയും ആശംസകൾ!*

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാകാര്യാലയത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ! ഉത്തരമലബാർ കർഷകപ്രക്ഷോഭത്തിൽ മുന്നണിപോരാളിയായി, സജീവമായി നേതൃത്വം കൊടുത്തുകൊണ്ട് എല്ലാ കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഭാരവാഹികളും ഫൊറോന പ്രസിഡണ്ടുമാറും നേതാക്കളും പ്രവർത്തിക്കണമെന്ന് താല്പര്യപ്പെടുന്നു. ഇടവക, ഫൊറോന, അതിരൂപതാതലത്തിൽ കത്തോലിക്കാ കോൺഗ്രസിനെ ശക്തമാക്കുന്നതിനുള്ള വേദിയായി ഉത്തരമലബാർ കർഷകപ്രക്ഷോഭത്തെ കാണണം, അതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം.

## അതിരൂപത എക്സിക്യൂട്ടീവ്

കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് യോഗം 11-11-2019ൽ തലശ്ശേരി സന്ദേശഭവനിൽവച്ച് അതിരൂപതാ പ്രസിഡണ്ട് ദേവസ്യ കൊങ്ങോലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. അതിരൂപതാഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ജനറൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചക്കുന്നേൽ കേന്ദ്രസമിതി തീരുമാനങ്ങൾ വിശദീകരിച്ചു. അതിരൂപതാഭാരവാഹികളും ഫൊറോന പ്രസിഡണ്ടുമാരും കഴിഞ്ഞ 6 മാസത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.

- എല്ലാ യൂണിറ്റ് കമ്മിറ്റികളും 2019 ഡിസംബർ 25ന് മുമ്പായി ചേരേണ്ടതാണ്. കുടുംബക്കൂട്ടായ്മയിലെ കത്തോലിക്കാകോൺഗ്രസ്, ഡി.എഫ്.സി. പ്രതിനിധികളെ യോഗത്തിൽ പങ്കെടുപ്പിക്കണം. പുതിയ അംഗങ്ങളെയും യോഗത്തിൽ പങ്കെടുപ്പിക്കണം. അവർക്ക് മെമ്പർഷിപ്പ് നൽകിയാൽ മതി. ചലനാത്മകമല്ലാത്ത കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിന് ഫൊറോന പ്രസിഡണ്ടിനെ ചുമതലപ്പെടുത്തി. വികാരിയച്ചനുമായി ആലോചിച്ചുവേണം പുനഃസംഘടന. യോഗം ചേരുന്ന വിവരം വികാരിയച്ചനെക്കൊണ്ട് പള്ളിയിൽ പറയിപ്പിക്കുന്നത് നല്ലതായിരിക്കും.
- ജനുവരിമാസത്തിൽ എല്ലാ യൂണിറ്റുകളിൽനിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ഫൊറോന കമ്മിറ്റി ചേരേണ്ടതാണ്. ഫൊറോന ഡയറക്ടറച്ചനുമായി ആലോചിച്ച് ആവശ്യമെങ്കിൽ പുനഃസംഘടന നടത്തുന്നതിന് അതിരൂപതാ ഡയറക്ടർ, പ്രസിഡണ്ട് എന്നിവരെ ചുമതലപ്പെടുത്തി.
- 2020ഫ്രെബ്രുവരി 10ന് ചേരുന്ന അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അതിരൂപതാ വർഷികത്തെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. ആവശ്യമെങ്കിൽ അതിരൂപതാ കമ്മിറ്റിയിലും മാറ്റങ്ങൾ വരുത്തുന്നതാണ്.
- പ്രവർത്തന റിപ്പോർട്ടുകൾ നൽകാത്ത അതിരൂപത ഭാരവാഹികളും ഫൊറോന പ്രസിഡണ്ടുമാരും റിപ്പോർട്ടുകൾ അതിരൂപത ഡയറക്ടർക്ക് നല്കേണ്ടതാണ്.

- ദുബായിൽ വച്ചുനടന്ന അന്താരാഷ്ട്ര സമ്മേളനത്തിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനി അതിരൂപതയിൽ തുടങ്ങുന്നതിന് തീരുമാനിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ, അതിരൂപതാ പ്രസിഡണ്ട് ദേവസ്യ കൊങ്ങോല എന്നിവരെ ചുമതലപ്പെടുത്തി.
- കേന്ദ്രസമിതിയുടെ തീരുമാനങ്ങൾ അതിരൂപതയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

A അതിരൂപതാ, ഫൊറോന, ഇടവകതലങ്ങളിൽ ഹെൽപ് ഡെസ്ക് ആരംഭിക്കുക. സർക്കാർ ആനുകൂല്യങ്ങൾ, ന്യൂനപക്ഷ ആനുകൂല്യങ്ങൾ, ജോലി സാധ്യതകൾ മുതലായവ ജനങ്ങളിലേക്ക് എത്തിക്കുക. ബെന്നി പുതിയാംപുറം, കുഞ്ഞമ്മ തോമസ് തോണിക്കുഴി, മൈക്കിൾ ചാണ്ടികൊല്ലി എന്നിവരെ ചുമതലപ്പെടുത്തി.

B ഗ്ലോബൽ മീറ്റിന്റെ നിർദ്ദേശപ്രകാരം വിഷൻ 2020–25 വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിന് ദേവസ്യ കൊങ്ങോല, ജോണി തോമസ് വടക്കേക്കര എന്നിവർക്ക് ചാർജ് നല്കി.

C മതസൗഹാർദ്ദം ആഹ്വാനം ചെയ്ത് വിവിധ സമുദായനേതാക്കൾ, ജനപ്രതിനിധികൾ വ്യാപാരസംഘടനാ ഭാരവാഹികൾ മുതലായവരെ പങ്കെടുപ്പിച്ചുകൊണ്ട് ക്രിസ്തുമസ് സന്ദേശവും സ്നേഹവിരുന്നും മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് ഫൊറോന പ്രസിഡണ്ടുമാരെ ചുമതലപ്പെടുത്തി.

D 2019 ഡിസംബറിൽ പ്രതിനിധിസമ്മേളനവും ഗ്ലോബൽ സമിതി വാർഷികവും ഇരിങ്ങാലക്കുടയിൽവച്ച് നടത്തുമ്പോൾ ബുള്ളറ്റിനിൽ ചേർക്കുന്നതിനുള്ള അതിരൂപതയുടെ പ്രവർത്തനറിപ്പോർട്ടും ഫോട്ടോകളും തയ്യാറാക്കുന്നതിന് ചാക്കോച്ചൻ കാരാമയിൽ, ഡേവീസ് ആലങ്ങാടൻ എന്നിവരെ ചുമതലപ്പെടുത്തി

E കത്തോലിക്കാ കോൺഗ്രസിന്റെ അഭിമാനകരമായ ചരിത്രം സമുദായ അംഗങ്ങളിൽ എത്തിച്ച് സംഘടനയ്ക്ക് ഉണർവ്വേകുവാൻ ചരിത്രം ആസ്പദമാക്കി ക്വിസ് മത്സരം അതിരൂപതയിൽ നടത്തുക. ബേബി നെട്ടനാനി, പീയൂസ് പറേടം എന്നിവരെ ചുമതലപ്പെടുത്തി.

ഡിസംബർ 14ന് ശനിയാഴ്ച അതിരൂപത ഭാരവാഹിയുടെ യോഗം സന്ദേശഭവനിൽ ചേരുന്നതാണ്. പരസ്പരസഹായനിധിയോഗവും ഉണ്ടായിരിക്കും. പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഉത്തരമലബാർ കർഷകപ്രക്ഷോഭം വിജയിപ്പിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

| | |
|---|---|
| **ദേവസ്യ കൊങ്ങോല** | **ഫാ. മാത്യു ആശാരിപറമ്പിൽ** |
| അതിരൂപതാപ്രസിഡന്റ് | ഡയറക്ടർ |

# വിമൽ ജ്യോതി വാർത്തകൾ

*വിമൽ ജ്യോതിയിൽ നിന്നും ഏവർക്കും*
*ആസന്നമായ ക്രിസ്തുമസ്, പുതുവത്സരാശംസകൾ നേരുന്നു.*

2019 വിമൽ ജ്യോതിയെ സംബന്ധിച്ചിടത്തോളം അനുഗ്രഹത്തിന്റെ ഒരു വർഷമാണ്. പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുവാൻ സാധിച്ചു. കണ്ണൂർ യൂണിവേഴ്സിററി പ്രഖ്യാപിച്ച എൻജിനീയറിംഗ് റാങ്കുകളിൽ 5 എണ്ണം നമ്മുടെ സമർത്ഥരായ കുട്ടികൾ നേടി എന്നത് നമുക്ക് അഭിമാനകരമാണ്. കായികരംഗത്തും മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചു.

കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിലെ പ്ലസ് ടു വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ പ്രൊജക്ട് കോമ്പററീഷൻ, സ്പെല്ലിംഗ് ബീ കോമ്പററീഷൻ, ശാസ്ത്രക്വിസ്, ഇന്നവേഷൻ ചലഞ്ച് 2019, തുടങ്ങിയവ പങ്കാളിത്തംകൊണ്ടും പ്രകടനംകൊണ്ടും മികച്ചതായിരുന്നു.

ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായുള്ള പ്രൊജക്ടുകളുടെ പണിപ്പുരയിലാണ് നമ്മുടെ മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റിലെ സമർത്ഥരായ വിദ്യാർത്ഥികൾ. ഇംപീരിയൽ സൊസൈററി ഓഫ് ഇന്നവേററീവ് എൻജിനീയേഴ്സ് എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ 2020 ജനുവരി അവസാനവാരത്തിൽ ഭോപ്പാലിൽ വച്ച് നടക്കുന്ന ദേശീയ മത്സരത്തിൽ പങ്കെടുക്കുന്നതിനായി ഇലക്ട്രിക്കൽ ഗോകാർട്ട്, എൻജിൻ ഗോകാർട്ട് എന്ന രണ്ടു വാഹനങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ മറെറാരു ടീം ഹൈബ്രിഡ് സ്കൂട്ടർ നിർമ്മാണത്തിനായുള്ള പരിശ്രമവും നടത്തികൊണ്ടിരിക്കുന്നു.

എൻജിനീയറിംഗ്, എം.ബി.എ കോളേജുകളെ സംബന്ധിച്ച് ക്യാമ്പസ് പ്ലേസ്മെന്റ് ഒരു മുഖ്യഘടകമാണല്ലൊ. ഇക്കഴിഞ്ഞ വർഷം 250ൽ അധികം കുട്ടികൾക്ക് മെച്ചപ്പെട്ട അവസരങ്ങൾ നേടിക്കൊടുക്കുവാൻ കഴിഞ്ഞു. പ്രമുഖ കമ്പനികളും ഏജൻസികളും നമ്മുടെ കോളേജ് കേന്ദ്രമാക്കി റിക്രൂട്ട്മെന്റ് നടത്തുന്നു എന്നത് നമ്മുടെ കുട്ടികൾക്ക് വളരെ അനുകൂലമായ ഒരു ഘടകമാണ്.

## പ്ലേസ്മെന്റ് വാർത്തകൾ

WIPRO ഒക്ടോബർ 18,19,20 തീയതികളിൽ നടത്തിയ National Talent Hunt Examination ൽ വിമൽ ജ്യോതിയിൽനിന്നും 140 കുട്ടികൾ പങ്കെടുത്തു. ഈ പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ ഒരുക്കുന്നതിനായി 3 ദിവസത്തെ തീവ്ര പരിശീലന പരിപാടി ഒക്ടോബർ 9, 10, 11 തീയ്യതികളിൽ സംഘടിപ്പിച്ചു. SIXPHRASE ട്രെയിനിംഗ് കമ്പനിയിലെ പ്രഗത്ഭരായ ട്രെയിനേഴ്സ് വിദ്യാർത്ഥികൾക്ക് നേതൃത്വം നൽകി.

G10X കമ്പനി ഒക്ടോബർ 10 നു കോഴിക്കോട് MDITൽ നടത്തിയ പൂൾ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ ഷോർട്ട്ലിസ്റ്റഡ് ആയ വിമൽ ജ്യോതിയിലെ 27 കുട്ടികൾക്ക് വേണ്ടി ഒക്ടോബർ 31 നു ഗ്രൂപ്പ് ഡിസ്കഷൻ റൗണ്ട് നടത്തി.

പ്രമുഖ ഐ.ടി. കമ്പനി ആയ IBS SOFTWARES നവംബർ 1നു നടത്തിയ ഫൈനൽ ഇന്റർവ്യൂവിൽ വിമൽ ജ്യോതിയിൽ നിന്നും 6 വിദ്യാർത്ഥികൾ പങ്കെടുക്കുകയും 1 വിദ്യാർത്ഥിക്ക് ജോലി ലഭിക്കുകയും ചെയ്തു.

Cognizant Technology Service (CTS) നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 8 വിദ്യാർത്ഥികൾ ഫൈനൽ റൗണ്ടിലേക്ക് യോഗ്യത നേടി. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ഫൈനൽ ഇന്റർവ്യൂ നവംബർ 4നു നടത്തി.

വിമൽ ജ്യോതിയിലെ മൂന്നാം വർഷ ബി.ടെക് വിദ്യാർത്ഥികളെ ഏഅംഗ്ള പരീക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചു ബോധവത്കരിക്കുന്നതിനായി കണ്ണൂർ GATE അക്കാഡമിയുടെയും വിമൽ ജ്യോതി പ്ലേസ്മെന്റ് സെല്ലിന്റെയും നേതൃത്വത്തിൽ നവംബർ 4നു GATE ഓറിയന്റേഷൻ സെമിനാർ സംഘടിപ്പിച്ചു.

## സ്പെല്ലിംഗ് ബീ കോമ്പററീഷൻ

നോർത്ത് മലബാർ സ്പെല്ലിംഗ് ബീ കോമ്പററീഷൻ ഈ വർഷം വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം മൂന്ന് കേന്ദ്രങ്ങളിൽ വച്ച് നടത്തി. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയ സ്കൂളുകൾക്ക് യഥാക്രമം 10000/-, 7000/-, 5000/- രൂപ വീതം ക്യാഷ് പ്രൈസുകളും പ്രശസ്തിപത്രവും നൽകി. വയനാട് ജില്ലയിലെ സ്കൂളുകൾക്കായി കണിയാരം ഫാ.ജി.കെ.എ. ഹയർസെക്കന്ററി സ്കൂളിൽ വച്ചും, കോഴിക്കോട് ജില്ലയിലെ സ്കൂളുകൾക്കായി താമരശ്ശേരി അൽഫോൻസ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ചും, കണ്ണൂർ, കാസർഗോഡ് ജില്ലയിലെ കുട്ടികൾക്കായി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ചും നടത്തി.

നവംബർ 8-ാം തീയതി താമരശ്ശേരിയിൽ വച്ച് നടത്തിയ മത്സരത്തിൽ അൽഫോൻസാ ഇംഗ്ലീഷ് മീഡിയം സ്കൂൾ ഒന്നാം സ്ഥാനവും, ജെ.ഡി.ററി. ഇസ്ലാം ഹയർസെക്കന്ററി സ്കൂൾ രണ്ടും, മൂന്നും സ്ഥാനങ്ങളും നേടി. നവംബർ 15-ാം തീയതി മാനന്തവാടിയിൽ വച്ച് നടന്ന മത്സരത്തിൽ ഹിൽ ബ്ലൂമ്സ് ഹയർസെക്കന്ററി സ്കൂൾ മാനന്തവാടി ഒന്നാം സ്ഥാനവും, കൊട്ടിയൂർ ഹയർസെക്കന്ററി സ്കൂൾ രണ്ടാം സ്ഥാനവും, ഹിൽ ബ്ലൂമ്സ് ഹയർസെക്കന്ററി സ്കൂൾ തന്നെ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. 22-ാം തീയതി വിമൽ ജ്യോതിയിൽ വച്ച് നടത്തിയ മത്സരത്തിൽ മേരിഗിരി സീനിയർ സെക്കന്ററി സ്കൂൾ പൊടിക്കളം ഒന്നും രണ്ടും സ്ഥാനവും, സാന്തോം ഹയർസെക്കന്ററി സ്കൂൾ കൊളക്കാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## ഡോ. എ. പി. ജെ അബ്ദുൾ കലാം സയന്റിഫിക് എക്സലൻസ് പ്രൊജക്ട് കോംമ്പററീഷൻ 2019

2019 നവംബർ 12-ാം തീയതി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽവച്ച് +1, +2 സയൻസ് വിദ്യാർത്ഥികൾക്കായി ഒരു സയൻസ് പ്രൊജക്ട് കോമ്പററീഷൻ നടത്തി. കണ്ണൂർ, കാസറഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിലെ ഹയർസെക്കന്ററി വിദ്യാർത്ഥികളിൽനിന്ന് തിരഞ്ഞെടുത്ത 24 പ്രൊജക്ടുകൾ മത്സരത്തിന്റെ ഭാഗമായി പ്രദർശിപ്പിച്ചു. മത്സരത്തിൽ ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂൾ ഒന്നാം സ്ഥാനവും, വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂൾ രണ്ടാം സ്ഥാനവും, അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹയർസെക്കന്ററി സ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. യഥാക്രമം 30000/-, 20000/-, 10000/- രൂപ വീതം ക്യാഷ് പ്രൈസും നൽകി.

## വിമൽ ജ്യോതി എം.ബി.എ വിദ്യാർത്ഥികളുടെ റൂറൽ ക്യാമ്പ്

വിമൽ ജ്യോതി എം.ബി.എ കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികൾ ബഡൂർ സെന്റ് ജോസഫ്സ് ഇടവകയിൽ റൂറൽ ക്യാമ്പ് നടത്തി. ക്യാമ്പിന്റെ ഭാഗമായി 3 ദിവസത്തെ വിവിധ സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

## കെമാററ് കോച്ചിംഗ്

2019 ഡിസംബർ 1-ാം തീയതി നടത്താൻ നിശ്ചയിച്ചിരിക്കുന്ന കെമാററ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന വിദ്യാർത്ഥികൾക്കായി വിമൽ ജ്യോതി എം.ബി.എ കോളേജിന്റെ ആഭിമുഖ്യത്തിൽ സൗജന്യ കോച്ചിംഗ് ക്യാമ്പ് നടത്തി. ചെറുപുഴ, ആലക്കോട്, ഇരിട്ടി, സുൽത്താൻബത്തേരി, മാനന്തവാടി എന്നിവിടങ്ങളിലും കൂടാതെ വിമൽ ജ്യോതിയിൽ വച്ച് നവംബർ 23,24,25 തീയതികളിലും കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. അടുത്ത വർഷം എം.ബി.എ അഡ്മിഷൻ ആഗ്രഹിക്കുന്ന കുട്ടികൾ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# നിർമ്മലഗിരി വാർത്തകൾ

## 1. ഇന്റർനാഷണൽ കോൺഫറൻസ്

നിർമലഗിരി കോളേജ് ഭാഷാവിഭാഗങ്ങളും കേരള ചലച്ചിത്ര അക്കാദമിയും IRISH-Dw സംയുക്തമായി ഇന്റർനാഷണൽ കോൺഫറൻസ് സംഘടിപ്പിക്കുന്നു. ഡിസംബർ 17,18,19 തീയ്യതികളിലായി സിനിമ: സംസ്കാരം സാഹിത്യം (Crossing borders: Film & Literature) എന്ന വിഷയത്തെ ആസ്പദമാക്കിയാണ് കോൺഫറൻസ്. അടൂർ ഗോപാലകൃഷ്ണനാണ് ഉദ്ഘാടനം നിർവഹിക്കുന്നത്. ഇന്ത്യയ്ക്കകത്തും പുറത്തുംനിന്ന് നിരവധി സിനിമാ നിരൂപകരും സംവിധായകരും എഴുത്തുകാരും സിനി ആർട്ടിസ്റ്റുകളും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്യുന്നു.

## 2. ആദിവാസി മേഖലയിൽ പുസ്തക ശേഖരം നടത്തി

കുടുംബശ്രീ ജില്ലാമിഷന്റെ സഹകരണത്തോടെ ആറളം ഫാം പ്രത്യേക പട്ടികവർഗ്ഗ പദ്ധതിയുടെ ഭാഗമായി ഫാമിലാരംഭിക്കുന്ന ലൈബ്രറിയിലേക്ക് കൂത്തുപറമ്പ് നിർമലഗിരി കോളേജ് ഹോം സയൻസ് വിഭാഗം നൽകിയ പുസ്തക ശേഖരം പഞ്ചായത്ത് പ്രസിഡന്റ് ഷിജി നടുപ്പറമ്പിൽ ഏറ്റുവാങ്ങി.

**3. ബോധവൽക്കരണ ക്ലാസ് :**സൈബർ കുറ്റകൃത്യങ്ങളും സുരക്ഷാമാർഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി നിർമലഗിരി കോളേജ് ചരിത്രവിഭാഗം നടത്തിയ ബോധൽക്കരണ ക്ലാസിന് കേരള പോലീസ് ഇൻസ്പെക്ടർ ശ്രീ. ഹരിപ്രസാദ് എം.കെ.നേതൃത്വം നൽകി.

**4. Lecture at School Program** : Indian Space Research Organisation (ISRO)-ന്റെ ഭാഗമായി നടത്തുന്ന Lecture at School Program കെമിസ്ട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. സീനീയർ സയന്റിസ്റ്റ് Mr.Roy ബഹിരാകാശ ഗവേഷണത്തിന്റെ അനന്തസാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികളുമായി സംവദിച്ചു.

**5. കോളേജ് യൂണിയൻ ഉദ്ഘാടനം:** 2019-20 അദ്ധ്യയന വർഷത്തെ കോളേജ് യൂണിയൻ ഉദ്ഘാടനം പ്രിൻസിപ്പാൾ ഡോ.ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രശസ്ത സിനിമാതാരം കൈലാഷ് നിർവഹിച്ചു.

6. ഒന്നും രണ്ടും വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കായി പ്രശസ്ത മോട്ടിവേഷൻ സ്പീക്കർ ശ്രീ.തുഷാർ ടി.കെ.-യുടെ നേതൃത്വത്തിൽ ഏകദിന പരിശീലന പരിപാടി IQAC-യും PTA- യും സംയുക്തമായി സംഘടിപ്പിച്ചു.

ഒന്നാംവർഷ ഡിഗ്രി വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് സെല്ലിന്റെ നേതൃത്വത്തിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ശ്രീ. ദീപു ജോസഫ്, ഡോ. ജോജി കുര്യൻ, ഡോ. നൈജിൽ തോമസ്, ഡോ. സിബി ഫിലിപ്പ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

7. ഫാ. സെബാൻ ചെരിപുറം, ഫാ. റെനി അരീപ്ലാക്കൽ എന്നിവരുടെ നേതൃത്വത്തിൽ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികൾക്കായി ഒരു ഓറിയന്റേഷൻ പ്രോഗ്രാം 22.11.2019-ന് സംഘടിപ്പിച്ചു.

**പി.ആർ.ഒ., നിർമലഗിരി കോളേജ്**

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



**തലശ്ശേരി സെൻട്രൽ കൗൺസിൽ**



## കുന്നോത്ത് എ.സി. വാർഷികം

തോമാപുരം ഫൊറോനയിലെ ബെഡൂർ ഇടവക ഭൂരഹിതരും നിർദ്ധനരുമായ 25 കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് നല്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന 'സ്വാന്തനം' ഭവനപദ്ധതിയിൽ സഹകരിച്ച് തലശ്ശേരി സി.സി.യുടെ ആഭിമുഖ്യത്തിൽ ഒരു കുടുംബത്തിന് വീട് നിർമ്മിച്ച് കൊടുക്കുവാൻ 26-10-2019 ന് ചേർന്ന യോഗം തീരുമാനിച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ പ്രാരംഭഘട്ട ചെലവുകൾക്കായി 1,75,000 രൂപ സംഭാവന നല്കുവാൻ നമുക്ക് സാധിച്ചിട്ടുള്ളത് ഇത്തരുണത്തിൽ ഓർമ്മിക്കുമല്ലോ. 2019ലെ ആഗമനകാലത്ത് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ നോമ്പും ഉപവാസവുമെടുത്ത് മിച്ചം വെയ്ക്കുന്ന തുക 'ഉണ്ണീശോയ്ക്ക് ഒരു വീട്' എന്ന മാനദണ്ഡത്തിൽ പ്രത്യേക നിയോഗപ്രകാരം സ്വരൂപിച്ച തുകയും ക്രിസ്തുമസ്സിന് മുമ്പു ഒരു ദിവസത്തെ രഹസ്യപിരിവ് തുകയും ചേർത്ത് കോൺഫറൻസുകളിൽനിന്ന് ഇക്കാര്യത്തിലേക്ക് ഫണ്ട് സ്വരൂപിച്ച് എ.സി. മുഖേന സി.സി.യിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്. 6 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു വീട് നിർമ്മിക്കുവാനാണ് നാം പ്ലാൻ ചെയ്തിരിക്കുന്നത്. എല്ലാ മെമ്പർമാരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ അതിരൂപതയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഉത്തരമലബാർ കർഷകപ്രക്ഷോഭത്തിൽ വിൻസെൻഷ്യൻ പ്രവർത്തകർ എല്ലാവരും സജീവമായി പങ്കെടുക്കണമെന്ന് സി.സി.യുടെ പേരിൽ ആഹ്വാനം ചെയ്യുകയാണ്.

നമ്മുടെ സെൻട്രൽ കൗൺസിൽ ആത്മീയ ഉപദേഷ്ടാവ് ബഹു. ജോസഫ് കാക്കരമറ്റം അച്ചന്റെ വത്സലപിതാവ് ശ്രീ. ഫിലിപ്പ് കാക്കരമറ്റം 30-10-2019ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട വിവരം അറിഞ്ഞിരിക്കുമല്ലോ. സി.സി. പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ സി.സി. & എ.സി. ഭാരവാഹികളും നിരവധി അംഗങ്ങളും ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും റീത്ത് സമർപ്പിച്ച് അനുശോചനം അറിയിക്കുകയും 31-10-19ന് ചെങ്ങോം ഇടവക ദൈവാലയത്തിൽ നടന്ന മൃതസംസ്ക്കാര ശുശ്രൂഷയിൽ സംബന്ധിക്കുകയും ചെയ്തു. പരേതന്റെ ആത്മശാന്തിക്കായി നമുക്ക് തുടർന്നും പ്രാർത്ഥിക്കാം.

## സെന്റ് വിൻസെൻറ് ഡി പോൾ ദിനാചരണം

പൊന്മല സെന്റ് ജോസഫ് കോൺഫ്രൻസ് 27-9-19ന് സെന്റ് വിൻസെന്റ് ഡി പോൾ ദിനാചരണം നടത്തി. ദിവ്യബലിക്കുശേഷം ചേർന്ന യോഗത്തിൽ കോൺഫ്രൻസ് പ്രസിഡണ്ട് ബ്ര. ജോസ് മേനോമ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുതയോഗം പൊന്മല സെന്റ് ജോസഫ് ഇടവക വികാരി ഫാ. മനോജ്

കൊച്ചുപുര ഉദ്ഘാടനം ചെയ്തു. ഇടവകയിലെ മുതിർന്ന മാതാപിതാക്കളെ പൊന്നാടയണിയിച്ച് ആദരിച്ചു. മുതിർന്ന അംഗങ്ങളായ ജോസഫ് കുഴിവേലിയും മറിയാമ്മ കുളത്തിനാലും ചേർന്ന് കേക്ക് മുറിച്ചു. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ലൂക്കോസ് മുണ്ടത്താനം ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കോൺഫ്രൻസ് സിക്രട്ടറി ബ്ര. ജോസ് സ്വാഗതവും മേരി വടക്കേമുറി നന്ദിയും പറഞ്ഞു. തുടർന്ന് സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

## വായാട്ടുപറമ്പ് - എ.സി. 9-ാമത് വാർഷിക ആഘോഷം

വായാട്ടുപറമ്പ് എ.സി.യുടെ 9-ാമത് വാർഷികാഘോഷം 26-10-19ന് വായാട്ടുപറമ്പ് സെന്റ് ജോസഫ് പാരീഷ്ഹാളിൽ വച്ചു നടത്തപ്പെട്ടു. രാവിലെ 9.30ന് ഫാ. പോൾ മാഞ്ഞൂരാന്റെ കാർമ്മികത്വത്തിൽ വി. കുർബാനയോടുകൂടി വാർഷികം ആരംഭിച്ചു. എ.സി. പ്രസിഡണ്ട് ബ്ര. ജോസഫ് ചൊറുക്കാവിൽ അദ്ധ്യക്ഷത വഹിച്ചു. എ.സി. വൈസ് പ്രസിഡണ്ട് ബ്ര. തോമസ് പുത്തൻപുര സ്വാഗതം ആശംസിച്ചു. വായാട്ടുപറമ്പ് ഫൊറോനവികാരി ഫാ. കുര്യാക്കോസ് കളരിക്കൽ വാർഷികം ഉദ്ഘാടനം ചെയ്തു. സഭ ഇപ്പോൾ നേരിടുന്ന വെല്ലുവിളികളെ അടിസ്ഥാനമാക്കി ഫൊറോന അസി. വികാരി ഫാ. പോൾ മാഞ്ഞൂരാൻ ക്ലാസ്സ് നയിച്ചു. സംഘടനയിൽ 25 വർഷം സേവനം ചെയ്തവരെ ആദരിച്ചു. 2019 വർഷത്തെ ഒസ്സാനം ഫെസ്റ്റിൽ എ.സി. തലത്തിൽ സമ്മാനാർഹരായ കുട്ടികലെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. എ.സി. സെക്രട്ടറി ലീലാമ്മ ജോർജ്ജ് വില്ലന്താനം വാർഷിക റിപ്പോർട്ടു വായിക്കുകയും സമ്മേളനത്തിന് നേതൃത്വം നല്കുകയും ചെയ്തു. ബ്ര. ഫ്രാൻസീസ് ചൊവ്വാറ്റുകുന്നേൽ നന്ദിപ്രകാശനം നടത്തി. 65 പേർ പങ്കെടുത്ത വാർഷിക സമ്മേളനം ഉച്ചഭക്ഷണത്തോടെ അവസാനിച്ചു.

## ആദ്ധ്യാത്മിക സെമിനാർ - നെല്ലിക്കാംപൊയിൽ എ.സി

നെല്ലിക്കാംപൊയിൽ എ.സി.യുടെ 2019-20 വർഷത്തെ പ്രഥമ സെമിനാർ 8-11-2019ന് നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് കോൺഫ്രൻസ് ഹാളിൽവച്ച് നടത്തപ്പെട്ടു. ബഹു. സി.സി. പ്രസിഡണ്ട് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ അദ്ധ്യക്ഷത വഹിച്ച സെമിനാർ, നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. ഏലിയാസ് എടുക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

2018-19 വർഷത്തെ ബെസ്റ്റ് കോൺഫ്രൻസിനുള്ള സമ്മാനം നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് കോൺഫ്രൻസിന് സമ്മാനിച്ചു. 2018-19 വർഷം കെ.ആർ.സി.സി നടത്തിയ ഓസാനാം ഫെസ്റ്റിന്റെ ക്വിസ് മത്സരത്തിൽ കെ.ആർ.സി.സി തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പുറവയൽ സെന്റ് ജോർജ് വനിത കോൺഫ്രൻസിലെ സി. സൗമ്യ മാത്യു കണിപ്പള്ളിക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി അനുമോദിച്ചു.

## റൂബി ജൂബിലി ഭവന വെഞ്ചരിപ്പ്

തലശ്ശേരി സി.സിയുടെ റൂബി ജൂബിലിയുടെ ഭാഗമായി, തോമാപുരം എ.സി.യിലെ മണ്ഡപം സെന്റ് ജോസഫ് കോൺഫ്രൻസിന്റെ നേതൃത്വത്തിൽ പണിത ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം, 3-11-19ന് ഞായറാഴ്ച മണ്ഡപം സെന്റ് ജോസഫ് ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ നടത്തി. കോൺഫ്രൻസ് അംഗങ്ങളുടെയും ഉപകാരികളുടെയും സാന്നിദ്ധ്യത്തിൽ ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ ഗൃഹനാഥന് താക്കോൽ കൈമാറി. 950 ച.അടി. വിസ്തീർണ്ണത്തിൽ 12 ലക്ഷം രൂപ ചിലവിൽ പണിത ഈ ഭവനം മണ്ഡപം സെന്റ് ജോസഫ് കോൺഫ്രൻസിന്റെ 29-ാമത്തെ ഭവനമാണ്. തുടർന്ന് സ്നേഹവിരുന്നോടെ ചടങ്ങുകൾ അവസാനിച്ചു.

## പുതിയ കോൺഫ്രൻസ് രൂപീകരണം

തലശ്ശേരി കത്തീഡ്രൽപള്ളി ഇടവകയിൽ പുതിയ കോൺഫ്രൻസ് രൂപീകരിച്ച് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചു. 15-8-19ന് ദിവ്യബലിക്കുശേഷം വികാരി ഫാ. ജോർജ് കരോട്ടിന്റെ അദ്ധ്യക്ഷതയിൽ 25-ൽ പരം അംഗങ്ങൾ പ്രസ്തുത രൂപീകരണ യോഗത്തിൽ പങ്കെടുത്തു. ഭാരവാഹികളായി ബ്ര. ജോസഫ് പാലകൻ (പ്രസിഡണ്ട്), സി. ജോയ്സി സിയോൻ (വൈസ് പ്രസിഡണ്ട്), ബ്ര. അഡ്വ. ജോൺ ജോസഫ് തലയ്ക്കൽ (സിക്രട്ടറി), ബ്ര. ഫിലിപ്പ് തറപ്പേൽ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. ആത്മീയഉപദേഷ്ടാവ് ബഹു. ഫാ. ജോർജ്ജ് കരോട്ട് സന്ദേശം നല്കി സെന്റ് ജോസഫ് കോൺഫ്രൻസ് ഉദ്ഘാടനം ചെയ്തു. സി.സി. ജനറൽ സിക്രട്ടറി ബ്ര. പൗലോസ് പറേടം, തളിപ്പറമ്പ് എ.സി. സിക്രട്ടറി ബ്ര. ജോർജ്ജ് മറ്റം എന്നിവർ സൊസൈറ്റി നിയമാവലിയും സംഘടനാ പ്രവർത്തനങ്ങളും പരാമർശിച്ച് ക്ലാസ്സ് നയിച്ചു. തലശ്ശേരി സി.സി.യിലെ 198-ാമത് കോൺഫ്രൻസാണ് തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ രൂപീകരിച്ച സെന്റ് ജോസഫ് കോൺഫ്രൻസ്.

ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ മുൻകൂട്ടി നേർന്നുകൊള്ളുന്നു.

സ്നേഹപൂർവ്വം,

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സി.സി. പ്രസിഡന്റ്

# പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം

## 1. 36-ാം വാർഷികം നടത്തപ്പെട്ടു

ചികിത്സാകേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട 36-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഡോ. സെബാൻ ചെരിപുറം വി.കുർബാനയർപ്പിച്ചു. തുടർന്ന് നടത്തപ്പെട്ട സമ്മേളനത്തിൽ ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി അധ്യക്ഷത വഹിച്ചു. ജില്ലാകളക്ടർ ടി.വി. സുഭാഷ് **IAS** വാർഷികം ഉദഘാടനം ചെയ്തു. എം.എൽ.എ. ഷംസീർ ആശംസയർപ്പിച്ചു. പ്രതീക്ഷാ 2019 – അവാർഡ് മാത്യു എം. കണ്ടത്തിന് സമ്മാനിച്ചു. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അവാർഡ് ജേതാവായ മോൺ. തോമസ് തൈത്തോട്ടത്തിന് പ്രത്യേക ആദരവും സ്വീകരണവും നല്കി. ലഹരിരഹിതരായി നില്ക്കുന്നവരെ സമ്മാനങ്ങൾ നല്കി ആദരിച്ചു. എല്ലാ മാസവും നടത്തപ്പെടുന്ന **A.A** സമ്മേളനത്തിൽ മുടങ്ങാതെ വരുന്നവരെയും പ്രത്യേകമായി ആദരിച്ചു. കഴിഞ്ഞ ഒരു വർഷത്തെ വിവിധ പ്രവർത്തനങ്ങളുടെ ഫോട്ടോ ആൽബവും തൂവൽസ്പർശം എന്ന കൈയ്യെഴുത്തു പ്രസിദ്ധീകരണവും, ന്യൂസ് 2019 -ഉം സമ്മേളനവേദിയിൽ വച്ച് പ്രകാശം ചെയ്യപ്പെട്ടു. ഇ.വി. നാരായണൻ, ജോസ് കാവുംന്തല എന്നിവർ പ്രസംഗിച്ചു. വിവിധ നഴ്സിംഗ് കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥിനികൾ നൃത്തപരിപാടികൾക്ക് നേതൃത്വം നല്കി. മോൺ. തോമസ് തൈത്തോട്ടം, മാത്യു എം. കണ്ടം എന്നിവർ മറുപടി പ്രസംഗവും നടത്തി. സി. ഷാന്റി എസ്.കെ.ഡി റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം സ്വാഗതവും സിസ്റ്റർ തെരേസ് സി.എച്ച്.എഫ് നന്ദിയും പറഞ്ഞു.

## ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിന് പിന്തുണ

അതിരൂപത നേതൃത്വം നൽകുന്ന കർഷകപ്രക്ഷോഭ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട വിവിധ സായാഹ്ന ധർണകളിൽ ഡയറക്ടറും സ്റ്റാഫും പങ്കെടുത്ത് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**പരിശീലന പരിപാടികൾ:** വിവിധ യൂണിവേഴ്സിറ്റികൾ, **BSW, MSW** കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ പ്രതീക്ഷാ ചികിത്സാ കേന്ദ്രത്തിൽ പരിശീലനം പൂർത്തീകരിച്ചു വരുന്നു.

**സെമിനാറുകൾ :** ചികിത്സയിലായിരിക്കുന്നവർക്ക് നല്കപ്പെടുന്ന ബോധവത്ക്കരണത്തിന്റെ ഭാഗമായി മുൻ എയ്ഡഡ് ഉദ്യോഗസ്ഥൻ മോഹൻദാസ്, ഗോപിനാഥൻ മാസ്റ്റർ തുടങ്ങിയവർ കേന്ദ്രത്തിൽ ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി.

**ശ്രദ്ധിക്കാൻ:** ചികിത്സകഴിഞ്ഞ് പോകുന്നവരെ തുടർപരിപാടിയായ **A.A** മീറ്റിംഗിൽ സംബന്ധിക്കാൻ മാതൃവായനക്കാർ ശ്രദ്ധിച്ചാൽ ഏറെ ഉപകാരമാകും.

**ഫാ.ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# എ.ഡി.എസ്.യു.

## പ്രതിഷേധകൂട്ടായ്മ കുന്നോത്ത് വച്ച്

പഴവർഗ്ഗങ്ങളിൽനിന്നും മദ്യം ഉത്പാദിപ്പിക്കാനുള്ള സർക്കാർ നയത്തിൽ പ്രതിഷേധിച്ച് കുന്നോത്ത് ഹൈസ്ക്കൂളിൽവച്ച് പ്രതിഷേധ കൂട്ടായ്മ നടത്തി. തോമസ് എഫ്രേം അധ്യക്ഷത വഹിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം അതിരൂപതാതല പ്രതിഷേധപരിപാടികൾ ഉദ്ഘാടനം ചെയ്തു. ഫാ. കുര്യാക്കോസ് അറയ്ക്കൽ, എബിൻ കുര്യൻ എന്നിവർ പ്രസംഗിച്ചു. സിസ്റ്റർ സെലിൻ ജോസഫ്, ലൂസിയാമ്മ ടീച്ചർ എന്നിവർ നേതൃത്വം നൽകി.

## അതിരൂപതാതല നേതൃത്വ പരിശീലന ശില്പശാല

നമ്മുടെ ADSU പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിൽ നിന്നുമുള്ള ADSU ഭാരവാഹികൾക്കായി തളിപ്പറമ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഓഡിറ്റോറിയത്തിൽവച്ച് ഏകദിന ശില്പശാല നടത്തപ്പെട്ടു. ഫാ. അബ്രാഹം പോണാട്ട് അധ്യക്ഷത വഹിച്ചു. പരിയാരം സി.ഐ. ബാബു എ.വി. ഉദ്ഘാടനം നിർവ്വഹിച്ചു. മോഹൻദാസ് (റിട്ട. എക്സൈസ് ഉദ്യോഗസ്ഥൻ, കോഴിക്കോട്) ശില്പശാല നയിച്ചു. ആൽബിൻ മണ്ടുംപാല, ജോഷി പാരിയ്ക്കാപ്പള്ളിൽ, സഞ്ചയ്ഷാജി, മഞ്ജുഷ കുര്യൻ എന്നിവർ പ്രസംഗിച്ചു. അഡ്വ. മനോജ് എം. കണ്ടത്തിൽ സംഘടനാപ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് നേതൃത്വം നല്കി. ഫാ. ജോൺസൺ അന്ത്യാംകുളം സ്വാഗതവും റീന ചെറിയാൻ നന്ദിയും പറഞ്ഞു.

## പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ നിയമിച്ചു

ADSU വിന്റെ നിലവിലുള്ള അംഗങ്ങൾക്ക് പുറമെ സിസ്റ്റർ ഷൈല എസ്. കെ.ഡി. സബിൻ ജോസ്, റിൻസി. പി. കുര്യൻ എന്നിവരെക്കൂടി എക്സിക്യൂട്ടീവ് അംഗങ്ങളായി നിയമിച്ചു.

## ഒപ്പുശേഖരണ ഉദ്ഘാടനം അങ്ങാടിക്കടവിൽ

പഴവർഗ്ഗങ്ങളിൽ നിന്നും മദ്യം ഉത്പാദിപ്പിക്കാനുള്ള നീക്കത്തിനെതിരായി ADSU വിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട വിദ്യാർത്ഥികളുടെ പ്രതിഷേധ ഒപ്പുശേഖരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹൈസ്ക്കൂളിൽ വച്ച് നടത്തപ്പെട്ടു. കെ.ജെ. ഫ്രാൻസീസ് അധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികളിൽ നിന്നും ഒപ്പുകൾ ശേഖരിച്ച് ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം ഒപ്പുശേഖരണ സംരംഭത്തിന് തുടക്കം കുറിച്ചു. ഫാ. സജി തോമസ്, ആൽബിൻ മണ്ടുംപാല, മഞ്ചുഷ കുര്യൻ, പ്രശാന്ത് പി. എന്നിവർ ആശംസകളർപ്പിച്ചു. ജൂബിൻ ചെറിയാൻ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പി. എ. ജോർജ് സ്വാഗതവും ആതിര ഷാജി നന്ദിയും പറഞ്ഞു.

## ഒപ്പുശേഖരണം വിവിധ കേന്ദ്രങ്ങളിൽ

മുഖ്യമന്ത്രിക്ക് സമർപ്പിക്കാനുള്ള ADSU വിദ്യാർത്ഥികളുടെ ഒപ്പുകൾ ശേഖരിച്ചത് സമാഹരിക്കുന്നതിനായി പേരാവൂർ യു.പി, പേരാവൂർ എച്ച്.എസ്.എ

സ്, എടൂർ എച്ച്. എസ്, വയത്തൂർ യു.പി, ചെമ്പന്തൊട്ടി യു.പി, ചെമ്പേരി യു.പി, മേരിഗിരി യു.പി, മേരിഗിരി എച്ച്.എസ്, തോമാപുരം എച്ച്.എസ്.എസ്, വായാട്ടുപറമ്പ് എച്ച്.എസ്, എച്ച്.എസ്.എസ് എന്നീ സ്കൂളുകളിൽ ഡയറക്ടർ സന്ദർശിച്ച് വിദ്യാർത്ഥികളിൽ നിന്നും നേരിട്ട് നിവേദനവും സ്വീകരിച്ചു. കൂടാതെ ഇതര മാനേജ്മെന്റുകളിലെ ആലക്കോട് നിർമല യു.പി, ആലക്കോട് കോൺവെന്റ് സ്കൂൾ, റയരോം സെന്റ് സെബാസ്റ്റ്യൻസ് യു.പി, കടത്തുക്കടവ് എച്ച്.എസ്, ഇരിട്ടി സി.എം.ഐ. ക്രൈസ്റ്റ് സ്കൂൾ തുടങ്ങിയ സ്കൂളുകളിലും സന്ദർശനം നടത്തി നിവേദനം സ്വീകരിച്ചു.

## മുഖ്യമന്ത്രിക്ക് നിവേദനം

നമ്മുടെ വിവിധ സ്കൂളുകളിലെ 26,200 വിദ്യാർത്ഥികളുടെ ഒപ്പുശേഖരണം നവംബർ 19ന് മുഖ്യമന്ത്രിക്കും എക്സൈസ് മന്ത്രിക്കും, കൂടാതെ പ്രതിപക്ഷ നേതാവിനും കൈമാറി. നിവേദന സംഘത്തിൽ കെ.സി. ജോസഫ് എം.എൽ.എ, അഡ്വ. സണ്ണി ജോസഫ് എം.എൽ.എ. അഡ്വ. മനോജ് എം. കണ്ടത്തിൽ, ആൽബിൻ മണ്ടുംപാല, എബിൻ കുര്യൻ, ഡോ. ജോസ്ലെറ്റ് മാത്യു, ഫാ. ജോൺസൺ അന്ത്യാംകുളം എന്നിവർ ഉണ്ടായിരുന്നു.

## സ്കൂൾ സന്ദർശനം

സി. സിസിലി എഫ്.സി.സി. അറബി യു.പി, കുടിയാന്മല യു.പി, പൊട്ടംപ്ലാവ് യു.പി, പുലിക്കുരുമ്പ യു.പി, എച്ച്.എസ്; വെളിമാനം യു.പി, എച്ച്.എസ്; കുന്നോത്ത് എച്ച്.എസ്.എസിലും സന്ദർശനം നടത്തി ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ് എടുത്തു.

വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരിവിരുദ്ധ പരിപാടികൾക്ക് നേതൃത്വം നൽകുന്ന എല്ലാ ആനിമേറ്റർമാരെയും ഭാരവാഹികളെയും ഹൃദ്യമായി അനുമോദിക്കുന്നു.

## ശ്രദ്ധിക്കാൻ: കൈയ്യെഴുത്തു പ്രസിദ്ധീകരണം

ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖയിൽ ആവശ്യപ്പെട്ടതനുസരിച്ച് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു മാത്രമായുള്ള കൈയ്യെഴുത്തു പ്രസിദ്ധീകരണം ഓഫീസിൽ എത്തിക്കാനുള്ള അവസാനതീയതി നവം.31 ന് ആണ്.

- നവദർശൻ ക്യാമ്പ് ഡിസംബറിൽ ആയിരിക്കില്ല. മാർച്ച്/ഏപ്രിൽ മാസത്തിലായിരിക്കും. തീയതി പിന്നീട് അറിയിക്കാം.
- ADSU യൂണിറ്റുകളിൽ ആവശ്യമുള്ള റിക്കാർഡുകൾ നന്നായി ക്രമീകരിക്കാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ.
- ADSU സ്കൂൾ സന്ദർശനം നടത്തപ്പെടാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ ദയവായി ഓഫീസിലോ ഡയറക്ടറെയോ ബന്ധപ്പെടേണ്ടതാണ്. (9496137488 ഡയറക്ടർ)

ആശംസകളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ.

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി,മുക്തിശ്രീ

## നവം.1 കേരളപ്പിറവി ദിനം സർക്കാരിന്റെ മദ്യനയത്തിനെതിരെയും കർഷക പ്രക്ഷോഭത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടും ഉപവാസ സമരങ്ങൾക്ക് തോമാപുരത്ത് ആരംഭം

നവം.1 കേരളപ്പിറവി ദിനത്തിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 3 വരെ തോമാപുരം മേഖല ഏറ്റെടുത്ത് നടത്തിയ ഉപവാസസമരം മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ അധ്യക്ഷത വഹിച്ചു. മേഖല, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ നേതൃത്വം നൽകി.

ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ്, ഈസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡന്റ് ജെസ്സി ടോം, ഫാ. മാത്യു ഓലിക്കൽ, ഫാ. ഷിബു കീച്ചങ്കേരി, ഫാ. കുര്യാക്കോസ് പുതുക്കുളങ്ങര, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജോജി പുല്ലാഞ്ചേരി, ജിജി തച്ചാറുകുടിയിൽ, സിസ്റ്റർ സിസിലി എഫ്.സി.സി, ജോണി കൊന്നക്കൽ, ജീന വെട്ടിക്കാട്ട് എന്നിവർ പ്രസംഗിച്ചു.

## സായാഹ്ന ധർണ്ണ-ചെമ്പേരി ടൗണിൽ

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും ആഭിമുഖ്യത്തിൽ നവംബർ 2 ന് ചെമ്പേരി ടൗണിൽ വൈകുന്നേരം 3 മുതൽ 5.30 വരെ സായാഹ്ന ധർണ്ണ സംഘടിപ്പിച്ചു. മോൺ, തോമസ് തൈത്തോട്ടം ധർണ്ണ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. ജോർജ് കാഞ്ഞിരക്കാട്ട് അധ്യക്ഷതവഹിച്ചു. മേഖലാ ഡയറക്ടർ ഫാ. മാത്യു മുല്ലപ്പള്ളി, ശ്രീമതി ഷീബ തെക്കേടത്ത് എന്നിവർ ധർണ്ണയ്ക്ക് നേതൃത്വം നൽകി.

## ഞായർ സന്ദർശനവും ലഹരിവിരുദ്ധ സന്ദേശവും

കാവുന്തല-കാറ്റാംകവലയിൽ ഡയറക്ടറച്ചൻ നവംബർ 3 ഞായർ സന്ദർശനവും ലഹരിവിരുദ്ധ സന്ദേശവും നൽകി.

## സായാഹ്ന ധർണ്ണ-ചെമ്പന്തൊട്ടി ടൗണിൽ

നവംബർ 6 ബുധനാഴ്ച വൈകുന്നേരം മുതൽ 6 വരെ ചെമ്പന്തൊട്ടി ടൗണിൽ മേഖലയുടെ ആഭിമുഖ്യത്തിൽ സായാഹ്നധർണ്ണ സംഘടിപ്പിക്കപ്പെട്ടു. മോൺ. തോമസ് തൈത്തോട്ടം ധർണ്ണ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. ജോസ് മാണിക്കത്താഴെ അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ ഫാ. സന്തോഷ് ചാരംതൊട്ടിയിൽ ശ്രീമതി ഷിനോ പാറയ്ക്കൽ എന്നിവർ ധർണ്ണയ്ക്ക് നേതൃത്വം നല്കി.

## ആദ്യ വെള്ളി ജാഗരണം പേരാവൂരിൽ

നവം.1 ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിയുടെയും നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന പേരാവൂർ ഫൊറോന പള്ളിയിൽ വൈകുന്നേരം 6 മണിമുതൽ നടന്നു. വി. കുർബ്ബാന, വചനസന്ദേശം, ദിവ്യകാരുണ്യാരാധന എന്നിവയ്ക്ക് ഡയറക്ടറച്ചൻ നേതൃത്വം നല്കി.

## ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി മേഖലകൾ സംയുക്തമായി ആലക്കോട് ടൗണിൽ-സായാഹ്ന ധർണ്ണ

നവംബർ 14 ആലക്കോട് ടൗണിൽ സായാഹ്ന ധർണ്ണ നടന്നു. മോൺ. തോമസ് തൈത്തോട്ടം ആലക്കോട് ധർണ്ണ ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഡോ. ജോൺസൺ അന്ത്യാംകുളം മുഖ്യപ്രഭാഷണം നടത്തി. ആലക്കോട് മേഖലാ ഡയറക്ടർ ഫാ. ജോയ്സ് കാരികണ്ടത്തിൽ, വായാട്ടുപറമ്പ് മേഖലാ ഡയറക്ടർ ഫാ. ജോർജ് ഇലവുംകുന്നേൽ, മേരിഗിരി മേഖലാ ഡയറക്ടർ ഫാ. ആന്റണി കലയംകണ്ടം എന്നിവർ നേതൃത്വം നല്കി.

## പൈസക്കരി മേഖലയുടെ സായ്ഹന ധർണ്ണ-പയ്യാവൂർ ടൗണിൽ

പൈസക്കരി മേഖല പയ്യാവൂർ ടൗണിൽ നവംബർ 15ന് വൈകുന്നേരം 4 മണി മുതൽ 6 മണിവരെ സായാഹ്ന ധർണ്ണ നടത്തി. പൈസക്കരി ഫൊറോന വികാരി ഫാ. സിബി പാലാക്കുഴി ധർണ്ണ ഉദ്ഘാടനം ചെയ്തു. കർഷക പ്രക്ഷോഭസമിതി ചെയർമാൻ ഫാ. ഷിന്റോ ആലപ്പാട്ട് അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ ഫാ. ഡെന്നീസ് നെല്ലിത്താനത്ത്, ശ്രീ വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ എന്നിവർ നേതൃത്വം നല്കി.

## പേരാവൂർ മേഖലയുടെ നേതൃത്വത്തിൽ ഏകദിന ഉപവാസം, പേരാവൂർ ടൗണിൽ

പേരാവൂർ മേഖലയുടെ ആഭിമുഖ്യത്തിൽ നവംബർ 8-ാം തീയതി രാവിലെ 9.30 മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന ഉപവാസം അനുഷ്ഠിച്ചു. ശ്രീ ജോണി വടക്കേക്കര അധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉപവാസ സമരം ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. തോമസ് കൊച്ചുകരോട്ട് അനുഗ്രഹപ്രഭാഷണം നടത്തി മേഖലാ ഡയറക്ടർ ഫാ. ജോജോ പന്തമാക്കൽ, ശ്രീമതി റോസിലി കാരിക്കൊമ്പിൽ എന്നിവർ നേതൃത്വം നല്കി.

സ്നേഹാദരങ്ങളോടെ

**ഡയറക്ടർ**

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### 1. കാരിത്താസ് ഇന്ത്യ

കാരിത്താസ് ഇന്ത്യയുടെ ഡി ആർ ആർ മന്ത്‌ലി റിവ്യൂ മീറ്റിംഗ് താമരശ്ശേരിയിൽ വെച്ച് നടത്തപ്പെട്ടു. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡി ആർ ആർ പ്രൊജക്ട് കോർഡിനേറ്റർ ശ്രീ തോമസ് ജോൺ മീറ്റിംഗിൽ പങ്കെടുത്തു. കാരിത്താസ് ഇന്ത്യയുടെ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ നോർത്ത് ക്ലസ്റ്റർ റിസോഴ്സ് പേഴ്സണായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കോർഡിനേറ്റർ ശ്രീ തോമസ് ജോണിനെ തിരഞ്ഞെടുത്തു

### 2. നബാർഡ് ട്രെയിനിങ്

2019 നവംബർ 8 ന് നബാഡ്ന്റെ ഈ ശക്തി പ്രോജക്ടിന്റെ നേതൃത്വത്തിൽ എസ് എച് ജി ലീഡേഴ്സ് വേണ്ടിയുള്ള വരുമാന വർധനക സംരംഭങ്ങളെ ക്കുറിച്ചുള്ള ക്ലാസും ട്രെയിനിങ്ങും നടത്തി. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ആനിമേറ്റർസും 4 റീജിയണിൽ നിന്നുള്ള 4 എസ് ജി ലീഡേഴ്സും പരിപാടിയിൽ പങ്കെടുത്തു. കണ്ണൂർ എൻ എസ് എസ് താലൂക്ക് ഓഫീസിൽ വെച്ച് ആണ് പരിപാടി നടത്തിയത്.

### 3. ജൂബിലി ആഘോഷം നടത്തി

2019 നവംബർ 9 ന് പാണത്തൂർ ക്രെഡിറ്റ് യൂണിയൻ ഡയറക്ടർ ഫാ. ജോർജ് വള്ളിമല അച്ചന്റെ പൗരോഹിത്യ ജൂബിലിയും പാണത്തൂർ ക്രെഡിറ്റ് യൂണിറ്റ് സിൽവർ ജൂബിലി ആഘോഷവും നടത്തി. ടി എസ് എസ് എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പരിപാടിയിൽ മുഖ്യാഥിതി ആയിരുന്നു. തുടർന്ന് ജോർജ് വള്ളിമല അച്ചനെ ആദരിക്കുകയും അച്ചനും ടി എസ് എസ് എസ് പ്രവർത്തകർക്കും ആശംസകളും ഏകി.

### 4. രൂപതാതല ചർച്ച നടത്തി

2019 നവംബർ 7ന് മാനന്തവാടിയിൽ വെച്ച് മലബാർ മേഖലകളിലെ എല്ലാ രൂപതകളിൽ നിന്നും ഉള്ള അഭിവന്ദ്യ പിതാക്കന്മാരുടെ സമ്മേളനം നടന്നു. സാമൂഹിക സേവന പ്രവർത്തനങ്ങൾ കർഷകർക്ക് ഗുണകരമാകുന്ന വിധത്തിൽ എന്തൊക്കെ കാര്യങ്ങൾ ഒരുമിച്ച് ചെയ്യാൻ കഴിയുമെന്ന് സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെട്ടു. അന്ന് രൂപീകരിച്ച കമ്മിറ്റിയുടെ കോർഡിനേറ്ററായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ. ബെന്നി നിരപ്പേലിനെ തിരഞ്ഞെടുത്തു.

## 5. സോൺ മീറ്റിംഗ്

2019 നവംബർ 15 ന് മാനന്തവാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വച്ച് ടി എസ് എസ് എസ് മലബാർ സോൺ മീറ്റിംഗ് നടത്തപ്പെട്ടു. സോഷ്യൽ ഇൻഷ്യറ്റീവിനെ കുറിച്ചുള്ള ചർച്ചയായിരുന്നു മീറ്റിങ്ങിന്റെ പ്രധാന അജണ്ട.

## 6. പ്രൊജക്റ്റ് കോർഡിനേറ്റെസ് മീറ്റിംഗ് നടത്തി

2019 നവംബർ 11 മുതൽ 15 വരെ എറണാകുളം സേവ് എ ഫാമിലി ഇന്ത്യ റീജണൽ സെന്ററിൽ വെച്ച് പ്രൊജക്റ്റ് കോർഡിനേറ്റെസ് മീറ്റിംഗിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി സേവ് എ ഫാമിലി പ്രൊജക്റ്റ് കോഡിനേറ്റർ സി. ആഷാ ജോർജ് എം എം എം പങ്കെടുത്തു.

## 7. സിൽവർ ജൂബിലി ആഘോഷവും കുടുംബസംഗമവും നടത്തി

ഒരു വർഷം നീണ്ടുനിന്ന അരീക്കമല സെന്റ് മേരീസ് ക്രെഡിറ്റ് യൂണിയൻ സിൽവർ ജൂബിലി സമാപന ആഘോഷവും കുടുംബ സംഗമവും നടത്തി. ചെറിയരീക്കമല സെന്റ് ജോസഫ് പാരിഷ് ഹാളിൽ തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ അധ്യക്ഷതവഹിച്ചു. ഫാ. ബെന്നി നിരപ്പേൽ ആശംസകൾ നേർന്നു. ചടങ്ങിൽ ആദ്യകാല ഭാരവാഹികളെയും 25 വർഷം പൂർത്തിയാക്കിയ അംഗങ്ങളെയും ആദരിച്ചു വിവിധ കലാപരിപാടികളും അരങ്ങേറി.

## 8. 30-ാം വാർഷിക ആഘോഷവും കുടുംബസംഗമവും നടത്തി

പാലാവയൽ ക്രെഡിറ്റ് യൂണിയന്റെ മുപ്പതാം വാർഷിക ആഘോഷവും കുടുംബ സംഗമവും നടത്തി. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി പരിപാടി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ ഫാ. തോമസ് ചിറ്റിലപ്പള്ളി അധ്യക്ഷത വഹിച്ചു. വിവിധ കലാപരിപാടികളും അരങ്ങേറി.

## 9. കൂട്ടായ്മ നടത്തി

2019 നവംബർ 19 ന് കോതമംഗലത്ത് വെച്ച് രാവിലെ എല്ലാ രൂപതകളിലെയും അല്മായ നേതാക്കന്മാർക്കും ഉച്ചക്ക് ശേഷം എല്ലാ രൂപതകളിലെയും ഇടവക വൈദീകരുടെയും സുപ്പീരിയേഴ്സ്സിന്റെയും കൂട്ടായ്മ നടന്നു. യോഗത്തിന് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അതിസംബോധന ചെയ്തു. കൂടാതെ എസ് എച്ച് ജികളുടെയും ജെ എൽ ജികളുടെയും പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് നടത്തി.

## 10. കാരിത്താസ് ഇറ്റാലിനിയാ സമാപന സമ്മേളനത്തിൽ പങ്കെടുത്തു

2019 നവംബർ 20ന് കോട്ടയം കേരള സോഷ്യൽ സർവീസ് ഫോറത്തിൽ വെച്ച് കാരിത്താസ് ഇറ്റാലിനിയുടെ സമാപന സമ്മേളനത്തിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ

പങ്കെടുത്തു. പരിപാടിയിൽ പണിതീർത്ത 40 ഭവനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള പ്രൊജക്റ്റ് ഫാ. ബെന്നി നിരപ്പേൽ അവതരിപ്പിച്ചു

## 11. റിവ്യൂ മീറ്റിംഗ് നടത്തി

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മേഖലാതല റിവ്യൂ മീറ്റിംഗ് താഴെ പറയുന്ന തീയതികളിൽ നടന്നു.

- 14.11 ന് ചെറുപുഴ , വെള്ളരിക്കുണ്ട്, തോമാപുരം മേഖലകൾ
- 21.11 ന് പൈസക്കരി, നെല്ലിക്കാംപൊയിൽ മേഖലകൾ
- 22.11 ന് പേരാവൂർ, എടൂർ മേഖലകൾ
- 23.11 ന് ആലക്കോട്, മേരിഗിരി, ചെമ്പേരി മേഖലകൾ

എല്ലാ മേഖലകളിലും റിവ്യൂ മീറ്റിങ്ങിന് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു.

## 12. ബോധവൽക്കരണ ക്ലാസുകൾ നടത്തി

ക്യാൻസർ സുരക്ഷാ പോളിസിയുടെ ഭാഗമായി റീജിയനിലുള്ള യൂണിറ്റ് മെമ്പേഴ്സിന് ക്യാൻസറിനെ പറ്റിയുള്ള ബോധവൽക്കരണ ക്ലാസ് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ക്യാൻസർ പോളിസി കോഡിനേറ്റർ ശ്രീ ജോജോ ജോസ് നടത്തി. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള 11 റീജിയനിലും ക്ലാസ് സംഘടിപ്പിച്ചു. ക്യാൻസർ പോളിസിയിൽ ചേരുവാൻ എല്ലാവരും സഹകരിക്കണം എന്നും ഭാരവാഹികൾ അതിന് പ്രോത്സാഹിപ്പിക്കണം എന്നും ഓർമപ്പെടുത്തുന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

2019ൽ ബധിര സമൂഹത്തിനായി നടത്തപ്പെട്ട ലോഗോസ് ക്വിസ് മത്സരത്തിൽ ആലക്കോട് ബധിര കൂട്ടായ്മയിലെ അംഗങ്ങളും ഇരിട്ടി ചാവറ നിവാസ്, ജ്യോതിഭവൻ സ്കൂൾ ചായ്യോത്ത്, ഡോൺബോസ്കോ സ്കൂൾ കാരക്കുണ്ട് എന്നിവിടങ്ങളിലെ കുട്ടികളും പങ്കെടുത്തു. നവംബർ 23നു പി.ഒ.സി.യിൽ വച്ചു നടത്തപ്പെട്ട ബൈബിൾ ക്വിസിൽ നിമ്മി ഏലിയാസ്, തങ്കച്ചൻ പുത്തൻപറമ്പിൽ എന്നിവർ പങ്കെടുത്തു. ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലോഗോസ് പരീക്ഷയിൽ ആദ്യസ്ഥാനം കരസ്ഥമാക്കിയവർ.

| **സ്കൂൾ ലെവൽ** | **സീനിയർ വിഭാഗം** |
|---|---|
| 1. അൽഫോൻസ മനയ്ക്കൽ | 1. നിമ്മി ഏലിയാസ് |
| 2. എബിൻ | 2. തങ്കച്ചൻ പുത്തൻപറമ്പിൽ |
| 3. റിമി ജെയിംസ് | 3. ആന്റണി വെട്ടിക്കാട്ടിൽ |
| 4. ശ്രേയസ് മരിയ വിനോദ് | 4 രാജൻ |

| | |
|---|---|
| 01.12.2019 | ബധിര സംഗമം, തൃശ്ശൂർ |
| 08.12.2019 | ക്രിസ്തുമസ് ആഘോഷം, സെന്റ് പാട്രിക് ചർച്ച് ബാംഗ്ലൂർ |
| 14.12.2019 | ആൽഫ തിയോളജി ക്ലാസ്സ് - തൃശ്ശൂർ |
| 15.12.2019 | വി. കുർബാന, കുമ്പസാരം, ക്ലാസ്സ്, കരുണ സ്പീച്ച് ആന്റ് ഹിയറിംഗ് സ്കൂൾ, വയനാട് |
| 20-22.12.2019 | വിശ്വാസപരിശീലനവും ക്രിസ്തുമസ് ആഘോഷവും മദർ ഹോം, പരിയാരം |
| 30.12.2019 | പൂർവ്വ വിദ്യാർത്ഥി സംഗമം, ചാവറനിവാസ് സ്പെഷ്യൽ സ്കൂൾ ഇരിട്ടി |

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2019 ഡിസംബർ & 2020 ജനുവരി

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| **ഡിസംബർ** 1-6 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 15-20 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 26-31 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| **ജനുവരി** 3-5 | : | തപസ്സ് ധ്യാനം (10 am ആരംഭം) |
| 3-5 | : | പരിശുദ്ധാത്മാഭിഷേകധ്യാനം (10 am ആരംഭം) |
| 5-10 | : | ആന്തരീക- ശാരീരിക സൗഖ്യ ധ്യാനം |
| 11 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 19- 24 | : | ആന്തരീക- ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**

**ഫോൺ: 0490-2493491, 9745017131, 0490 2491941**

| | | |
|---|---|---|
| **ഡിസംബർ** 1-5 | : | ആന്തരിക സൗഖ്യ ധ്യാനം |
| 7 | : | ഏകദിനധ്യാനം |
| 13 | : | ജാഗരണപ്രാർത്ഥന |
| 14 | : | കുട്ടികളുടെ ഏകദിന ധ്യാനം |
| 15-19 | : | ആന്തരിക സൗഖ്യ ധ്യാനം |
| 21 | : | ഏകദിനധ്യാനം |
| 21-23 | : | തപസ്സ് ധ്യാനം (21 -ാം തിയ്യതി 4 pm മുതൽ 23-ാം തീയിയതി 9 am വരെ) |
| 28 | : | ഏകദിനധ്യാനം |
| 29- ജനു. 2 | : | കുടുംബനവീകരണ ധ്യാനം |
| **ജനുവരി** 4 | : | ഏകദിനധ്യാനം |
| 5-9 | : | ആന്തരിക സൗഖ്യ ധ്യാനം |
| 10 | : | ജാഗരണപ്രാർത്ഥന |
| 11 | : | ബഹു. ആർമണ്ടച്ചന്റെ അനുസ്മരണദിനം |
| 12-16 | : | പരിശുദ്ധാത്മാഭിഷേകധ്യാനം |
| 18 | : | ഏകദിനധ്യാനം |
| 19-23 | : | ആന്തരിക സൗഖ്യ ധ്യാനം |
| 25 | : | ഏകദിനധ്യാനം |

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

| | | |
|---|---|---|
| **ഡിസം.** 13-15 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| 27-29 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം |

(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**ജനുവരി** 10–12 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

24– 26 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**4. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**

**ഫോൺ :0460 2202613, 0460 2204556, 9447424076**

**ഡിസംബർ** 1–6 : ധ്യാനം (സിസ്റ്റേഴ്സിന്)
15–18 : ആന്തരികസൗഖ്യധ്യാനം
20–22 : കുടുംബദർശനധ്യാനം

**ജനുവരി** 12–15 : ആന്തരികസൗഖ്യധ്യാനം
17– 19 : കുടുംബദർശനധ്യാനം
23–26 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം- ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം

**5. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ – ചെറുപുഴ, ഫോൺ : 9526609050, 9447481643, 9496253756**

**ഡിസംബർ** 1–6 : ആന്തരീകസൗഖ്യധ്യാനം
15–20 : ആന്തരീകസൗഖ്യധ്യാനം
3, 10, 17, 24, 31 : ഏകദിനകൺവെൻഷൻ

**6. IMS ധ്യാന കേന്ദ്രം – കൂട്ടുപുഴ ഫോൺ: 9605907813, 9745292602**

**ഡിസംബർ** 5 : ജാഗരണപ്രാർത്ഥന
9–13 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
13-16 : വചനാഭിഷേകധ്യാനം
20–22 : മരിയൻ ധ്യാനം
29–31 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**ജനുവരി** 2 : ജാഗരണപ്രാർത്ഥന
6–10 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
10–13 : വചനാഭിഷേകധ്യാനം
17–19 : മരിയൻ ധ്യാനം
26–29 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**7. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460–2264451**

**നവംബർ** 01–05 : മരിയൻ ആന്തരീക സൗഖ്യധ്യാനം
7 : ഏകദിന കൺവൻഷൻ
13 : ജാഗരണപ്രാർത്ഥന
22–24 : ഏയ്ഞ്ചൽസ് ധ്യാനം
27–29 : പരിശുദ്ധാത്മാഭിഷേക ധ്യാനം

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഒക്ടോബർ 2019

26 ആലുവ എസ്.ഡി. കോൺഗ്രിഗേഷന്റെ ശാന്തിദാം മിഷൻഹൗസിൽ സി. ജാൻസി ജോസ് എസ്.ഡിയുടെ വ്രതവാഗ്ദാന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു സന്ദേശം നല്കി.

27 ചെമ്പന്തൊട്ടി സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന അസാധാരണ മിഷൻമാസത്തിന്റെ സമാപന ഘോഷത്തിൽ വി. ബലിയർപ്പിക്കുകയും തുടർന്ന് നടന്ന റാലിയിൽ പങ്കെടുക്കുകയും പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

28 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ദീപഗിരി ഇടവകയിൽ മണ്ഡപത്തിക്കുന്നേൽ ലൂക്കാ-മറിയക്കുട്ടി ദമ്പതികളുടെ എഴുപതാം വിവാഹ വാർഷികത്തിൽ വി. ബലിയർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ റീജൻസി ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി.

29 രാവിലെ സന്ദേശഭവനിൽ കോർപറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അവാർഡ് നേടിയ ഫാ. തോമസ് തൈത്തോട്ടത്തിലച്ചനെ ആദരിക്കുന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

30 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയവരോടൊപ്പം സമയം ചിലവഴിച്ചു.

### നവംബർ

01 ബിജ്നോർ രൂപതയുടെ പുതിയ മെത്രാനായ മാർ വിൻസെന്റ് നെല്ലായിപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക തിരുക്കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിച്ചു.

02 ഫരീദാബാദ് ബിഷപ്സ് ഹൗസ് സന്ദർശിച്ചു.

03 ഫരീദാബാദ് രൂപതയിലെ അസംപ്ഷൻ ഫൊറോന ദൈവാലയത്തിൽ നടന്ന കുട്ടികളുടെ ആഘോഷമായ ആദ്യകുർബ്ബാന സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

04 ഫരീദാബാദ് രൂപതയിലെ ഡൽഹി സൗത്ത് എക്സ്റ്റൻഷനിലുള്ള സെന്റ് മദർ തെരേസ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു.

05 ഫരീദാബാദ് രൂപതയിലെ ജനക്പുരി, സെന്റ് തോമസ് ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ സി.ബി.സി.ഐ. മീറ്റിങ്ങിൽ പങ്കെടുത്തു.

06 ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ നടന്ന സി.ബി. സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

07–8 മാനന്തവാടി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന മലബാർ മേഖലയിലെ മെത്രാന്മാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

09 ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ നടന്ന അതിരൂപത മതാധ്യാപക കൺവെൻഷൻ 'ഉണർവ് 2019' ൽ വി.ബലിയർപ്പിക്കുകയും പൊതുസമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. വൈകുന്നേരം ചരൾ ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി കിടപ്പുരോഗികളുടെ ഭവനം സന്ദർശിച്ചു.

10 ചരൾ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

11 പൊന്മല ഇടവകയിൽ പുതിയതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ പ്രധാനകവാടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ഇടവകയുടെ സുവർണ്ണജൂബിലി വർഷം ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് അരീക്കമല ഇടവകയിൽ നസ്രത്ത് സന്യാസിനി സമൂഹം പുതിയതായി നിർമ്മിക്കുന്ന സന്യാസഭവനത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. പത്തുമണിക്ക് അരീക്കമല ഇടവകയിൽ പുതിയിടത്ത് ബിപിൻ–പ്രീതി ദമ്പതികളുടെ മകൻ ഡെറിക് മാത്യു വിപിന് മാമ്മോദീസ നല്കി.

12 ചെമ്പേരി എഞ്ചിനിയറിങ് കോളേജിൽ നടന്ന അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്ത് പരിപാടികൾക്ക് നേതൃത്വം നല്കി.

13 രാവിലെ തലശ്ശേരി എം.എസ്.എം.ഐ. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് അതിരൂപത കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

14 രാവിലെ തലശ്ശേരി മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു.

15 പെരുവണ്ണാമൂഴി ശാലോമിൽ നടന്ന ശാലോം മിനിസ്ട്രിയുടെ 'ഇരുപതാമത്' വാർഷികാഘോഷത്തിൽ പങ്കെടുത്തു.

16 രാവിലെ കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന വ്രതവാഗ്ദാന സുവർണ്ണജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് കണ്ണൂർ കർഷക പ്രക്ഷോഭ സംഘാടക സമിതി

ഓഫീസിൽ നടന്ന അവലോകന യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ കർഷക പ്രക്ഷോഭത്തോടനുബന്ധിച്ച് നടന്ന ജനപ്രതിനിധികളുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

17 എണ്ണപ്പാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

18 പുളിങ്ങോം ഇടവകയിൽ ഈശോസഭാംഗമായ ഡീക്കൻ ജിനേഷ് ഞാമത്തോലിക്ക് തിരുപ്പട്ടം നല്കി. തുടർന്ന് ചൂരപ്പടവ് ഇടവകയിൽ വെള്ളിമൂഴിയിൽ ജിമ്മി-നീമ ദമ്പതികളുടെ നാലാമത്തെ കുട്ടി കരുണ ജിമ്മിക്ക് മാമ്മോദീസ നല്കി. ഉച്ചകഴിഞ്ഞ് മണ്ടളം ഇടവകയിൽ എം.എസ്.ജെ. കോൺവെന്റിൽ കോൺഗ്രിഗേഷന്റെ എഴുപതാമത് വാർഷികാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

19 കണ്ണൂർ ഹോളിഫാമിലി ദൈവാലയത്തിൽ നടന്ന എം.എസ്.എം.ഐ. സാൻജോസ് പ്രൊവിൻസിലെ നവസന്യാസിനികളുടെ സന്യാസ വസ്ത്രസ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് മണിക്കടവ് ഇടവകയിൽ ആനപ്പാറ ടൗണിൽ തിരുക്കുടുംബത്തിന്റെ നാമധേയത്തിലുള്ള കുരിശുപള്ളി പ്രതിഷ്ഠാകർമ്മം നിർവഹിച്ചു. വൈകുന്നേരം പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ പരേതയായ സി. ഡോയിൽ തേറാട്ടിലിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ധർമ്മടം ഹോളിഫാമിലി കോൺവെന്റിൽ വി. മറിയംത്രേസ്യാ അനുസ്മരണ കൃതജ്ഞതാ ബലിയർപ്പിച്ചു.

21 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരെയും സന്യസ്തരെയും സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കണ്ണൂർ കർഷകപ്രക്ഷോഭ സംഘാടക സമിതി ഓഫീസിൽ നടന്ന ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിന്റെ അവലോകനമീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരിയിൽ നടന്ന ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു.

22 രാവിലെ സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി വി. ബലിയർപ്പിച്ചു. തുടർന്ന് നടന്ന സെമിനാരി വിദ്യാർത്ഥികളുടെ പേരന്റ്സ് ഡേ ദിനാഘോഷത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് തൊക്കിലങ്ങാടിയിൽ തിരുഹൃദയ സന്യാസിനി സമൂഹം പുതിയതായി നിർമ്മിച്ച മാനസികാരോഗ്യകേന്ദ്രം 'സിംഹാൻസ്' വെഞ്ചരിക്കുകയും അവരുടെ ചാപ്പൽ കൂദാശകർമ്മം നിർവ്വഹിക്കുകയും ചെയ്തു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

❖❖❖

## Programme of the Archbishop
## MAR GEORGE NJARALAKATT

### DECEMBER 2019

| | | | |
|---|---|---|---|
| 01 | | - | Pastoral visit - Uruppumkutty |
| 02 | 10. 00am | - | Kannur - Fasting of priests |
| | 04.00 pm | - | Payyavoor |
| 03 | 10.00 am | - | SH Convent Blessing Iritty |
| 4-6 | | - | KCBC |
| 07 | | - | Koorachundu |
| 08 | | - | Pastoral visit - Vellariyanam |
| 9 | | - | Kannur - Malabar Karshaka Prakshobham |
| 10 | | - | Visitors' day |
| 11 | | - | Mananthavady |
| 12-13 | | - | Nilambur |
| 14 | | - | Mathruvedhi Election - Sandhesabhavan |
| 15 | | - | Pastoral visit - Ottathai |
| 16 | 10.00am | - | Sandhesabhavan - Charismatic Convention |
| | 3.00pm | - | Kacherikadavu |
| 17 | | - | Pariyaram |
| | 06.30 pm | - | School Anniversary Padannakad |
| 18 | | - | Visitors' day |
| 19 | 07.00 am | - | Puravayal |
| | 12.00 pm | - | Priests' & sisters' day |
| 20 | 08.00 am | - | Arinchermala |
| | 05.00 pm | - | Anniversary Sanjos School |
| 21 | 10.00 am | - | Jeevolsav -Sandhesabhavan |
| | 06.30 pm | - | Christmas Eve - Thalassery |

| | | | |
|---|---|---|---|
| 22 | | - | Pastoral visit - Karunapuram |
| 23 | | - | Karuvanchal |
| 25 | | - | Christmas - Cathedral |
| 26 | 09.00 am | - | Ordination - Kottody (TLY) |
| | 04.00 pm | - | Mulapra |
| | 06.30 pm | - | Jesus Youth Convention - Chemperi |
| 27 | 09.00 am | - | Ordination - Edoor |
| 28 | 10.00 am | - | Ordination- Chayyoth(TLY) |
| | 03.00 pm | - | Jubilee - Chempanthotty |
| 29 | | - | Ernakulam - Catechetical Commission |
| 31 | 09.00 am | - | Ordination - Thirumeni |
| | 05.00 pm | - | Nadavayal |

## JANUARY 2020

| | | | |
|---|---|---|---|
| 01 | 09.00 am | - | Ordination - Vanjode |
| 02 | 09.00 am | - | Ordination - Manippara |
| | 03.00 pm | - | Anniversary - Manjalampuram |
| 03 | | - | Velimanam |
| 04 | 09.00 am | - | Ordination - Mampoil |
| | 06.00 pm | - | Anniversary Deepika |
| 05 | | - | Golden Jubilee -Balesugiri |
| 06 | | - | Pariyaram |
| 07-15 | | - | Synod |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### 2019 ഒക്ടോബർ

24 രാവിലെ 9 മണിമുതൽ കുന്നോത്ത് മേജർ സെമിനാരിയിൽ ഡീക്കന്മാർക്ക് ക്ലാസ്സ് നയിച്ചു. വൈകുന്നേരം 4 മണിക്ക് വാണിയപ്പാറ ഇടവകയിൽ പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പൽ വെഞ്ചരിച്ചു.

25 രാവിലെ 10 മണി മുതൽ കാക്കനാട് നടന്ന സീറോമലബാർ മീഡിയ കമ്മീഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

26 രാവിലെ 10.30ന് എസ്.ടി സന്യാസിനി സമൂഹം കോതമംഗലം പ്രൊവിൻസിന്റെ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേർന്ന് വി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി.

27 ചെറുപാറ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

28–31 തിരുവനന്തപുരം ലാറ്റിൻ രൂപതയിലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം നയിച്ചു.

### 2019 നവംബർ

01 ഉച്ചകഴിഞ്ഞ് 2.30 ന് മഞ്ഞളാംപുറം സ്കൂൾ 70–ാം ആനിവേഴ്സറി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് 4 മണിക്ക് മഞ്ഞളാംപുറം ഇടവകയിൽ പുതുതായി നിർമ്മിച്ച പള്ളിമുറിയും ഓഡിറ്റോറിയവും വെഞ്ചരിച്ചു.

02 വൈകുന്നേരം 5 മണിക്ക് കള്ളാറിൽ വച്ച് നടന്ന പനത്തടി ഫൊറോന കർഷകപ്രക്ഷോഭപരിപാടികളിൽ അദ്ധ്യക്ഷഭാഷണം നയിച്ചു. രാത്രി 8 മണിക്ക് കാലിച്ചാനടുക്കം ഇടവകയിൽ വിശ്രമത്തിലായിരിക്കുന്ന ഫാ. ജോൺ വടക്കുംമൂലയെ സന്ദർശിച്ചു.

03 രാവിലെ 10 മണിക്ക് പ്രതീക്ഷ ഡി അഡിക്ഷൻ സെന്ററിന്റെ വാർഷിക ആഘോഷങ്ങൾ പൊന്ന്യത്ത് ഉദ്ഘാടനം ചെയ്തു.

04 രാവിലെ 11 മണിക്ക് നിർമ്മലഗിരികോളേജ് സ്റ്റാഫ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം 3 മണിക്ക് സന്ദേശഭവനിൽ കർഷക സമരം സ്റ്റീയറിംഗ് കമ്മറ്റി യോഗത്തിൽ പങ്കെടുത്തു.

05 രാവിലെ 7 മണിക്ക് ചെങ്ങോം ഇടവകയിൽ നിര്യാതനായ ഫിലിപ്പ് കാക്കരമറ്റത്തിന്റെ 7–ാം ചരമദിനത്തിൽ വി. കുർബാനയർപ്പിച്ചു. രാവിലെ 10 മണി മുതൽ അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

06 രാവിലെ 7 മണിക്ക് പെരുമ്പുന്ന ഇടവകയിൽ പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പൽ വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് മടപ്പുരയിൽ ഒ.എഫ്.എം ഫിലോസഫേറ്റ് സന്ദർശിച്ചു. വൈകുന്നേരം 5 മണിക്ക് വിളക്കന്നൂർ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

വൈകുന്നേരം 5 മണിക്ക് വിളക്കന്നൂർ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം 7 മണിക്ക് വായാട്ടുപറമ്പ് ഇടവകയിൽ നിര്യാതനായ മേവട ചാക്കോയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

07 രാവിലെ 6.15ന് സന്ദേശഭവനിൽ എം.പി.സി കോഴ്സിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് മാനന്തവാടിയിൽ നടന്ന NMKCBC യോഗത്തിൽ പങ്കെടുത്തു.

08 ഉച്ചയ്ക്ക് 1 മണിവരെ NMKCBC യോഗത്തിൽ സംബന്ധിച്ചു. വൈകുന്നേരം 5 മണിക്ക് ചെറുപുഴയിൽ നടന്ന കർഷകപ്രക്ഷോഭ സമ്മേളനത്തിൽ അദ്ധ്യക്ഷഭാഷണം നടത്തി.

09 രാവിലെ 10 മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജിൽ നടന്ന അതിരൂപതാ മതാദ്ധ്യാപകസംഗമത്തിൽ ആശംസയർപ്പിച്ചു. വൈകുന്നേരം 4 മണിക്ക് പയ്യാവൂരിൽ നടന്ന കർഷകപ്രക്ഷോഭ പരിപാടികളിൽ മുഖ്യപ്രഭാഷണം നടത്തി. വൈകുന്നേരം 6 മണിക്ക് പയ്യാവൂർ മേഴ്സി ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ഫാ. മാർട്ടിൻ കിഴക്കേത്തലയുടെ വത്സല പിതാവിനെ സന്ദർശിച്ചു. വൈകുന്നേരം 7 മണിക്ക് പുലിക്കുരുമ്പ ദൈവാലയത്തിൽ നടന്ന കെ.സി.വൈ.എം. റൂട്ട്സ് പ്രോഗ്രാമിൽ ആശംസയർപ്പിച്ചു. വൈകുന്നേരം 8 മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജിൽ അഡ്മിനിസ്ട്രേറ്റിവ് യോഗത്തിൽ പങ്കെടുത്തു.

10 ഉളിക്കൽ ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം 8 മണിക്ക് പുറവയൽ ഇടവകയിൽ നടന്ന കെ.സി.വൈ.എം. റൂട്ട്സ് പ്രോഗ്രാമിൽ പ്രഭാഷണം നടത്തി.

11 അരമയിൽ സന്ദർശകരെ സ്വീകരിച്ചു.

12 രാവിലെ 10 മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജിൽ നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

13 വൈകുന്നേരം 3 മണിക്ക് ആനപ്പന്തിയിൽ ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേലിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങളിൽ പങ്കുചേർന്ന് വചനസന്ദേശം നൽകി.

14 പടന്നക്കാട് റീജനൽ ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

15 രാവിലെ 10 മണിക്ക് ഇരിട്ടിയിൽ കർഷകപ്രക്ഷോഭപരിപാടികളുടെ ഭാഗമായി നടന്ന ഡി.എഫ്.ഒ മാർച്ചിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് 12.30ന് വെളിമാനം ഇടവകയിൽ നിര്യാതനായ ജോസഫ് കുളംകുത്തിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചക്ക് 1 മണിക്ക് എടൂർ സി.എം.സി കോൺവെന്റിൽ സന്യാസിനി അർത്ഥി കളുമായി സംവദിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് എടൂർ സ്കൂളിൽ വിവിധ മത്സര ങ്ങളിൽ ജേതാക്കൾക്കുള്ള സമ്മാനദാനം നടത്തി. വൈകുന്നേരം 5 മണിക്ക് ഇരിട്ടി അമല ഹോസ്പിറ്റലിൽ വിശ്രമത്തിലുള്ള മാണിക്കത്താഴെ ജോസ ഫച്ചനെ സന്ദർശിച്ചു.

16 രാവിലെ 9 മണിക്ക് മേലേചൊവ്വ ദൈവാലയത്തിൽ എഫ്.സി.സി. സന്യാ സിനീ സമൂഹത്തിന്റെ പ്രഥമ വ്രത വാഗ്ദാനകർമ്മങ്ങളിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് കണ്ണൂരിൽവച്ച് നടന്ന ഉത്തരമല ബാർ കർഷകപ്രക്ഷോഭം നേതൃയോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് അരമനയിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ MP, MLA മാരുടെ യോഗത്തിൽ പങ്കെടുത്തു. രാത്രി 9 മണിക്ക് എടൂർ ഇടവകയിൽ നിര്യാതനായ ശ്രീ. ബാബു കുടിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17 ഭീമനടി ഇടവകയിൽ അജപാലനസന്ദർശനം നടത്തി

18 രാവിലെ 10 മണിക്ക് സന്ദേശഭവനിൽ ടി.എസ്.എസ്.എസ്. ബോർഡ് മീറ്റിം ഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2 മണിക്ക് അരീക്കമലയിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ രജതജൂബിലി ആഘോഷങ്ങളിൽ ആശംസ യർപ്പിച്ചു. വൈകുന്നേരം 5 മണിക്ക് ചെമ്പേരിയിൽ നടന്ന കർഷകപ്രക്ഷോ ഭസമരപരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് 6.30ന് ചെമ്പേരി പള്ളിയിൽ BSF മീറ്റിംഗിൽ ക്ലാസ്സ് നയിച്ചു.

19 ഉച്ചയ്ക്ക് 12 മണിക്ക് രയറോം ഇടവകയിൽ എമ്മാ സൂസൺ തോമസ് കാരി ക്കാട്ടിലിന് മാമ്മോദീസാ നല്കി. തുടർന്ന് 2 മണിക്ക് കനകക്കുന്ന് ദൈവാ ലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

20 രാവിലെ 11 മണിക്ക് പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാ തയായ സി. ഡോയൽ തേരാട്ടിലിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം 4 മണിക്ക് അങ്ങാടിക്കടവ് നടന്ന കർഷകപ്രക്ഷോഭ പരിപാടികളിൽ മുഖ്യപ്രഭാഷണം നടത്തി.

21 ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് കണ്ണൂരിൽവച്ച് നടന്ന ഉത്തരമലബാർ കർഷപ്രക്ഷോഭ അവലോകന യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് തലശ്ശേരിയിൽവച്ച് നടന്ന സ്വാമിത്തനന്ദതീർത്ഥരുടെ ജീവചരി ത്രഗ്രന്ഥ പ്രകാശനത്തിൽ ആശംസാപ്രഭാഷണം നടത്തി. വൈകുന്നേരം 7.30 ന് തലശ്ശേരി മൈനർ സെമിനാരിയിൽ നടന്ന ഹോം ഡേ ആഘോഷ ങ്ങളിൽ പങ്കാളിയായി.

❖❖❖

# Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

## 2019 DECEMBER

| | | | |
|---|---|---|---|
| 01 | 10.00 am | - | Bishop's House |
| | 02.00 pm | - | Thokkilangady |
| | 04.00 pm | - | Payyavoor |
| 02 | 10.00 am | - | Kannur |
| | 05.00 pm | - | Kanichar |
| 03 | | - | Changanacherry |
| 04- 6 | | - | KCBC |
| 07 | | - | Idukki |
| 08 | | - | Engaged |
| 09 | 10.00 am | - | Kannur |
| 10 | 06.15 am | - | SH convent Thalassery |
| | 04.00 pm | - | Mother Home Pariyaram |
| 11 | | - | Mananthavady |
| 12- 13 | | - | Padannakkad |
| 13 | 05.00 pm | - | BSF Chemperl |
| 14 | 11.30 am | - | Sandeshbhavan |
| | 0 6.00 pm | - | Palavayal |
| 15- | | - | Palavayal pastoral visit |
| 16 | 04.00 pm | - | Rajapuram |
| 17- 18 | | - | Shalome TV shooting |
| 19 | 08.00 am | - | Thamarassery |
| 20 | 05.00 pm | - | Pooparamba |

| | | | |
|---|---|---|---|
| 21 | | - | Thalassery |
| 22 | | - | Manippara Pastoral visit |
| 24 | 10.00 pm | - | Mankkadavu |
| 25 | | - | Christmas |
| 26 | | - | Engaged |
| 27 | 09.00 am | - | Ordination Mariapuram |
| | 11.00 am | - | Panathur |
| | 12.00 pm | - | Vellarikundu |
| | 06.00 pm | - | Padannakkadu |
| 28 | 09 .00am | - | Ordination Padannakkad |
| | 03.00 pm | - | Chempanthotty |
| | 06.00 pm | - | Chemperi |
| 29 | 10.00 am | - | Anamanjal |
| | 03.00 pm | - | Bedoor |
| 30 | 09.00 am | - | Ordination Choorappadavu |
| 31 | 0 9.00 am | - | Ordination Kudiyanmala |
| | 02.00 pm | - | Ordination Vilakkannur |

**Secretary to the Auxiliary Bishop**

❖❖❖